# റബ്ബർ

നവംബർ 2024 • വാർഷികവരിസംഖ്യ ₹100

- ഷീറ്റുറബ്ബർ ഉണക്കാൻ സൗരോർജം
- റബ്ബർകർഷകരുടെ ഉത്പാദക കമ്പനി
- മൂലോത്തുംകുന്ന് റബ്ബറുത്പാദകസംഘം
- വിളവെടുപ്പിന്റെ ഉദാത്തമാതൃക
- റബ്ബർകൃഷി ധനസഹായപദ്ധതി



## റബ്ബറുത്പാദനത്തിൽ ജനിതകശേഷിയുടെ പ്രാധാന്യം


കപ്പുതൈകൾ സുരക്ഷിതമായി
എത്തിച്ചുതരുന്നതിന്
പ്രത്യേക വാഹന സംവിധാനമുള്ള
കപ്പുതൈ റബ്ബർ നഴ്സറി
അടുത്ത സീസണിലേക്ക്
വണ്ടർ റൂട്ട് തൈകളുടെ
ബുക്കിംഗ്
ആരംഭിച്ചിരിക്കുന്നു..!
CHEERAKUZHY
Wonder Root
ROOT TRAINER RUBBER PLANT
UNION MKD
ചീരക്കുഴി
CHEERAKUZHY
Karshakasree K C Kuraikose
CHEERAKUZHY RUBBER NURSERY &
RESEARCH CENTRE PVT. LTD.
Kottappuram P.O, Sreekrishnapuram, Palakkad-679 513
Ph: 08592900400, 9747500600
09447011047, 09447315306
Email: cheerakuzhy@gmail.com
www.cheerakuzhy.com

# ഉള്ളടക്കം


06 | റബ്ബറുത്പാദനത്തിൽ ജനിതകശേഷിയുടെ പ്രാധാന്യം

12 | ഷീറ്റുറബ്ബർ ഉണക്കാൻ സൗരോർജം

16 | റബ്ബർചെടിച്ചട്ടികളുമായി കർഷകരുടെ ഉത്പാദക കമ്പനി

20 | പ്രവർത്തനമികവുമായി മൂലോത്തുംകുന്ന് സംഘം

23 | പനംപുന്ന എസ്റ്റേറ്റ് - വിളവെടുപ്പിന്റെ ഉദാത്തമാതൃക

27 | റബ്ബർകൃഷിധനസഹായത്തിന് അപേക്ഷിക്കാം

32 | കോൾസെന്റർ

34 | കൃഷിപ്പണികൾ

36 | പരിശീലനങ്ങൾ

38 | ഗ്രാമകേരളം

40 | വിപണി

42 | തോട്ടത്തിലാശാൻ





702

# റബ്ബർ

നവംബർ 2024



**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 0481 2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ-മെയിൽ: ppr@rubberboard.org.in

facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622



എക്സിക്യൂട്ടീവ് ഡയറക്ടർ :
**എം. വസന്തഗേശൻ ഐ.ആർ.എസ്.**

എഡിറ്റർ :
**പി. പ്രസാദ്**

അസിസ്റ്റന്റ് എഡിറ്റർ :
**ബി. ശ്രീകുമാർ**
**കെ.കെ. ബെന്നി**



**വാർഷികവരിസംഖ്യ: 100 രൂപ**

**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം - 686 002 എന്ന വിലാസത്തിൽ അയയ്ക്കുക.



*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*

# വേനൽകാലത്ത് വിളവ് നഷ്ടപ്പെടുത്തരുത്

കാലാവസ്ഥയിൽ മാറ്റങ്ങൾ സാധാരണമായതോടെ വർഷം മുഴുവൻ ടാപ്പുചെയ്താലേ പരമാവധി ഉത്പാദനം നേടാൻ കഴിയൂ. അതിനാൽ മഴക്കാലത്തും വേനൽകാലത്തുമെല്ലാം അതതു സമയത്തെ കാലാവസ്ഥയ്ക്ക് യോജിച്ച വിളവെടുപ്പുരീതികൾ അവലംബിക്കേണ്ടതുണ്ട്. വേനൽകാലം റബ്ബർകർഷകരെ സംബന്ധിച്ച് ഏറെ പ്രധാനമാണ്. 'സി', 'ഡി' പാനലുകളിൽ ടാപ്പുചെയ്യുന്നവർ ഇപ്പോൾ നിയന്ത്രിതകമിഴ്ത്തിവെട്ടിലേക്ക് തിരിയുന്നത് ഉത്പാദനം മെച്ചപ്പെടാൻ സഹായിക്കും.

നിലവിൽ 'സി' പാനലുകളിൽ താഴോട്ട് ടാപ്പുചെയ്തുകൊണ്ടിരിക്കുന്ന മരങ്ങളിൽ വേനൽ കാലത്ത് 125 സെന്റീമീറ്ററിന് മുകളിലോട്ടുള്ള അസ്സൽപട്ടയിൽ നിയന്ത്രിതകമിഴ്ത്തിവെട്ട് രീതിയിൽ ടാപ്പുചെയ്ത് വിളവെടുക്കാം. ഈ രീതിയിൽ ടാപ്പുചെയ്യുമ്പോൾ വിളവ് മെച്ചപ്പെടുമെന്ന് മാത്രമല്ല, മരങ്ങളുടെ ആയുസ്സ് കൂടുകയും ചെയ്യും. വേനൽകാലത്ത് റെയിൻഗാർഡിങ് ഇല്ലാതെ ഈ ടാപ്പിങ്‌രീതി അവലംബിക്കാം എന്നത് കണക്കിലെടുത്താണ് നിയന്ത്രിതകമിഴ്ത്തിവെട്ടിനെക്കുറിച്ചുള്ള വിശദാംശങ്ങൾ ഈ ലക്കത്തിൽ ചേർത്തിട്ടുള്ളത്.

- എഡിറ്റർ



# റബ്ബർവിപണിയിലെ സുസ്ഥിരതയ്ക്കായി ഒരുമിച്ച് പ്രവർത്തിക്കണം

റബ്ബർവില എക്കാലത്തെയും ഉയർന്ന നിലയിൽ എത്തിയശേഷം പെട്ടെന്ന് കുറഞ്ഞത് റബ്ബർകർഷകരെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. വിലയിലെ ഏറ്റക്കുറച്ചിലുകൾ പതിവാണെങ്കിലും മെച്ചപ്പെട്ട വിളവ് ലഭിക്കുന്ന സമയത്ത് വില കുറയുന്നത് റബ്ബർകൃഷിയുടെ സുസ്ഥിരതയെ ബാധിക്കും. ഈ സാമ്പത്തികവർഷത്തെ ആദ്യമാസങ്ങളിൽ തുടർച്ചയായി റബ്ബർ ഇറക്കുമതി ചെയ്യപ്പെട്ടു. അത് ഫലത്തിൽ വിപണിയിൽ റബ്ബറിന്റെ ആവശ്യകത കുറയ്ക്കാനിടയായി. വില കുറയാൻ ഇതൊരു കാരണമായിട്ടുണ്ട്. ഉത്പാദനം കൂടുതലുള്ള സമയത്ത് നല്ല വില കിട്ടിയില്ലെങ്കിൽ വാർഷികാദായത്തിൽ കാര്യമായ കുറവ് ഉണ്ടാകും. ഇത് കർഷകരെ ടാപ്പിങ്ങിൽ നിന്ന് വിട്ടുനിൽക്കാൻ പ്രേരിപ്പിക്കും.

ഈ സാഹചര്യത്തെക്കുറിച്ച് റബ്ബർബോർഡ് ടയർക്കമ്പനികളുമായി ചർച്ച ചെയ്യുകയും വിപണിയിൽ സജീവമാകണമെന്നും തുടർച്ചയായി റബ്ബർ സംഭരിക്കണമെന്നും നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. ഉത്പന്നത്തിന്റെ വില തുടർച്ചയായി കുറഞ്ഞ നിലയിൽ തുടരുന്നത് റബ്ബർ പോലുള്ള ദീർഘകാലവിളകളുടെ നിലനിൽപ് തന്നെ അപകടത്തിലാക്കും. വിലയിലെ അസ്ഥിരത റബ്ബർമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആർക്കും നന്നല്ല. ഇക്കാര്യം റബ്ബർ ഉപഭോക്താക്കളും അംഗീകരിക്കുകയും റബ്ബർസംഭരണത്തിൽ സജീവമാകാമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിനിടയിലും റബ്ബർമേഖലയ്ക്ക് പ്രതീക്ഷ നൽകുന്നത് കഴിഞ്ഞ വർഷത്തെ സ്ഥിതിവിവരക്കണക്കുകളാണ്. ഉത്പാദനത്തിന്റെ കാര്യമെടുത്താൽ 2023-24-ൽ മുൻവർഷത്തെ അപേക്ഷിച്ച് 2.1 ശതമാനം വളർച്ചയുണ്ടായിട്ടുണ്ട്. അതായത് 8.39 ലക്ഷം ടണ്ണിൽ നിന്ന് 8.57 ലക്ഷം ടണ്ണിലേക്ക് റബ്ബറുത്പാദനം ഉയർന്നു. ഉപഭോഗത്തിലാകട്ടെ 4.9 ശതമാനം വളർച്ചയാണ് ഉണ്ടായിട്ടുള്ളത്. 2022-23-ൽ 13.5 ലക്ഷം ടണ്ണായിരുന്നു റബ്ബറിന്റെ ഉപഭോഗം. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അത് 14.61 ഹെക്ടർ ആയിരുന്നു. ഇപ്പോൾ തന്നെ ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം വളരെ വലുതാണ്. അതിനാൽ വരുംവർഷങ്ങളിൽ ഉത്പാദനം ഇനിയും വർദ്ധിപ്പിക്കേണ്ടതായി വരും. അതുകൊണ്ടു തന്നെ റബ്ബർകൃഷി ലാഭകരമായി തുടരേണ്ടതുമുണ്ട്.

യൂറോപ്യൻ യൂണിയന്റെ ഡീഫോറസ്റ്റേഷൻ റെഗുലേഷൻ നമ്മുടെ രാജ്യത്തെ റബ്ബർകർഷകർക്ക് ആത്യന്തികമായി പ്രയോജനം ചെയ്യുമെന്ന് കരുതാം. മറ്റു പല ഉത്പാദകരാജ്യങ്ങൾക്കും ഈ നിയമം ഒരു പ്രശ്നമായേക്കാം. അതുകൊണ്ട് സുസ്ഥിരമാർഗങ്ങളിലൂടെ ഉത്പാദിപ്പിക്കുന്ന റബ്ബറിന് കയറ്റുമതി സാധ്യത കൂടാനിടയുണ്ട്. വിലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ റബ്ബർബോർഡ് തുടർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ടാപ്പിങ്ങിൽ നിന്ന് വിട്ടുനിൽക്കാതെ വിളവെടുപ്പ് തുടരുകയും ഗുണമേന്മയുള്ള ഷീറ്റുറബ്ബറിന്റെ നിർമ്മാണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നത് നന്നായിരിക്കും.

എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്



റെജു എം.ജെ.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# റബ്ബറുത്പാദനത്തിൽ ജനിതകശേഷിയുടെ പ്രാധാന്യം

ആഗോളതലത്തിൽ വ്യാവസായികാവശ്യത്തിനുള്ള പ്രകൃതിദത്തറബ്ബർ ലഭ്യമാകുന്നത് *ഹീവിയ ബ്രസീലിയൻസിസ്* എന്ന ഒരൊറ്റ സ്പീഷീസിൽ നിന്നാണ്. കൂടുതൽ അളവിലും ഗുണമേന്മയിലും പ്രകൃതിദത്തറബ്ബർ ഹീവിയ റബ്ബറിൽ നിന്നും (Para rubber) ലഭിക്കുമെന്ന് മനസ്സിലാക്കിയതോടെ പനാമ റബ്ബർ *(Castilla elastica)*, സീറാ റബ്ബർ *(Manihot glaziovii)*, ആഫ്രിക്കൻ റബ്ബർ *(Funtumia elastica, Landolfia owariansis)*, ഇന്ത്യാ റബ്ബർ *(Ficus elastica)* തുടങ്ങി പ്രകൃതിദത്തറബ്ബർ ഉത്പാദിപ്പിക്കാൻ കഴിയുന്ന ഇതര ഇനങ്ങൾ പൂർണ്ണമായും ഒഴിവാക്കപ്പെട്ടു. അതുപോലെ ഹീവിയാ ജനുസിൽപെട്ട ഇതര സ്പീഷീസുകളും തഴയപ്പെട്ടു. അങ്ങനെ *ഹീവിയ ബ്രസീലിയൻസിസ്* എന്ന ഒരൊറ്റ സ്പീഷീസിലേക്ക് ആഗോള റബ്ബറുത്പാദനം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. പ്രകൃതിദത്തറബ്ബറുത്പാദനത്തിൽ ഈ സ്പീഷീസിന് ഇതര ഇനങ്ങളെക്കാൾ ഉള്ള ജനിതകമേന്മയാണ് ഇതിന് കാരണം.

ആമസോൺ കാടുകളിൽ ഒറ്റപ്പെട്ടും കൂട്ടങ്ങളായും നിന്നിരുന്ന ഹീവിയ റബ്ബർമരങ്ങളിൽ നിന്നും ലഭിച്ചിരുന്ന റബ്ബർകറ പിന്നീട് റബ്ബർതോട്ടങ്ങളിൽ (Plantation Rubber) നിന്നും വ്യാവസായികാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഒരു പ്രധാന ഉത്പന്നമായി മാറിയത് കഴിഞ്ഞ നൂറ്റാണ്ടിലെ ചരിത്രമാണ്.

റബ്ബർതോട്ടങ്ങളുടെ ആരംഭകാലത്ത് റബ്ബർവിത്തുകൾ മുളപ്പിച്ചുണ്ടാക്കിയ തോട്ടങ്ങളായിരുന്നു (Seedling plantations) എല്ലാം. ലഭ്യമായ ഏതു വിത്തും (unselected seeds) ഉപയോഗിച്ച് ഉണ്ടാക്കിയിരുന്ന ഈ തോട്ടങ്ങളിൽ നിന്നുള്ള ഉത്പാദനം ഒരു ഹെക്ടറിൽ ഏകദേശം കാൽ ടൺ മാത്രമായിരുന്നു.

കാലാവസ്ഥയും മറ്റു ഘടകങ്ങളും അനുകൂലമായിരിക്കുമ്പോഴും ഈ തോട്ടങ്ങളിൽ ഉത്പാദനം വളരെ കുറവായിരുന്നു. എന്നാൽ, ഇങ്ങനെയുള്ള തോട്ടങ്ങളിലെ ഉയർന്ന ഉത്പാദനം നൽകുന്ന മരങ്ങളിൽ നിന്ന് മാത്രം ശേഖരിച്ച വിത്തുകൾ (Selected seeds) പാകി മുളപ്പിച്ചുണ്ടാക്കിയ റബ്ബർതോട്ടങ്ങളിൽ ഉത്പാദനം ഏകദേശം അര ടണ്ണായി വർദ്ധിക്കാൻ ഇടയായി. എന്നിരുന്നാലും റബ്ബറിന്റെ വ്യാവസായികാവശ്യത്തിൽ വന്ന വൻവർധന റബ്ബറുത്പാദനം വീണ്ടും മെച്ചപ്പെടുത്തേണ്ടതായ സാഹചര്യം ഒരുക്കി. പ്രധാനമായും കൂടുതൽ സ്ഥലങ്ങളിലേക്ക് റബ്ബർകൃഷി വ്യാപിപ്പിച്ചുകൊണ്ടാണ് ഇതിനുള്ള ശ്രമങ്ങൾ നടന്നത്. പരമ്പരാഗതമായി ഭൂമധ്യരേഖയിൽ നിന്നും പത്ത് ഡിഗ്രി വീതം വടക്കോട്ടും തെക്കോട്ടും വരുന്ന സ്ഥലങ്ങളാണ്



*റബ്ബർതൈകളിൽ ബഡ്ഡുചെയ്യുന്നു*

റബ്ബർകൃഷിക്ക് യോജിച്ചത്. എന്നാൽ, റബ്ബറിന്റെ വർധിച്ചു വരുന്ന ഉപഭോഗം ഈ പരമ്പരാഗതമേഖലകളിൽ നിന്നും മറ്റു മേഖലകളിലേക്ക് റബ്ബർകൃഷി വ്യാപിക്കാൻ കാരണമായി.

റബ്ബർതോട്ടങ്ങളുടെ വിസ്തൃതി വർദ്ധിച്ചതോടൊപ്പം തന്നെ കൂടുതൽ ഉത്പാദനക്ഷമതയുള്ള റബ്ബറിനങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള ശ്രമങ്ങളും ഊർജ്ജിതമയി നടന്നിരുന്നു. ഈ നിലയിൽ ധാരാളം പരിശ്രമങ്ങൾ റബ്ബർ ഗവേഷണത്തിന്റെ ആദ്യനാളുകളിൽ ശ്രീലങ്ക, മലേഷ്യ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നടന്നിരുന്നു.

റബ്ബറുത്പാദനത്തിന്റെ നാൾവഴികളിലെ ഏറ്റവും പ്രധാനപ്പെട്ട നാഴികക്കല്ല് എന്നു പറയാവുന്നത് ഉയർന്ന ഉത്പാദനശേഷിയുള്ള മരങ്ങളിൽ (Seedling mother trees) നിന്ന് അതേ മരത്തിന്റെ ഉത്പാദനക്ഷമത നില നിർത്തിക്കൊണ്ടുള്ള തോട്ടങ്ങൾ ബഡ്ഡിങ്ങിലൂടെ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞു എന്നുള്ളതാണ്. ഇങ്ങനെ വളർത്തിയെടുത്ത റബ്ബർതോട്ടങ്ങളുടെ ഉത്പാദനക്ഷമത അര ടണ്ണിൽ നിന്നും ഒരു ടണ്ണിനും അതിന് മുകളിലേക്കും ഉയർന്നു. ഇപ്രകാരം മാതൃവൃക്ഷങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ ഇനങ്ങൾ പ്രാഥമിക റബ്ബറിനങ്ങൾ (Primary clones/Ortet clones) എന്ന് അറിയപ്പെടുന്നു. ഇങ്ങനെ നിലവിൽ വന്ന പ്രധാനപ്പെട്ട ചില പ്രാഥമിക ഇനങ്ങളാണ് ജിറ്റി 1, പിബി 86, പിബി 28/59, റ്റിജെഐആർ 1, പിആർ 107, ജിഎൽ 1, പിബി 5/51, ആർആർഐഐ 5 തുടങ്ങിയവ. പരമ്പരാഗതമേഖലകളിൽ ഈ ഇനങ്ങൾ എസ്റ്റേറ്റ് തലത്തിൽ ദീർഘകാലാടിസ്ഥാനത്തിൽ ഹെക്ടറിന് 1000 മുതൽ 1700 വരെ കിലോഗ്രാം ഉത്പാദനം നൽകിയവയാണ്.

തുടർന്നുള്ള ഗവേഷണങ്ങളിൽ പ്രാഥമികയിനങ്ങളെ മാതൃ-പിതൃവൃക്ഷങ്ങളായി ഉപയോഗിച്ചുകൊണ്ടുള്ള പരാഗണപ്രക്രിയകൾ മലേഷ്യ പോലുള്ള രാജ്യങ്ങളിൽ തുടങ്ങുകയുണ്ടായി. ഇപ്രകാരം പ്രാഥമികയിനങ്ങൾ ഉപയോഗിച്ചുകൊണ്ട് വികസിപ്പിച്ചെടുക്കുന്ന ഇനങ്ങൾ ദ്വിദീയ ഇനങ്ങൾ (Secondary clones) എന്നറിയപ്പെടുന്നു. മലേഷ്യയിൽ നിന്നും ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യപ്പെട്ട ആർആർഐഎം 500, ആർആർഐഎം 600, ആർആർഐഎം 700 സീരീസ് ഇനങ്ങൾ എല്ലാം ദ്വിദീയ ഇനങ്ങളാണ്. ഇതിൽ ആർആർഐഎം 600 എന്ന ഇനം ഉത്പാദനക്ഷമത കൂടിയതും വിവിധ കാലാവസ്ഥകളിൽ നന്നായി വളരുകയും ചെയ്തിരുന്നതിനാൽ ഇന്ത്യയിൽ വ്യാപകമായി കൃഷിചെയ്യപ്പെടാൻ തുടങ്ങി.

1954-ൽ നടന്ന പരാഗണപ്രക്രിയയിലൂടെ (Hybridization) വികസിപ്പിച്ചെടുത്ത് 1980 മുതൽ കൃഷിചെയ്തു വരുന്ന ആർആർഐഐ 105 എന്ന ഇനം ഇന്ത്യൻ റബ്ബറുത്പാദനമേഖലയിൽ വിപ്ലവാത്മകമായ മാറ്റമാണ് വരുത്തിയത്. വാർഷികമായി മരമൊന്നിന് 6 മുതൽ 7 വരെ കിലോഗ്രാം ഉദ്പാദനശേഷിയുള്ള ഇനമാണ് ആർആർഐഐ 105. 1982-ൽ നടന്ന പരാഗണപ്രക്രിയയിലൂടെ വികസിപ്പിച്ചെടുത്ത് 2005-ലും 2009-ലും ആയി പരമ്പരാഗതമേഖലയിലെ കൃഷിക്കായി ലഭ്യമാക്കിയ ആർആർഐഐ 414, ആർആർഐഐ 430, ആർആർഐഐ 417, ആർആർഐഐ 422 തുടങ്ങിയ ഇനങ്ങളും 2020-ൽ വടക്കുകിഴക്കൻ മേഖലയ്ക്കായി ശുപാർശ ചെയ്തിട്ടുള്ള ആർആർഐഐ 429 എന്ന ഇനവും മരമൊന്നിന് 7 മുതൽ 8 വരെ കിലോഗ്രാം വാർഷിക ഉത്പാദനശേഷിയുള്ള ഇനങ്ങളാണ്.

ഇന്ത്യയിൽ വർദ്ധിച്ചുവരുന്ന റബ്ബറിന്റെ ഉപഭോഗവും റബ്ബറുത്പാദനവും തമ്മിലുള്ള അന്തരം റബ്ബറുത്പാദനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് ആക്കം കൂട്ടിയിരിക്കുന്നു. ഇതിന്റെ ഭാഗമായി ഇതര റബ്ബറുത്പാദകരാജ്യങ്ങളിൽ നിന്നും 2017 വരെ നടത്തിയ 'ക്ലോൺ' ഇറക്കുമതിയിലൂടെ 13 രാജ്യങ്ങളിൽ നിന്നായി 168 ഇനങ്ങൾ ഇതുവരെ ഇറക്കുമതി ചെയ്യപ്പെട്ടിട്ടുണ്ട്. 'ക്ലോൺ കൈമാറ്റ' പ്രക്രിയയിലൂടെ ഇറക്കുമതി ചെയ്ത ഇനങ്ങളിൽ 2024-ൽ എത്തിനിൽക്കുമ്പോൾ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്കുള്ള ശുപാർശയിൽ (Clone recommendation) മാത്രമാണ് ഇറക്കുമതി ചെയ്ത ഒരു ഇനം ഒന്നാം വിഭാഗത്തിൽ ഇടം പിടിച്ചിരിക്കുന്നത് (ആർആർഐഎം 600). പരമ്പരാഗതമേഖലയിൽ നിലവിൽ ഇറക്കുമതി ചെയ്യപ്പെട്ട ഇനങ്ങളിൽ ഒന്നുപോലും ഒന്നാം വിഭാഗത്തിൽ ശുപാർശ ചെയ്യപ്പെട്ടിട്ടില്ല. എന്നിരുന്നാലും ഇറക്കുമതി ചെയ്യപ്പെട്ട ഇനങ്ങളുടെ പ്രസക്തി വലുതാണ്. ഇറക്കുമതി ചെയ്യപ്പെട്ട പ്രാഥമിക ഇനങ്ങളായ റ്റിജെ



*റബ്ബറിൽ കൃത്രിമ പരാഗണം നടത്തുന്നു*

ഐആർ 1, ജിഎൽ 1 എന്നിവയുടെ സങ്കരമാണ് ഉയർന്ന ഉത്പാദനശേഷിയുള്ള ആർആർഐഐ 105 എന്ന ഇനം.

ആർആർഐഐ 105-ന് ശേഷം ആർആർഐഐ 200 സീരീസിൽ നിന്നും ആർആർഐഐ 203, ആർആർഐഐ 208 എന്ന രണ്ട് ഇനങ്ങൾ മാത്രമാണ് നിലവിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വേണ്ടിയുള്ള പ്രത്യേക ശുപാർശയിൽ ഇടം പിടിച്ചിരിക്കുന്ന ഇനങ്ങൾ. ഇതിൽ ആർആർഐഐ 203 മലേഷ്യയിൽ നിന്നും ഇറക്കുമതി ചെയ്യപ്പെട്ട പിബി 86 എന്ന പ്രാഥമികയിനത്തിന്റെയും ശ്രീലങ്കയിൽ നിന്ന് ഇറക്കുമതി ചെയ്യപ്പെട്ട എംഐഎൽ 3/2 എന്ന പ്രാഥമികയിനത്തിന്റെയും സങ്കരയിനമാണ്. ആർആർഐഐ 208 ആകട്ടെ എംഐഎൽ 3/2ന്റെയും ഇന്തോനേഷ്യൻ ഇനമായ എവിആർഒഎസ് 255-ന്റെയും സങ്കരയിനമാണ്. അതുപോലെതന്നെ ഉത്പാദനത്തിലും വളർച്ചയിലും രാജ്യത്തിന്റെ വിവിധ മേഖലകളിൽ മുന്നിട്ടുനിൽക്കുന്ന ആർആർഐഐ 414, ആർആർഐഐ 417, ആർആർഐഐ 422, ആർആർഐഐ 429, ആർആർഐഐ 430 എന്നീ ഇനങ്ങൾ ആർആർഐഐ 105-ന്റെയും ശ്രീലങ്കയിൽ നിന്നും 1972-ൽ ഇറക്കുമതി ചെയ്യപ്പെട്ട ആർആർഐസി 100 എന്ന ഇനത്തിന്റെയും സങ്കരയിനങ്ങളാണ്. ആർആർഐഐ 300 സീരീസിൽപെട്ട ഇനങ്ങൾ വിവിധ കാരണങ്ങളാൽ ശുപാർശയിൽ ഉൾപ്പെട്ടിട്ടില്ല. റബ്ബറുത്പാദനമേഖലയിൽ ഇനങ്ങൾ ഇറക്കുമതി (Introduction) ചെയ്യപ്പെടേണ്ടതിന്റെ പ്രാധാന്യം ഇതിൽ നിന്നും വ്യക്തമാണല്ലോ.

ഇന്ത്യയിൽ ഇതിനകം വികസിപ്പിച്ചെടുത്ത ഇനങ്ങളും ഇറക്കുമതി ചെയ്യപ്പെട്ട ഇനങ്ങളും ഉൾപ്പെടെ നിലവിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ശുപാർശ ചെയ്യപ്പെട്ടിരിക്കുന്ന ഇനങ്ങൾ പത്ത് എണ്ണം മാത്രമാണ് (പട്ടിക 1 കാണുക). മറ്റൊരു തരത്തിൽ പറഞ്ഞാൽ ഇന്ത്യൻ റബ്ബറുത്പാദനം പ്രധാനമായും പത്ത് ഇനങ്ങളുടെ ഉത്പാദനക്ഷമതയിൽ അധിഷ്ഠിതമാണ്.

നിലവിൽ ഈ പത്ത് ഇനങ്ങളും അതതു പ്രദേശങ്ങളിൽ ഉയർന്ന ഉത്പാദനം നൽകുന്നവയാണ്. ഇവയിൽ രാജ്യത്തിൽ ഏറ്റവും കൂടുതൽ സ്ഥലങ്ങളിലേക്ക് ശുപാർശ ചെയ്യപ്പെട്ടിരിക്കുന്ന ഇനം ആർആർഐഐ 430 ആണ്. ആർആർഐഐ 417 ആണ് തൊട്ടുപിന്നിൽ. ആർആർഐഐ 429 ആകട്ടെ വടക്കുകിഴക്കൻ മേഖലയിലെ എല്ലാ സംസ്ഥാനങ്ങളും ഉൾപ്പെടെ രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിലേക്ക് ശുപാർശ ചെയ്യപ്പെട്ടിരിക്കുന്ന ഇനമാണ്.

റബ്ബറുത്പാദനക്ഷമത ആദ്യകാലങ്ങളിലെ നാടൻ മരങ്ങൾ (Seedling plantations) കൃഷി ചെയ്തിരുന്ന തോട്ടങ്ങളിൽ നിന്ന് ലഭിച്ചിരുന്ന കാൽ ടണ്ണിൽ നിന്നും ഏറ്റവും നൂതനമായ ഇനങ്ങൾ കൃഷി ചെയ്തപ്പോൾ ഏകദേശം നാല് ടണ്ണിലേക്ക് വർദ്ധിച്ചെങ്കിലും ഹെക്ടർ പ്രതി റബ്ബറുത്പാദനത്തിന്റെ തോത് കുറവാണ്. അതിനാൽ റബ്ബറിനങ്ങളുടെ ഉത്പാദനക്ഷമതയും രാജ്യത്ത് ഹെക്ടർപ്രതി ലഭിക്കുന്ന ഉത്പാദനവും രണ്ടായി കാണേണ്ടതാണ്. നിലവിൽ ഇന്ത്യയിലെ ശരാശരി റബ്ബറുത്പാദനം ഒരു ഹെക്ടറിൽ നിന്നും ഒരു വർഷം (2022-23) 1482 കിലോഗ്രാം ഉണക്കറബ്ബറാണ്. ഈ ഉത്പാദനം ഇന്ത്യയിലെ വിവിധ മേഖലകളിൽ വിവിധ ഇനങ്ങളിൽ നിന്നും വിവിധ പ്രായങ്ങളിലുള്ള മരങ്ങളിൽ നിന്നും വിവിധ കൃഷിപരിപാലനരീതികളിൽ വളർത്തപ്പെട്ട തോട്ടങ്ങളിൽ നിന്നും ലഭിച്ച ശരാശരി ഉത്പാദനമാണ്. ഇങ്ങനെ വ്യത്യസ്തമായ സാഹചര്യങ്ങളിൽ മേൽപറഞ്ഞ ഉത്പാദനം ലഭിക്കുന്നതിന് നാനൂറ് മരങ്ങളുള്ള തോട്ടത്തിൽ ഒരു വർഷം 104 ടാപ്പിങ്ദിനങ്ങൾ എന്ന കണക്കിൽ (S2 d3 6d /7) ഒരു മരത്തിൽ നിന്നും ഒരു വർഷം കേവലം 3.7 കിലോഗ്രാം ഉണക്കറബ്ബർ ലഭിച്ചാൽ മതിയാകും.

**പട്ടിക 1**

| ക്രമ നമ്പർ | ഇനം | ശുപാർശ ചെയ്യപ്പെട്ടിരിക്കുന്ന പ്രദേശങ്ങൾ |
|---|---|---|
| 1 | ആർആർഐഐ 430 | കന്യാകുമാരി, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ്, ദക്ഷിണ കന്നട, ഗോവ, മഹാരാഷ്ട്ര, ഒഡീഷ |
| 2 | ആർആർഐഐ 417 | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ്, വയനാട്, ഇടുക്കി, കുളത്തൂപ്പുഴ, വിതുര |
| 3 | ആർആർഐഐ 429 | ത്രിപുര, അസം, നോർത്തേൺ വെസ്റ്റ് ബംഗാൾ, മേഘാലയ, മിസോറാം, നാഗാലാൻഡ്, മഹാരാഷ്ട്ര, ഒഡീഷ, തൃശ്ശൂർ, പാലക്കാട്, വയനാട്, ഇടുക്കി, കുളത്തൂപ്പുഴ, വിതുര, കന്യാകുമാരി |
| 4 | ആർആർഐഐ 208 | ത്രിപുര, അസം, നോർത്തേൺ വെസ്റ്റ് ബംഗാൾ, മേഘാലയ, മിസോറാം, നാഗാലാൻഡ്, മഹാരാഷ്ട്ര, ഒഡീഷ |
| 5 | ആർആർഐഎം 600 | ത്രിപുര, അസം, നോർത്തേൺ വെസ്റ്റ് ബംഗാൾ, മേഘാലയ, മിസോറാം, നാഗാലാൻഡ്, മഹാരാഷ്ട്ര, ഒഡീഷ |
| 6 | ആർആർഐഐ 414 | കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, ഗോവ, ദക്ഷിണ കന്നട |
| 7 | ആർആർഐഐ 422 | കൊല്ലം, തിരുവനന്തപുരം, വയനാട്, ഇടുക്കി, കുളത്തൂപ്പുഴ, വിതുര |
| 8 | ആർആർഐഐ 105 | കന്യാകുമാരി, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് |
| 9 | ആർആർഐഐ 203 | ഗോവ, ദക്ഷിണ കന്നട |
| 10 | ജിറ്റി 1 | ഗോവ, ദക്ഷിണ കന്നട |





നിലവിലുള്ള പത്ത് ഇനങ്ങളും ദീർഘകാലാടിസ്ഥാനത്തിൽ പരീക്ഷണത്തോട്ടങ്ങളിൽ നാല് കിലോഗ്രാമിന് മുകളിൽ ഉത്പാദനം തരുന്നവയാണ്. പരമ്പരാഗതമേഖലയിലെ ഉത്പാദനക്ഷമതയിൽ നിന്നും ഏകദേശം 20 ശതമാനം കുറവ് വടക്കുകിഴക്കൻ മേഖലയിൽ കണ്ടുവരുന്നു. എന്നിരുന്നാലും ഒരു മരത്തിൽ നിന്നുള്ള വാർഷികോത്പാദനം നാല് കിലോഗ്രാമിന് മുകളിൽ തരാൻ തക്ക ഉത്പാദനക്ഷമതയുള്ള ഇനങ്ങളാണ് ഇവ. അതായത് ഹെക്ടർപ്രതി രണ്ടായിരം കിലോഗ്രാമോളം ഉത്പാദനം തരാൻ ഇവയ്ക്ക് കഴിയും. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഇന്ത്യയിലെ റബ്ബറുത്പാദനം ഹെക്ടർപ്രതി രണ്ടായിരം കിലോഗ്രാമിന് മുകളിൽ എത്തിക്കാനാവശ്യമായ ജനിതകശേഷിയുള്ള ഇനങ്ങൾ ഇതിനകം തന്നെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അതായത് നിലവിൽ ദേശീയ ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം വലിയൊരളവിൽ കുറയ്ക്കുന്നതിനാവശ്യമായ ജനിതക സ്രോതസ് രാജ്യത്ത് ഇന്ന് ലഭ്യമാണ്.

എന്നിരുന്നാലും പ്രാവർത്തികതലത്തിൽ ദേശീയ ഉത്പാദനത്തിന്റെ നിരക്ക് വർദ്ധിപ്പിക്കാൻ സഹായകമായ ചില അടിസ്ഥാനഘടകങ്ങൾ ഇവിടെ പരിഗണിക്കേണ്ടതാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് റബ്ബറിനങ്ങളുടെ ജനിതകശേഷിതന്നെയാണ്. ഉയർന്ന ഉത്പാദനശേഷിയുള്ള ഓരോ ഇനവും വളരെ വർഷങ്ങളിലെ നിരന്തരമായ ഗവേഷണഫലമായി വികസിപ്പിച്ചെടുത്തിട്ടുള്ളവയാണ്. പരമാവധി ഉത്പാദനവർദ്ധന നേടുന്നതിനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങൾക്കായി റബ്ബർഗവേഷണകേന്ദ്രം വികസിപ്പിച്ചെടുത്തിരിക്കുന്ന ഇനങ്ങൾ അതതു സ്ഥലങ്ങളിലെ കർഷകർ പ്രയോജനപ്പെടുത്തേണ്ടതാണ്. ദീർഘകാലാടിസ്ഥാനത്തിൽ കാലാവസ്ഥയും ഭൂപ്രകൃതിയും രോഗപ്രതിരോധശേഷിയും കണക്കിലെടുത്തിട്ടാണ് പ്രാദേശികമായ ഇനങ്ങളുടെ ശുപാർശയിൽ എത്തിച്ചേർന്നിരിക്കുന്നത്.

കൃഷിചെയ്തിരിക്കുന്ന ഇനങ്ങൾ ജനിതകപരമായി മുന്തിയ ഇനങ്ങളാണെങ്കിലും നിലവിൽ അവലംബിച്ചുപോരുന്ന ടാപ്പിങ്സമ്പ്രദായത്തിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന അത്രയും ടാപ്പിങ്ദിനങ്ങൾ വിവിധ കാരണങ്ങളാൽ ലഭ്യമാകാതിരുന്നാൽ അത് ഉത്പാദനത്തെ സാരമായി ബാധിക്കുന്നു. ആയതിനാൽ നിർദേശിക്കപ്പെട്ടിരിക്കുന്ന അത്രയും ടാപ്പിങ്ദിനങ്ങൾ ഒരു തോട്ടത്തിൽ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വിവിധ ടാപ്പിങ്സമ്പ്രദായങ്ങളിൽ നിർദേശിക്കപ്പെട്ടിട്ടുള്ള ടാപ്പിങ്ദിനങ്ങൾ പട്ടിക 2-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2**

| ടാപ്പിങ് സമ്പ്രദായം | ടാപ്പിങ് ഇടവേള | ഒരു വർഷത്തിൽ ലഭിക്കേണ്ട ടാപ്പിങ്ദിനങ്ങൾ |
|---|---|---|
| S2 d3 6d/7 | 3 ദിവസത്തിൽ ഒരിക്കൽ | 121 |
| S2 d3 7d/7 | 3 ദിവസത്തിൽ ഒരിക്കൽ | 104 |
| S2 d4 6d/7 | 4 ദിവസത്തിൽ ഒരിക്കൽ | 91 |
| S2 d4 7d/7 | 4 ദിവസത്തിൽ ഒരിക്കൽ | 78 |
| S2 d6 6d/7 (ആഴ്ചയിലൊരിക്കൽ) | 6 ദിവസത്തിൽ ഒരിക്കൽ | 52 |
| S2 d6 7d/7 | 6 ദിവസത്തിൽ ഒരിക്കൽ | 60 |

ഉത്പാദനം കുറയാൻ മറ്റൊരു കാരണം ക്രമാനുസൃതമല്ലാത്ത ടാപ്പിങ്രീതികൾ ആണ്. ഒരു റബ്ബർമരത്തെ ക്രമമായ ടാപ്പിങ്ങിലൂടെ സ്ഥായിയായ ഉത്പാദനം തരുന്ന മരമായി മെരുക്കിയെടുക്കേണ്ടതാണ് (Taming the tree). ഇതിൽ വരുന്ന വീഴ്ച റബ്ബറുത്പാദനത്തെ ഗണ്യമായി ബാധിക്കുന്നു. ഈ കാരണങ്ങളാൽ റബ്ബറിനങ്ങളുടെ പരീക്ഷണത്തോട്ടങ്ങളിലെ ഉത്പാദനക്ഷമത കർഷകരുടെ തോട്ടങ്ങളിൽ ലഭിക്കാതെ വരികയും അത് ദേശീയ ശരാശരി റബ്ബറുത്പാദനത്തെ ബാധിക്കുകയും ചെയ്യുന്നു.

റബ്ബറുത്പാദനം വർദ്ധിപ്പിക്കാൻ ജനിതകശേഖരം മാത്രമല്ല കാലവസ്ഥയ്ക്കനുസൃതമായ കൃഷിപരിപാലനരീതികളും ടാപ്പിങ്സമ്പ്രദായങ്ങളും നിലവിൽ ലഭ്യമാണ്. ഇവ കർഷകരിലേക്കെത്തിച്ച് ദേശീയ റബ്ബറുത്പാദനം വർധിപ്പിക്കുക വഴി ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം ഗണ്യമായി കുറയ്ക്കാവുന്നതുമാണ്.

കാലാവസ്ഥയിലെ മാറ്റങ്ങളും ഉത്പാദനം ഉയർത്തേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് ആർആർഐഐ 400 പരമ്പര ഇനങ്ങളെക്കാൾ മെച്ചപ്പെട്ട ഇനങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള പഠനങ്ങൾ ഗവേഷണകേന്ദ്രത്തിൽ പുരോഗമിച്ചുവരുന്നു. •

# റബ്ബർബോർഡ് യോഗം



*കോട്ടയത്ത് റബ്ബർബോർഡിന്റെ കേന്ദ്ര ഓഫീസിൽ വെച്ചു നടന്ന 189-ാമത് റബ്ബർബോർഡുയോഗത്തിന്റെ ദൃശ്യം*

റബ്ബർബോർഡിന്റെ 189-ാമത് യോഗം കോട്ടയത്ത് ബോർഡിന്റെ കേന്ദ്ര ഓഫീസിൽ വെച്ച് നടന്നു. യോഗത്തിൽ വൈസ് ചെയർമാൻ കെ.എ. ഉണ്ണിക്കൃഷ്ണൻ അധ്യക്ഷത വഹിച്ചു. റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. യോഗത്തിൽ ആമുഖപ്രസംഗം നടത്തി.

വൈസ് ചെയർമാന്റെ കാലാവധി പൂർത്തിയാകുന്നതിനാൽ പ്രസ്തുത സ്ഥാനത്തേക്ക് അനിൽകുമാർ ജി. തെരഞ്ഞെടുക്കപ്പെട്ടു. കന്യാകുമാരി ജില്ലയിലെ കുലശേഖരം തൃപ്പരപ്പ് അജിനിവാസിൽ അനിൽകുമാർ ജി. റബ്ബർകർഷകനും കേന്ദ്രസർക്കാർ ഉടമസ്ഥതയിൽ മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന പബ്ലിക് സെക്ടർ കമ്പനി യായ രാഷ്ട്രീയ കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ്-ന്റെ സ്വതന്ത്ര ഡയറക്ടറുമാണ്. ബിന്ദു എസ്.എസ്. ഭാര്യയും ശില്പ എ.ബി., നവനീത് എ. എന്നിവർ മക്കളുമാണ്.



*അനിൽകുമാർ ജി.*

റബ്ബർബോർഡിലെ മറ്റ് അംഗങ്ങളായ എൻ. ഹരി, കോര സി. ജോർജ്, പി. രവീന്ദ്രൻ, സി.എസ്. സോമൻ പിള്ള, എം.പി. രാജീവൻ, കെ. വിശ്വനാഥൻ, റബ്ബർ പ്രൊഡക്ഷൻ കമ്മീഷണറായ ഡോ. സിജു ടി. (എക്സ് ഒഫീഷ്യൊ അംഗം) എന്നിവരും യോഗത്തിൽ പങ്കെടുത്തു. പ്രസെൻജിത്ത് ബിശ്വാസ് ഐ.എഫ്.എസ്. (റിട്ട.), ജി. കൃഷ്ണകുമാർ, ബിപ്ലവ് കർ, കല്ലോൽ ഡേ എന്നിവർ ഓൺലൈ നായി യോഗത്തിൽ സംബന്ധിച്ചു.

റബ്ബർബോർഡ് ഉദ്യോഗസ്ഥരായ ഡോ. ബിനോയി കെ. കുര്യൻ (സെക്രട്ടറി ഇൻ-ചാർജ്), ഡോ. ജെസ്സി എം.ഡി. (ഡയറക്ടർ, റിസേർച്ച് ഇൻ-ചാർജ്), പി. അറുമുഖം (ജോയിന്റ് ഡയറക്ടർ, പി. ആന്റ് ക്യു.സി.), ഇ.എ. മാത്യു (ഡെപ്യൂട്ടി ഡയറക്ടർ, എൽ. ആന്റ് ഇ.ഡി.), എൻ. സലി (ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ) ഇ.എ. ചാക്കോ (ഡെപ്യൂട്ടി സെക്രട്ടറി), പ്രസാദ് പി. (ഡെപ്യൂട്ടി ഡയറക്ടർ പി. ആന്റ് പി.ആർ ഇൻ-ചാർജ്), ബി. ശ്രീകുമാർ (പബ്ലിസിറ്റി ഓഫീസർ) എന്നിവരും യോഗത്തിൽ സന്നിഹിതരായിരുന്നു •

# ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം സ്ഥാപനദിനം ആചരിച്ചു



*ഡോ. എൻ. കലൈശെൽവി ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ സ്ഥാപനദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുന്നു. അനിൽ വാസു (ഡെപ്യൂട്ടി ജനറൽ മാനേജർ, ഇന്ത്യൻ ഓയിൽ കോർപറേഷൻ ലിമിറ്റഡ്), ഡോ. റ്റി. സിജു (റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ), റ്റി. രാധാകൃഷ്ണൻ (അസിസ്റ്റന്റ് പ്രൊഫസർ, ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള), ഡോ. എം.ഡി. ജെസ്സി (ഡയറക്ടർ, ഇൻ ചാർജ്, ആർ.ആർ.ഐ.ഐ.), എം. വസന്തഗേശൻ ഐ.ആർ.എസ്. (എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്), ഡോ. അനന്തരാമകൃഷ്ണൻ (ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി) എന്നിവർ സമീപം (ഇടത്തുനിന്ന്).*

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ സ്ഥാപനദിനാചരണം കൗൺസിൽ ഓഫ് സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസേർച്ചിന്റെ (സി.എസ്.ഐ.ആർ.) ഡയറക്ടർ ജനറലും ഡിപ്പാർട്ടുമെന്റ് ഓഫ് സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ചിന്റെ (ഡി.എസ്.ഐ.ആർ.) സെക്രട്ടറിയുമായ ഡോ. എൻ. കലൈശെൽവി ഉദ്ഘാടനം ചെയ്തു. കോട്ടയത്ത് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ നടന്ന ചടങ്ങിൽ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ആമുഖപ്രഭാഷണം നടത്തി. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ കാലാവസ്ഥയ്ക്ക് യോജിച്ചതായി കണ്ടെത്തിയ ആർആർഐഐ 417 എന്ന റബ്ബറിനം അവിടങ്ങളിലെ കൃഷിക്ക് ശുപാർശ ചെയ്യുന്നതിന്റെ ഭാഗമായി റബ്ബറിനത്തിന്റെ തൈ റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. റ്റി. സിജുവിന് കലൈശെൽവി കൈമാറി. ത്രിപുരയിലെയും മേഘാലയിലെയും റബ്ബർകർഷകർക്ക് വേണ്ടി ഗവേഷണകേന്ദ്രം ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരളയുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത മൊബൈൽ ആപ്പ് കർഷകർക്കായി സമർപ്പിച്ചു. റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ വികസിപ്പിച്ചെടുത്ത ടെന്നീസ് ബോൾ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനായി സംരംഭകനായ രവി വിനയ ചന്ദ്ര മണ്ഡാലിയയ്ക്ക് കൈമാറ്റം ചെയ്തു. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം വികസിപ്പിച്ചെടുത്ത പോളിമെറിക് ഫില്ലർ ടെക്നോളജിയുടെ കൈമാറ്റവും വജ്ര ഗ്രൂപ്പിന് നൽകിക്കൊണ്ട് അവർ നിർവഹിച്ചു. കൂടാതെ ‘ബയോ ഡൈവേഴ്സിറ്റി ഇൻ റബ്ബർ പ്ലാന്റേഷൻസ്: എക്സ്പെരിമെന്റൽ ഇൻസൈറ്റ്സ്’ എന്ന പുസ്തകത്തിന്റെ പ്രകാശനവും ഡോ. കലൈശെൽവി നിർവഹിച്ചു.

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ ഡയറക്ടർ ഇൻ-ചാർജ് ഡോ. എം.ഡി. ജെസ്സി സ്വാഗത പ്രസംഗത്തിൽ ഗവേഷണകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജിയുടെ ഡയറക്ടർ ഡോ. അനന്തരാമകൃഷ്ണൻ, ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരളയിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. റ്റി. രാധാകൃഷ്ണൻ, ഇന്ത്യൻ ഓയിൽ കോർപറേഷന്റെ ഡെപ്യൂട്ടി ജനറൽ മാനേജർ അനിൽ വാസു, സ്വകാര്യ സംരംഭകരായ പാരിറ്റി മീഡിയയുടെ ഡയറക്ടർ രവി വിനയചന്ദ്ര മണ്ഡാലിയ, ഗവേഷണകേന്ദ്രത്തിലെ ബോട്ടണി ഡിവിഷന്റെ ഓഫീസർ ഇൻ-ചാർജ് ഡോ. എം.ബി സാദിക് എന്നിവരും യോഗത്തിൽ സംസാരിച്ചു.

റബ്ബർഗവേഷണകേന്ദ്രത്തിലെ വിരമിച്ച ഉദ്യോഗസ്ഥർ, റബ്ബർബോർഡിലെ വകുപ്പ് മേധാവികൾ, കോട്ടയത്തെ വിവിധ സ്കൂളുകളിലെ കുട്ടികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് കുട്ടികളുമായി ഡോ. കലൈശെൽവി ആശയവിനിമയം നടത്തി. •



പ്രസാദ് പി.
ഡെപ്യൂട്ടി ഡയറക്ടർ (പി. & പി.ആർ.) ഇൻ-ചാർജ്

# ഷീറ്റുറബ്ബർ ഉണക്കാൻ സൗരോർജം

ലോകമെമ്പാടും ഏറെ ചർച്ചചെയ്യപ്പെടുന്ന ഒരു വിഷയമാണ് പാരമ്പര്യേതര ഊർജ സ്രോതസ്സുകളുടെ ഫലപ്രദമായ വിനിയോഗം. പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന ഇന്ധനങ്ങളുടെ ലഭ്യത കുറഞ്ഞുവരുന്നത് ഗൗരവപൂർവം കണക്കിലെടുക്കേണ്ടതുണ്ട്. മാത്രമല്ല, ഇന്ധനങ്ങൾ ജ്വലിക്കുമ്പോൾ ഉണ്ടാകുന്ന മലിനീകരണവും പരിസ്ഥിതിക്ക് ദോഷകരമാകുന്നു. ഇന്ന് ഏറ്റവും സുലഭമായത് സൗരോർജം തന്നെ. എന്നാൽ, അതിനെ ഫലപ്രദമായി സംഭരിച്ച് ഉപയോഗിക്കുന്ന കാര്യത്തിൽ ഇനിയും ഏറെ മുന്നോട്ട് പോകേണ്ടതുണ്ട്. ഇലക്ട്രിക് കാറുകൾ സാധാരണമായിത്തുടങ്ങിയെങ്കിലും സൗരോർജത്തിന്റെ സാധ്യത പരിമിതമായി മാത്രമേ പ്രയോജനപ്പെടുത്തുന്നുള്ളൂ. ചെറിയ കാര്യങ്ങളിലൂടെ ഉപയോഗസാധ്യത വർദ്ധിപ്പിക്കുക എന്നത് വളരെ പ്രധാനമാണ്. നിലമ്പൂർ റീജിയണിലെ വഴിക്കടവ് വില്ലേജ് റബ്ബറുത്പാദകസംഘം ഇക്കാര്യത്തിൽ മാതൃകാപരമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഷീറ്റുറബ്ബർ ഉണക്കാൻ സൗരോർജം പ്രയോജനപ്പെടുത്തുന്നതിനുള്ള വേറിട്ട ഒരു സംവിധാനം ഈ സംഘം ഒരുക്കിയിരിക്കുന്നു.

### സോളാർ ഡ്രിപ്പിങ് യൂണിറ്റ്

റോളറുകളിൽ കൂടി അടിച്ചെടുക്കുന്ന ഷീറ്റുറബ്ബറിൽ നിന്ന് വെള്ളം ഇറ്റിറ്റ് വീണുകൊണ്ടിരിക്കും. സാധാരണമായി അവ തണലത്ത് ഇട്ട് വെള്ളത്തിന്റെ വാർച്ച ഏകദേശം നിന്നശേഷം പുകപ്പുരകളിലേക്ക് മാറ്റുകയാണ് പതിവ്. എന്നാൽ, വഴിക്കടവ് സംഘം അതിന് പകരം അടിച്ചെടുത്ത ഷീറ്റുകൾ 'സോളാർ ഡ്രിപ്പിങ് യൂണിറ്റ്' എന്ന് പേരിട്ടിരിക്കുന്ന പോളിത്തീൻ നിർമ്മിത അറയി





*ഉണക്കാനായി ട്രോളികളിൽ ഇട്ടിരിക്കുന്ന റബ്ബർഷീറ്റുകൾ*

ലേക്ക് നേരിട്ട് മാറ്റുകയാണ് ചെയ്യുന്നത്. സൂര്യന്റെ നേരിട്ടുള്ള ചൂട് കാര്യക്ഷമമായി ആവാഹിക്കപ്പെടുന്ന രീതിയിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന അറയിലെ ചൂട് മൂലം ഷീറ്റിലെ ജലാംശം പെട്ടെന്ന് പുറന്തള്ളപ്പെടുന്നു. നല്ല വെയിലുള്ള ദിവസങ്ങളിൽ നാലോ അഞ്ചോ മണിക്കൂർ കൊണ്ട് ഷീറ്റുകൾ പുകപ്പുരയിലേക്ക് മാറ്റാൻ കഴിയും. സാധാരണമായി സൗരോർജം സംഭരിച്ച് ഇലക്ട്രിസിറ്റി ആക്കുന്നത് സോളാർ പാനലുകൾ വഴിയാണ്. എന്നാൽ, ഷീറ്റിടുന്ന യൂണിറ്റ് അഥവാ അറ ചൂടാക്കുന്നതിന് അത്തരത്തിലുള്ള ഒരു സംവിധാനവും ആവശ്യമില്ല എന്നതാണ് ഇതിന്റെ ഒരു പ്രത്യേകത.

## സോളാർ ഡ്രൈയിങ് എന്ന ആശയം

സൗരോർജം ഉപയോഗിച്ച് ഷീറ്റുണക്കുന്ന ആശയം ഇതിന് മുമ്പ് എളവംമ്പാടം സംഘത്തിലും മറ്റും പരീക്ഷിച്ചിട്ടുണ്ടെങ്കിലും വഴിക്കടവ് സംഘം അതിനെക്കുറിച്ച് ചിന്തിക്കുന്നത് അടയ്ക്കയുടെ സംസ്കരണത്തിലെ ചില വേറിട്ട കാഴ്ച്ചകൾ നൽകിയ പ്രചോദനത്തിലൂടെയാണ്. അവിടങ്ങളിൽ ചിലർ വെയിലത്ത് ഉണങ്ങാനിട്ടിരിക്കുന്ന അടയ്ക്കയുടെ മുകളിൽ ഒരു വെളുത്ത പ്ലാസ്റ്റിക് ഷീറ്റ് വലിച്ചുകെട്ടാറുണ്ട്. പെട്ടെന്ന് മഴ പെയ്താൽ ഒരു സംരക്ഷണം എന്നുമാത്രമാണ് കരുതിയത്. എന്നാൽ, അന്വേഷിച്ചപ്പോൾ മനസ്സിലായത് ഉണങ്ങുന്നതിനുള്ള ദിനങ്ങൾ



*ഡ്രിപ്പിങ് യൂണിറ്റിലേക്കുള്ള വായുനാളി*



*ഡെവലപ്മെന്റ് ഓഫീസർ ഷാജു വർഗീസ് (ഇടത്ത്) കളക്ഷൻ മാനേജർ മനു ജേക്കബ്ബിനൊപ്പം*

ലാഭിക്കുന്നതിനാണെന്നാണ്. സാധാരണമായി വെറുതെ വെയിലത്ത് ഇട്ട് അടയ്ക്ക ഉണങ്ങുമ്പോൾ 40 ദിവസത്തോളം എടുക്കാറുണ്ട്. പകരം അതിന് മുകളിൽ ഇത്തരത്തിൽ ഷീറ്റ് വലിച്ചുകെട്ടിയാൽ 20 മുതൽ 25 വരെ ദിവസങ്ങൾ കൊണ്ട് ഉണങ്ങിക്കിട്ടുമത്രേ. ഷീറ്റിനടിയിൽ ചൂട് കൂടുന്നതുകൊണ്ടാണ് ഇത് സാധ്യമാകുന്നതെന്ന് കണ്ടറിഞ്ഞതാണ് വഴിക്കടവ് സംഘത്തെ ഇത്തരമൊരു സംവിധാനം ഉണ്ടാക്കാൻ പ്രേരിപ്പിച്ചത്.

### സോളാർ ഡ്രിപ്പിങ് യൂണിറ്റ്

തറനിരപ്പിൽനിന്ന് ചെറിയ തൂണുകളിൽ ഉയർത്തി നിർമ്മിച്ചിരിക്കുന്ന ഒരു പ്ലാറ്റ്ഫോമിൽ ഇരുമ്പ് പൈപ്പുകൾ കൊണ്ട് 9.30 മീറ്റർ നീളവും 3.85 മീറ്റർ വീതിയും 2.80 മീറ്റർ ഉയരവുള്ള ഒരു ചട്ടക്കൂട് തീർത്തിരിക്കുന്നു. അതിനെ പോളികാർബണേറ്റ് കൊണ്ടുള്ള സുതാര്യമായ ഷീറ്റുകൾ (200 ജി.എസ്.എം.) കൊണ്ട് പൊതിഞ്ഞ് ഒരു അറയായി മാറ്റിയിട്ടുണ്ട്. തറയിൽ ടൈൽ പാകിയിരിക്കുന്നു. ഇത്രയും ആയാൽ സോളാർ ഡ്രിപ്പിങ് യൂണിറ്റ് പൂർണ്ണമായി.

പോളികാർബണേറ്റ് ഷീറ്റ് സൂര്യരശ്മികൾ അകത്തേക്ക് കടത്തിവിടുകയും അറയിൽ നിന്ന് ചൂട് ഒട്ടും നഷ്ടപ്പെടാതെ സൂക്ഷിക്കുകയും ചെയ്യും. ദോഷകരമായ അൾട്രാവൈലറ്റ് രശ്മികളെ തടയുന്ന ഇത്തരം ഷീറ്റുകൾക്ക് നല്ല വഴക്കമുള്ളതുകൊണ്ട് ഫ്രെയിമിന്റെ ആകൃതിയനുസരിച്ച് ഏത് രൂപത്തിലും വലിച്ച് കെട്ടാൻ കഴിയും.

ഡ്രിപ്പിങ് യൂണിറ്റിന്റെ നീളം കൂടിയ വശത്ത് അടിഭാഗത്തേക്ക് തുറക്കുന്ന രീതിയിൽ തറനിരപ്പിൽ നിന്ന് 60 ഡിഗ്രി ചെരിവിൽ ഒരു പാത്തി അഥവാ വായു നാളി പിടിപ്പിച്ചിട്ടുണ്ട്. പാത്തിയുടെ അടിഭാഗം തകിട് കൊണ്ട് നിർമ്മിച്ചിരിക്കുന്നു. ചൂട് നഷ്ടപ്പെടാതിരിക്കാൻ തകിടിന്റെ അകവശത്ത് കറുത്ത പെയിന്റാണ് അടിച്ചിരിക്കുന്നത്. പാത്തി പൂർണ്ണമായും പോളികാർബണേറ്റ് ഷീറ്റുകൊണ്ട് പൊതിഞ്ഞിരിക്കുന്നു. ഷീറ്റിൽ അടിക്കുന്ന സൂര്യരശ്മികൾ പാത്തിക്ക് അകത്തെ വായു ചൂടാക്കുകയും പാത്തിയുടെ താഴെ ഭാഗത്തെ ദ്വാരത്തിലൂടെ കടക്കുന്ന തണുത്ത വായു പാത്തിയുടെ അകത്തുള്ള ചൂട് വായുവിനെ ഡ്രിപ്പിങ് യൂണിറ്റിനകത്ത് എത്തിക്കുകയും ഉണങ്ങൽ പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യും.

ഡ്രിപ്പിങ് യൂണിറ്റ് നിർമ്മിച്ചിരിക്കുന്ന പോളികാർബണേറ്റ് ഷീറ്റിലൂടെ കടക്കുന്ന സൂര്യരശ്മികൾ നൽകുന്ന ചൂട് കൊണ്ട് അറയ്ക്കുള്ളിലെ ഷീറ്റുകളിലെ ജലാംശം വലിയാൻ തുടങ്ങും. ഡ്രിപ്പിങ് യൂണിറ്റിന്റെ വീതി കുറഞ്ഞ വശങ്ങളിൽ മുകൾ ഭാഗത്തായി ത്രികോണാകൃതിയിൽ തുറക്കാനും അടയ്ക്കാനും കഴിയുന്നതും പോളികാർബണേറ്റ് ഷീറ്റ് കൊണ്ടു തന്നെ നിർമ്മിച്ചതുമായ വെന്റിലേഷനുകൾ നൽകിയിരിക്കുന്നു. താഴെ പാത്തിയിൽ നിന്ന് വരുന്ന ചൂട് വായു യൂണിറ്റിന്റെ അകം ചൂടാക്കുക മാത്രമല്ല, ജലാംശം അടങ്ങുന്ന വായുവിനെ ഈ വെന്റിലേഷനുകളിലൂടെ പുറന്തള്ളുകയും ചെയ്യും. യൂണിറ്റിൽ ചൂട് കൂടുതൽ വേണ്ട സമയത്ത് വെന്റിലേഷനുകൾ അടച്ചു വെയ്ക്കാവുന്നതാണ്. യൂണിറ്റിനകത്തെ ഉയർന്ന താപനിലയാണ് ഷീറ്റുകളിലെ ജലാംശം പെട്ടെന്ന് പുറത്തു പോകാൻ സഹായിക്കുന്നത്. ഷീറ്റുകളിൽ നിന്ന് തറയിൽ വീഴുന്ന വെള്ളം ഒഴുകിപ്പോകുന്നതിനുള്ള നിർഗമന മാർഗങ്ങളും ഒരുക്കിയിട്ടുണ്ട്.

### ഷീറ്റുകൾ ഉണക്കുന്ന രീതി

വഴിക്കടവ് സംഘത്തിൽ പൂർണ്ണമായും 500 ഗ്രാമിന്റെ ഉയർന്ന ഗ്രേഡിലുള്ള IX ഷീറ്റുകളാണ് നിർമിക്കുന്നത്. ഒരാൾക്ക് അനായാസം തള്ളിക്കൊണ്ട് പോകാവുന്ന ട്രോളികളിലേക്കാണ് ഷീറ്റിങ് ബാറ്ററിയിൽ നിന്ന് അടിച്ചെടുക്കുന്ന ഷീറ്റുകൾ നേരിട്ട് ഇടുന്നത്. വെള്ളം വാർന്നു വീണു കൊണ്ടിരിക്കുന്ന ഷീറ്റുകൾ ഇട്ടിരിക്കുന്ന ട്രോളി ഉടനെ തന്നെ ഡ്രിപ്പിങ് യൂണിറ്റിനകത്തേക്ക് എത്തിക്കുന്നു. ഒരു ട്രോളിയിൽ നാനൂറ് ഷീറ്റുകൾ ഇടാൻ കഴിയും. സോളാർ യൂണിറ്റിന് അത്തരത്തിലുള്ള എട്ട് ട്രോളികൾ ഒരേ സമയത്ത് ഉൾക്കൊള്ളാൻ കഴിയും. അതായത് 3200



*ആർ.എസ്.എസ്. 1 എക്സ് ഗ്രേഡിലുള്ള ഷീറ്റുറബ്ബർ*

# വഴിക്കടവ് വില്ലേജ് റബ്ബറുത്പാദകസംഘം




1988-ൽ 40-ാം നമ്പരായി രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിൽ 356 കർഷകർക്കാണ് അംഗത്വമുള്ളത്. 210 അംഗങ്ങൾ സംഘത്തിൽ റബ്ബർപാൽ നൽകുന്നുണ്ട്. ആർ.എസ്.എസ്. 1 എക്സ് ഷീറ്റുകളുടെ നിർമ്മാണം കൂടാതെ റബ്ബൽപാൽസംഭരണത്തിലും തേനീച്ചവളർത്തലിലും സംഘം സജീവമാണ്. കാട്‌വെട്ടൽ, റെയിൻ ഗാർഡിങ് തുടങ്ങിയ സേവനങ്ങളും കർഷകർക്ക് നൽകുന്നുണ്ട്. സംഘത്തിന്റെ ഇപ്പോഴത്തെ പ്രസിഡന്റ് റ്റി.ജെ. ജോർജും വൈസ് പ്രസിഡന്റ് കെ.കെ. തോമസും ആണ്. പി.പി. തോമസ്, പി.വി. ആൻഡ്രൂസ്, റ്റി. തോമസ്, സോജൻ മാത്യു, എൻ.എ. റ്റോജോ എന്നിവരാണ് റബ്ബർബോർഡ് പ്രതിനിധിയായ മെജോഷ് ജോസിന് പുറമെ ഭരണസമിതിയിൽ ഉള്ള മറ്റ് അംഗങ്ങൾ. കളക്ഷൻ മാനേജർ മനു ജേക്കബ് ആണ് ദൈനദിന പ്രവർത്തനങ്ങളുടെ ചുമതല വഹിക്കുന്നത്. •

ഷീറ്റുകൾ വരെ ഒറ്റത്തവണ യൂണിറ്റിൽ ഇടാം. സംഘത്തിൽ ഇപ്പോൾ ഏകദേശം 3500 ഷീറ്റുകളാണ് പ്രതിദിനം ഉത്പാദിപ്പിക്കുന്നത്. ചിലപ്പോൾ അത് നാലായിരത്തോളം എത്താറുണ്ട്. രാവിലെ പത്തരയോടെ ആദ്യം അടിച്ചെടുക്കുന്ന ഷീറ്റുകൾ ഇട്ട നാല് ട്രോളികൾ സോളാർ യൂണിറ്റിനകത്ത് കയറ്റും. ഏതാണ്ട് 12 മണിയോടെ ബാക്കിയുള്ള ഷീറ്റുകളും അടിച്ച് തീർത്ത് യൂണിറ്റിനകത്ത് ഇടും. വൈകിട്ട് നാല് മണിയോടെ ഷീറ്റുകളെല്ലാം പുകപ്പുരകളിലേക്ക് മാറ്റിയിടും. നല്ല വെയിലുള്ള ദിവസങ്ങളിൽ യൂണിറ്റിൽ ഇട്ട് വെള്ളം വാർത്തിയ ഷീറ്റുകൾ രണ്ടു ദിവസം കൊണ്ട് പുകപ്പുരയിൽ നിന്ന് പുറത്തെടുക്കാൻ കഴിയും.

### ഡ്രിപ്പിങ് യൂണിറ്റ് നൽകുന്ന നേട്ടങ്ങൾ

സാധാരണമായി പുകപ്പുരയിൽ ഷീറ്റുകൾ ഉണക്കിയെടുക്കുന്നതിന് മൂന്ന് ദിവസം എടുക്കാറുണ്ട്. എന്നാൽ, സോളാർ ഡ്രിപ്പിങ് യൂണിറ്റിൽ നിന്ന് പുകപ്പുരകളിലേക്ക് മാറ്റുന്ന ഷീറ്റുകളിൽ 95 ശതമാനവും രണ്ട് ദിവസം കൊണ്ട് നന്നായി ഉണങ്ങിക്കിട്ടും. ഇന്ധനലാഭമാണ് പ്രത്യേകം എടുത്തു പറയേണ്ട ഒരു പ്രയോജനം. ഒരു കിലോഗ്രാം ഷീറ്റ് ഉണക്കിയെടുക്കുന്നതിന് ഏതാണ്ട് 880 ഗ്രാം വിറക് വേണ്ടി വന്നിരുന്നു. ഇപ്പോൾ സംഘത്തിന് 350 മുതൽ 550 വരെ ഗ്രാം വിറക് മതിയാകുന്നുണ്ട്. ഡ്രിപ്പിങ് ഷെഡിൽ വെച്ച് ഷീറ്റുകളിലെ വെള്ളം ഇറ്റു തീരുന്നതുകൊണ്ട് പുകപ്പുരയുടെ ശേഷി വർദ്ധിക്കുന്നു. പുകച്ചെടുക്കുന്ന ഷീറ്റുകൾക്ക് നല്ല നിറവുമുണ്ട്. ട്രോളികൾ ഉപയോഗിക്കുന്നതുകൊണ്ട് ഒന്നോ രണ്ടോ പേർക്ക് ഇക്കാര്യങ്ങളെല്ലാം ചെയ്തു തീർക്കാൻ കഴിയും.

ഡെപ്യൂട്ടി റബ്ബർ പ്രൊഡ്ക്ഷൻ കമ്മീഷണർമാരായ വി.എ. സക്കീർ, മാത്യു ജോസഫ് എന്നിവരുടെ മാർഗനിർദ്ദേശങ്ങൾ സോളാർ ഡ്രിപ്പിങ് യൂണിറ്റിന്റെയും ട്രോളികളുടെയും നിർമ്മാണത്തിൽ ഏറെ സഹായകമായെന്ന് കളക്ഷൻ മാനേജർ മനു ജേക്കബ് പറഞ്ഞു. വളരെ ചെലവ് കുറഞ്ഞ രീതിയിൽ നിർമ്മിച്ചിരിക്കുന്ന സോളാർ ഡ്രിപ്പിങ് യൂണിറ്റിനും 8 ട്രോളികൾക്കും ആകെ വേണ്ടി വന്നത് 4.8 ലക്ഷം രൂപയാണ്. ഒരു ട്രോളിക്ക് 20000 രൂപയോളം ചെലവ് വേണ്ടിവരും. റബ്ബർബോർഡ് കമ്പനിയായ തുഞ്ചത്തെ ഴുത്തച്ഛൻ റബ്ബേഴ്സിനാണ് സംഘം നിർമ്മിക്കുന്ന ഷീറ്റുകൾ നൽകുന്നത്. കമ്പനിയുടെ സേവനം സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകമാണ്. വേറിട്ട ഇത്തരം രീതികൾ സ്വീകരിക്കുന്നതിലൂടെ സംഘങ്ങളുടെ ചെലവ് കുറയ്ക്കാനും ഉത്പാദനശേഷി മെച്ചപ്പെടുത്താനും കഴിയും. •

*'വേറിട്ട പാതകൾ' എന്ന ഈ പംക്തിയിൽ വരുന്ന ലേഖനങ്ങളിൽ പറയുന്ന കാര്യങ്ങൾ റബ്ബർ ബോർഡിന്റെ ശുപാർശ പ്രകാരമുള്ളവ ആയിരിക്കണമെന്നില്ല. വ്യത്യസ്തമായ രീതികൾ പരീക്ഷിച്ചു നോക്കിയവരുടെ അനുഭവങ്ങൾ മാത്രമാണ്.*




ശ്രീകുമാർ ബി.
പബ്ലിസിറ്റി ഓഫീസർ

# റബ്ബർചെടിച്ചട്ടികളുമായി കർഷകരുടെ ഉത്പാദക കമ്പനി

രാജ്യത്ത് റബ്ബർകൃഷി ആരംഭിച്ചിട്ട് ഒരു നൂറ്റാണ്ട് കഴിഞ്ഞു. റബ്ബറുത്പാദനത്തിൽ മികവ് തെളിയിക്കാൻ ഇവിടുത്തെ കർഷകർക്ക് കഴിഞ്ഞെങ്കിലും തങ്ങളുടെ ഉത്പന്നത്തിന്റെ വില തീരുമാനിക്കുന്നതിൽ നിർണായക പങ്കു വഹിക്കുന്നതിന് അവർക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. കർഷകർ ഉത്പാദിപ്പിക്കുന്ന റബ്ബറിന്റെ വില തീരുമാനിക്കുന്നത് എല്ലാ കാലത്തും ഉത്പന്നനിർമാതാക്കളായ റബ്ബർവ്യവസായികൾ തന്നെയാണ്. അതുകൊണ്ടുതന്നെ അവരുടെ നിലപാടുകൾ വിലയിലെ ഏറ്റക്കുറച്ചിലുകളിൽ പ്രതിഫലിക്കുന്നു. റബ്ബറിനു മാത്രമല്ല, പല കാർഷിക ഉത്പന്നങ്ങളുടെ കാര്യത്തിലും സ്ഥിതി ഇതു തന്നെയാണ്.

ഉത്പന്നനിർമാണത്തിലൂടെ ഇതിനൊരു പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ പാലാ ആസ്ഥാനമായി ഒരു കൂട്ടം റബ്ബർകർഷകർ രൂപം നൽകിയ റബ്ബർകമ്പനിയാണ് 'റബ്ബ്ഫാം'. ഒരു ഫാർമർ പ്രൊഡ്യൂസിങ് കമ്പനിയായ റബ്ബ്ഫാമിൽ ചെയർമാൻ അടക്കം ഏഴ് ഭരണ സമിതി അംഗങ്ങളുണ്ട്. കൂടാതെ ദൈനംദിന കാര്യങ്ങൾ നോക്കാൻ ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ഉണ്ട്. ഇടനിലക്കാരെ ഒഴിവാക്കി, കർഷകർ തങ്ങളുടെ കാർഷികോത്പന്നങ്ങൾ മൂല്യ വർദ്ധന വരുത്തി ഉയർന്ന വരുമാനം നേടുക എന്ന ലക്ഷ്യത്തോടെയാണ് ഫാർമർ പ്രൊഡ്യൂസിങ് കമ്പനികൾ രൂപവത്കരിച്ചിട്ടുള്ളത്. കേന്ദ്ര സംസ്ഥാനസർക്കാരുകൾ ഇങ്ങനെയുള്ള കമ്പനികൾ രൂപവത്കരിക്കുന്നതിന് പ്രോത്സാഹനം നൽകിവരുന്നു.

ഇന്ത്യയിലെ റബ്ബറുത്പാദനത്തിന്റെ മുഖ്യപങ്കും കേരളത്തിൽ നിന്നാണെങ്കിലും റബ്ബറുത്പന്നനിർമാണം കൂടുതലും നടക്കുന്നത് മറ്റു സംസ്ഥാനങ്ങളിൽ, പ്രത്യേകിച്ച് വടക്കേ ഇന്ത്യയിലെ സംസ്ഥാനങ്ങളിലാണ്. റബ്ബർ കൃഷിയിലും സംസ്കരണത്തിലും മികവ് കാട്ടുന്ന കേരളത്തിലെ ചെറുകിടകർഷകർക്ക് എന്തുകൊണ്ട് റബ്ബറുത്പന്നനിർമാണം സാധിക്കുന്നില്ല എന്ന ചോദ്യത്തിന് ഒരു ഉത്തരമെന്നോണമാണ് മധ്യകേരളത്തിലെ ഏതാനും കർഷകർ ചേർന്ന് ഒരു പ്രൊഡ്യൂസർ കമ്പനി രൂപവത്കരിച്ച് പ്രവർത്തനം തുടങ്ങിയതെന്ന് കമ്പനി ചെയർമാൻ ഡോ. ജേക്കബ് മാത്യു പറഞ്ഞു. പ്രകൃതിദത്തറബ്ബറിൽ നിന്ന് ടയർ ഉൾപ്പെടെ ഏകദേശം നാൽപതിനായിരത്തിലധികം ഉത്പന്നങ്ങൾ നിർമിക്കുന്നുണ്ട് എന്ന് കണക്കാക്കുന്നു. സാങ്കേതികവിദ്യ ലഭ്യമാണെങ്കിൽ കർഷകർക്കും ഈ രംഗത്ത് മികവ് തെളിയിക്കാൻ കഴിയും എന്ന ബോദ്ധ്യമാണ് ഇപ്രകാരം ഒരു കമ്പനി രൂപവത്കരിക്കുന്നതിന് കർഷകരെ പ്രേരിപ്പിച്ചതെന്നും അദ്ദേഹം പറഞ്ഞു.

### പ്ലാസ്റ്റിക്കിന് പകരം റബ്ബർ

പരിസ്ഥിതിക്ക് കോട്ടം ഉണ്ടാക്കുന്ന പല പ്ലാസ്റ്റിക് ഉത്പന്നങ്ങളും റബ്ബറുപയോഗിച്ച് നിർമിക്കാൻ കഴിയുന്നതാണ്. കേരള സർക്കാർ അടുത്തകാലത്തായി പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമിക്കുന്ന ഗ്രോ ബാഗുകൾ നിരോധിച്ചു.



*ലേഖകൻ, ഡോ. ജേക്കബ് മാത്യു (ചെയർമാൻ, റബ്ഫാം), സിസിൽ വർക്കി (ഭരണസമിതിയംഗം, റബ്ഫാം), വി.സി. ജയിംസ് (ഡെവലപ്മെന്റ് ഓഫീസർ, റബ്ബർബോർഡ്), ടോം ജോസഫ് (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, റബ്ഫാം) എന്നിവർ റബ്ഫാമിന്റെ ഓഫീസിൽ (ഇടത്തുനിന്ന്)*

ഈ അവസരത്തിൽ പ്ലാസ്റ്റിക് ഗ്രോ ബാഗിന് പകരമായി ദീർഘകാലം ഈട് നിൽക്കുന്ന റബ്ബർ ഗ്രോ ബാഗ് നിർമിച്ചുകൊണ്ട് കർഷകക്കൂട്ടായ്മകൾക്ക് ഒരു മാതൃകയായിട്ടാണ് ചെറുകിട റബ്ബർകർഷകരുടെ ഈ കമ്പനി ഇപ്പോൾ ഈ രംഗത്ത് കടന്നുവന്നിരിക്കുന്നത്.

വിലക്കുറവ് ഉള്ളതിനാൽ പ്ലാസ്റ്റിക് ഉത്പന്നങ്ങളോടാണ് പൊതുസമൂഹത്തിൽ കൂടുതൽ പ്രിയമുള്ളത്. എന്നാൽ, പ്ലാസ്റ്റിക് മാലിന്യം മനുഷ്യരാശിക്ക് ഉയർത്തുന്ന ഭീഷണി വളരെ വലുതാണ്. പ്ലാസ്റ്റിക് മാലിന്യം വിഘടിച്ച് മണ്ണിനോട് ചേരുന്നതിന് നൂറ്റാണ്ടുകൾ എടുക്കും. ഇവ സമുദ്രജലവും ശുദ്ധജലവും മലിനമാക്കുന്നതിനൊപ്പം ഭൂമിയുടെ നിലനിൽപിനുതന്നെ ഭീഷണിയാകുന്നു. പ്ലാസ്റ്റിക് വസ്തുക്കൾ വിഘടിക്കുമ്പോൾ ഉണ്ടാകുന്ന മൈക്രോ പ്ലാസ്റ്റിക്കുകളെക്കുറിച്ച് കാനഡയിലെ യൂണിവേഴ്സിറ്റി ഓഫ് വിക്ടോറിയ നടത്തിയ പഠനത്തിൽ ഒരു വ്യക്തിയുടെ ഉള്ളിൽ ഭക്ഷണത്തിൽ കൂടിയും ജലത്തിൽ കൂടിയും ഒരു വർഷത്തിനിടെ 39,000 മുതൽ 57,000 വരെ മൈക്രോപ്ലാസ്റ്റിക് കണികകൾ എത്തുന്നുണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഇതു കൂടാതെ, മൈക്രോ പ്ലാസ്റ്റിക്കുകൾ ഉണ്ടാകുമ്പോൾ പ്ലാസ്റ്റിക് ഉത്പന്ന നിർമാണത്തിന് ഉപയോഗിക്കുന്ന ഒരുപാട് രാസവസ്തുക്കൾ വീണ്ടും വിഘടിച്ച് പുതിയ രാസസംയുക്തങ്ങൾ ഉണ്ടാകും. പലതും മാരകമാണ്. അതിനാൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഒഴിവാക്കേണ്ടത് മനുഷ്യരാശിയുടെ നിലനിൽപിന് അത്യന്താപേക്ഷിതമായിരിക്കുന്നുവെന്ന് റബ്ബർ ഗവേഷണകേന്ദ്രത്തിലെ മുൻ ജോയിന്റ് ഡയറക്ടർ കൂടിയായ ഡോ. ജേക്കബ് മാത്യു പറയുകയുണ്ടായി.

കേരളസർക്കാർ പ്ലാസ്റ്റിക് ഗ്രോ ബാഗുകൾക്ക് പകരം കട്ടികൂടിയ 'ഹൈ ഡെൻസിറ്റി പോളി എത്തിലിൻ' ഗ്രോ ബാഗുകളാണ് ഇപ്പോൾ പച്ചക്കറികൾ നട്ടുവളർത്തുന്നതിന് ശുപാർശ ചെയ്യുന്നത്. ഇതിനു പകരമായി കറുത്ത നിറമുള്ള റബ്ബർചെടിച്ചട്ടികൾ സ്വയംഭരണസ്ഥാപനങ്ങൾ, കൃഷിഭവനുകൾ എന്നിവവഴി വിതരണം ചെയ്യാമെന്നുള്ള ഉത്തരവ് കേരളസർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

പ്ലാസ്റ്റിക് ഗ്രോ ബാഗുകൾ ഒരു വർഷത്തിനുള്ളിൽ നശിച്ചുപോകാൻ സാധ്യതയുള്ളപ്പോൾ റബ്ബർ ചെടിച്ചെട്ടികൾ പത്തുവർഷത്തിലധികം ഉപയോഗിക്കാനാകും. അവ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുകയുമില്ല. അലങ്കാര ച്ചെടികൾ നടുന്ന റബ്ബർചട്ടികളും റബ്ഫാം നിർമിക്കുന്നുണ്ട്. താഴെ വീണാലോ വാഹനങ്ങൾ തട്ടിയാലോ ഉടഞ്ഞുപോകുന്നില്ല എന്നതും ഈ ചട്ടികളുടെ സവിശേഷതകളാണ്. വിവിധ വർണങ്ങളിലുള്ളതും സുഗന്ധം വമിക്കുന്നതുമായ ചട്ടികളും റബ്ഫാം നിർമിക്കുന്നുണ്ട്. ഇപ്പോൾ വിപണിയിൽ ലഭ്യമാക്കിയിട്ടുള്ളത് പത്ത് സെന്റീമീറ്ററും (നാലിഞ്ച്) 18.75 സെന്റീമീറ്ററും (ഏഴരയിഞ്ച്) വലുപ്പമുള്ള ചട്ടികളാണ്. ആകർഷണീയതയുടെ കാര്യത്തിൽ സെറാമിക് ചട്ടികളോട് കിടപിടിക്കുന്ന ഇവയ്ക്ക് സെറാമിക് ചട്ടികളേക്കാൾ വില കുറവാണ്.



*റബ്ഫാം ഉത്പാദിപ്പിച്ച ചെടിച്ചട്ടികൾ*

# വനിതാകർഷകരുടെ ഉന്നമനത്തിനായി തേനീച്ചവളർത്തൽ

ഗ്രാമപ്രദേശങ്ങളിലുള്ളവരുടെ വരുമാനവും തൊഴിൽസാധ്യതയും വർദ്ധിപ്പിക്കാൻ ഉതകുന്ന ഒന്നാണ് തേനീച്ചവളർത്തൽ. റബ്ബർമേഖല യിലെ വനിതാകർഷകർക്ക് ഒരു അനുബന്ധവരുമാനമാർഗം എന്ന നിലയിൽ തേനീച്ചവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി 'ബ്രിഡ്ജ്സ്റ്റോൺ ഇന്ത്യ' കമ്പനി യുടെ സാമ്പത്തികസഹായത്തോടെ 'സോളിഡാരിഡാഡ് ഉന്നതി' തേനീച്ചവളർത്തലിൽ രണ്ടുദിവ സത്തെ പരിശീലനപരിപാടി സംഘടിപ്പിച്ചു.






ഇടുക്കി ജില്ലയിലെ മുട്ടത്തിനടു ത്തുള്ള കാക്കൊമ്പ് റബ്ബറുത്പാദക സംഘത്തിൽ വെച്ച് നടത്തപ്പെട്ട പരിശീ ലനപരിപാടി ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർ സെലീനാമ്മ കെ.പി. ഉദ്ഘാടനം ചെയ്തു. ഡോ. ജേക്കബ് മാത്യു (റബ്ബർ എക്സ്പേർട്ട് സോളിഡാരി ഡാഡ്), ജോസഫ് മാത്യു (പ്രസിഡന്റ്, കാക്കൊമ്പ് റബ്ബറുത്പാദകസംഘം), ശ്രീരാഗ് പി.പി. (പ്രോഗ്രാം മാനേജർ, സോളിഡാരിഡാഡ്) എന്നിവർ സംസാ രിച്ചു. ഇരുപത് വനിതകളടക്കം നാൽപ തോളം പേർ പരിശീലനത്തിൽ പങ്കെടുത്തു. തേനീച്ചവളർത്തൽ പരിശീലകൻ ബിജു ജോസഫ് ക്ലാസുകൾക്ക് നേതൃത്വം നൽകി. •

ചട്ടിയിൽ നട്ടിട്ടുള്ള ചെടിക്ക് ഒഴിക്കുന്ന അധികജലം വാർന്നുപോകുന്നത് ശേഖരിക്കുന്നതിനായി ചട്ടിയുടെ അടിയിൽ വയ്ക്കാവുന്ന ഒരു റബ്ബർതളികയും ലഭ്യമാണ്. വെള്ളം അധികം ആവശ്യമില്ലാത്ത കാക്റ്റസ് ഇനത്തിലും സക്കുലന്റ് ഇന ത്തിലും പെട്ട ചെടികൾക്ക് ഈ ചട്ടികൾ ഉത്തമമാണ്. റബ്ബർ ജലം ആഗീകരണം ചെയ്യുന്നില്ല എന്നതിനാൽ മണ്ണിൽ ജലാംശം അധികം നിലനിൽക്കും.

### റബ്ഫാം (RUBFARM)

രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതി വഴി കേരളത്തിലെ കൃഷിവകുപ്പിന്റെ കീഴിലുള്ള ചെറുകിട കർഷകവ്യാപാര കൺസോർഷ്യം (SFAC) നടപ്പാക്കുന്ന 'ഫാർമർ പ്രൊഡ്യൂസിങ് ഓർഗനൈസേഷൻ പ്രോത്സാ ഹന പദ്ധതി'-യുടെ ഗുണഭോക്താവാണ് 'റബ്ഫാം'.

കമ്പനിയുമായി ബന്ധപ്പെട്ട ഉത്പാദകസംഘങ്ങൾ മുഖേന ഉത്പന്നങ്ങൾ നിർമിച്ച് വിപണനം ചെയ്യാനുള്ള പദ്ധതിയും കമ്പനി വിഭാവനം ചെയ്യുന്നുണ്ട്. റബ്ബർ ബോർഡിന്റെ ഇൻക്യുബേഷൻ സെന്ററിന്റെ സാങ്കേതിക സഹായത്തോടെ, ചൂലുകളിൽ പ്ലാസ്റ്റിക് ഉറകൾക്ക് പകരമായി ഉപയോഗിക്കാവുന്ന റബ്ബർഉറകൾ റബ്ഫാം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഗാർഹികോപയോഗത്തിനാ യുള്ള കൈയ്യുറകളും വിരലുറകളും റബ്ബർമാറ്റുകളും കമ്പനി നിർമിച്ച് വിപണനം ചെയ്യുന്നുണ്ട്.

### വിപണനം

റബ്ഫാം ഉത്പന്നങ്ങൾ തെരഞ്ഞെടുക്കപ്പെട്ട റബ്ബറുത്പാദകസംഘങ്ങൾ വഴി വിപണനം ചെയ്യുന്നുണ്ട്. ആമസോൺ, ഫ്ളിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ ആപ്പുകൾ വഴിയും ഒ.എൻ.ഡി.സി. (Open Network for Digital Commerce) വഴിയും ഉത്പന്നങ്ങൾ ലഭ്യമാണ്. കേരളസർക്കാർ സ്ഥാപനമായ 'കേരള ഗ്രോ'-യുടെ ഔട്ട്ലെറ്റുകളിലും ഇവ ലഭിക്കും.

### റബ്ബർതൈകൾ

ഉത്പന്നനിർമാണത്തിന് പുറമെ ഗുണമേന്മയുള്ള റബ്ബർതൈകൾ ഉത്പാദിപ്പിച്ച് കർഷകർക്ക് നൽകുന്ന പദ്ധതിയും റബ്ഫാമിനുണ്ട്. റബ്ബർതൈകൾ ഉത്പാദിപ്പി ക്കുന്നതിന് അസമിലെ അഗിയ കേന്ദ്രീകരിച്ച് ഒരു റബ്ബർ നഴ്സറിയും കമ്പനി സ്ഥാപിച്ചിട്ടുണ്ട്. റബ്ബർബോർഡ് 'ആത്മ'യുമായി സഹകരിച്ച് നടപ്പാക്കിവരുന്ന 'ഇൻറോഡ്' (ഇന്ത്യൻ നാച്ചുറൽ റബ്ബർ ഓപ്പറേഷൻ ഫോർ അസിസ്റ്റഡ് ഡെവലപ്മെന്റ്) പദ്ധതിയിലേക്ക് കഴിഞ്ഞ രണ്ടു വർഷ ങ്ങളായി ഈ നഴ്സറിയിൽ നിന്ന് തൈകൾ വിതരണം ചെയ്തുവരുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട വിലാസം :
റബ്ഫാം പ്രൊഡ്യൂസർ കമ്പനി,
രണ്ടാം നില, വെള്ളിയേപ്പള്ളി ബിൽഡിങ്,
ന്യൂ ബസാർ റോഡ്, പാലാ, കോട്ടയം 68 65 75
ഫോൺ 85 47 64 91 56
ഇ-മെയിൽ: rubfarmco@gmail.com •

# ടയർക്കമ്പനികൾ റബ്ബർവിപണിയിൽ സജീവമാകണം

-എം. വസന്തഗേശൻ ഐ.ആർ.എസ്.




ടയർക്കമ്പനികൾ ആഭ്യന്തര റബ്ബർവിപണിയിൽ സജീവമായി ഇടപെടണമെന്നും തുടർച്ചയായ റബ്ബർ സംഭരണം ഉറപ്പാക്കണമെന്നും റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ആവശ്യപ്പെട്ടു. ടയർക്കമ്പനികളുടെ പ്രതിനിധികൾ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട റബ്ബറുപഭോക്താക്കളുമായി നടത്തിയ യോഗത്തിലാണ് അദ്ദേഹം ഈ നിർദ്ദേശം മുന്നോട്ടുവെച്ചത്. മാസങ്ങളായി റബറിന്റെ വില അതിവേഗം കുറയുന്ന സാഹചര്യത്തിലാണ് ഇത്തരത്തിലുള്ള നടപടി ആവശ്യമായിരിക്കുന്നത്.

റബ്ബറിന്റെ സുസ്ഥിരമായ വിപണിക്ക് മൂല്യശൃംഖലയിലെ എല്ലാ പങ്കാളികളുടെയും ദീർഘകാലാടിസ്ഥാനത്തിലുള്ള പരസ്പരപിന്തുണ നിർണായകമാണ്. എല്ലാവരുടെയും താൽപര്യങ്ങൾ സന്തുലിതമാക്കുക എന്നത് വളരെ പ്രധാനമാണ്. കഴിഞ്ഞ വർഷത്തെ ഏറ്റവും ഉയർന്ന ഉത്പാദനകാലയളവിലെ വൻതോതിലുള്ള ഇറക്കുമതി മൂലം റബ്ബർവില കുറയാൻ ഇടയായി. ആ സമയത്ത് റബ്ബർകർഷകർ തുടർച്ചയായ ടാപ്പിങ്ങിൽ നിന്ന് വിട്ടുനിൽക്കുകയും ഉത്പാദിപ്പിക്കുന്ന റബ്ബർപാൽ ഷീറ്റാക്കി മാറ്റുന്നതിന് പകരം പാൽ ആയിത്തന്നെ വിപണം നടത്തുകയും ചെയ്തു. ഈ വർഷം ഇനിയും വിലയിടിവ് തുടർന്നാൽ കഴിഞ്ഞ വർഷത്തെ അതേ സാഹചര്യം ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ ഉത്പന്നനിർമാതാക്കളെ ഓർമിപ്പിച്ചു. ഈ സാഹചര്യത്തിൽ വൻതോതിലുള്ള റബ്ബർ ഇറക്കുമതിക്ക് മുതിരാതെ ആഭ്യന്തരവിപണിയിൽ നിന്ന് പരമാവധി റബ്ബർ സംഭരിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. റബ്ബർ പോലെയുള്ള ഒരു ദീർഘകാലവിളയിൽ പെട്ടെന്നുണ്ടാകുന്ന വിലയിടിവും അനിശ്ചിതത്വവും തുടരുന്നത് നല്ലതല്ലെന്നും അത്തരത്തിലുള്ള സാഹചര്യം തരണം ചെയ്യാൻ ഉത്പന്നനിർമാതാക്കളുടെ കൈത്താങ്ങ് ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. ഇപ്പോൾ ടാപ്പുചെയ്യാതെ കിടക്കുന്ന തോട്ടങ്ങളിൽ ടാപ്പിങ് ആരംഭിച്ച് സ്ഥിരമായ റബ്ബർലഭ്യത ഉറപ്പുവരുത്തുന്നതോടൊപ്പം കൂടുതൽ സ്ഥലങ്ങളിൽ പുതുതായി തോട്ടങ്ങൾ വച്ചുപിടിപ്പിക്കേണ്ടതുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. നൈപുണ്യമുള്ള ടാപ്പർമാരുടെ കുറവ് പരിഹരിക്കുന്നതിന് വേണ്ട നടപടികൾ ബോർഡ് സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഗുണമേന്മയുള്ള ഷീറ്റുനിർമാണം റബ്ബർകർഷകർക്കും വ്യവസായമേഖലയ്ക്കും ഒരുപോലെ ഗുണകരമാകും. അതിന്റെ പ്രോത്സാഹനത്തിന് ആവശ്യമായ നടപടികൾ ബോർഡ് സ്വീകരിക്കും. കോമ്പൗണ്ടഡ് റബ്ബറിന്റെ വൻതോതിലുള്ള ഇറക്കുമതി ആശങ്കയുണ്ടാക്കുന്നതാണെന്നും അതിനാൽ വിപണിയിലെ ചലനങ്ങൾ റബ്ബർബോർഡ് സസൂക്ഷ്മം നിരീക്ഷിക്കുകയും ആഭ്യന്തര റബ്ബർവിപണി സുസ്ഥിരമാകാൻ ഉപകരിക്കുന്ന നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിന് സഹായിക്കുന്ന റിപ്പോർട്ടുകൾ കേന്ദ്രസർക്കാരിലേക്ക് നൽകുകയും ചെയ്യുമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ പറഞ്ഞു. •






എം. രാധാമണി
ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ

## പ്രവർത്തനമികവുമായി

# മൂലോത്തുംകുന്ന് സംഘം

ഇന്ത്യയിൽ വ്യാവസായികാടിസ്ഥാനത്തിൽ റബ്ബർകൃഷി ആരംഭിച്ചത് 1902-ൽ ആണ്. എന്നാൽ, റബ്ബർബോർഡിന്റെ കൃഷിവികസന പദ്ധതികൾ നടപ്പിലായത് മുതലാണ് റബ്ബർ കൃഷി ജനകീയമായിത്തീർന്നത്. 1979-ലെ പുതുക്കൃഷി ധനസഹായപദ്ധതി വിപ്ലവകരമായ മാറ്റത്തിന് നാന്ദി കുറിച്ചു. പിന്നീടുവന്ന ഓരോ പഞ്ചവത്സരപദ്ധതികളും റബ്ബർകൃഷിയെ ചേർത്തുപിടിച്ചു. എസ്റ്റേറ്റുമേഖലയ്ക്ക് പുറമെ സാധാരണക്കാരന്റെ പുരയിടത്തിലും അത്യുത്പാദനശേഷിയുള്ള റബ്ബർമരങ്ങൾ തഴച്ചു വളർന്നു. താലൂക്ക് - ജില്ലാ കേന്ദ്രീകൃതമായി മാർക്കറ്റിങ് സഹകരണസംഘങ്ങൾ 1960-കളിൽ തന്നെ രൂപംകൊണ്ടിരുന്നുവെങ്കിലും ഗ്രാമങ്ങളിലുള്ള ചെറുകിടകർഷകർക്ക് അതിന്റെ പ്രയോജനം അത്രകണ്ട് ലഭിച്ചിരുന്നില്ല.

1986-ൽ ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് റബ്ബറുത്പാദകസംഘങ്ങൾ (റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റി - ആർ.പി.എസ്.) രൂപവത്കരിക്കാൻ തുടങ്ങിയത് റബ്ബർകൃഷിയുടെ ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലായി. ആർ.പി.എസ്. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന റബ്ബറുത്പാദകസംഘങ്ങൾ ഇന്ന് റബ്ബർകർഷകരെ സംബന്ധിച്ച് അവരുടെ പ്രധാന ആശ്രയം ആണ്. കൃഷിസംബന്ധമായ ഏതു കാര്യത്തിനും അവർക്ക് സംഘത്തെ ആശ്രയിക്കാനും വിശ്വസിക്കാനും പറ്റും.

വിലത്തകർച്ചയെ നേരിടാനായി കേരള സർക്കാർ ഒരു കിലോ ഷീറ്റുറബ്ബറിന് 150 രൂപ ഉറപ്പാക്കുന്ന റബ്ബറുത്പാദനപ്രോത്സാഹനപദ്ധതി തുടങ്ങിയപ്പോൾ അത് നടപ്പാക്കാനായി ഉത്പാദകസംഘങ്ങളെ ഏൽപിച്ചത് അവയുടെ പ്രവർത്തനങ്ങൾക്കുള്ള ഏറ്റവും വലിയ അംഗീകാരമായി. കേവലം 50 സെന്റ് സ്ഥലത്തെങ്കിലും റബ്ബർകൃഷി ഉള്ളവർക്ക് റബ്ബറുത്പാദകസംഘത്തിൽ അംഗങ്ങളാകാം. ഇത്തരത്തിൽ 2588 സംഘങ്ങൾ ഇന്ന് ഇന്ത്യയൊട്ടാകെ പ്രവർത്തിച്ചുവരുന്നു.

1987-ൽ കണ്ണൂർ ജില്ലയിലെ ആലക്കോട് പട്ടണത്തിന് ചുറ്റുമുള്ള ഏതാനും കർഷകരുടെ കൂട്ടായ്മയിൽ പിറന്നതാണ് മൂലോത്തുംകുന്ന് റബ്ബറുത്പാദകസംഘം. കപ്യാരുമലയിൽ ജോസ് മാസ്റ്റർ ആയിരുന്നു സംഘത്തിന്റെ പ്രഥമ പ്രസിഡന്റ്. റബ്ബർബോർഡ് നൽകുന്ന



*സംഘത്തിന്റെ ഭരണസമിതിയംഗങ്ങൾ റബ്ബർബോർഡുദ്യോഗസ്ഥരോടൊപ്പം*



*സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കാർഷികവസ്തുക്കളുടെ വിപണനശാല*

അടിസ്ഥാനസൗകര്യങ്ങളും സാമ്പത്തികസഹായവും പ്രയോജനപ്പെടുത്തി സൗജന്യനിരക്കിൽ തോട്ടങ്ങളിൽ മരുന്ന് തളിച്ചുകൊടുത്തും രാസവളങ്ങൾ വിതരണം ചെയ്തുകൊണ്ടുമായിരുന്നു പ്രവർത്തനങ്ങളുടെ തുടക്കം. ഇതുവഴി വിവിധങ്ങളായ പദ്ധതികളുടെ പ്രയോജനം എല്ലാ കർഷകർക്കും ലഭിച്ചുതുടങ്ങി. അകാലിക ഇലകൊഴിച്ചിലിനെ പ്രതിരോധിക്കാനുള്ള മരുന്നുതളിപോലെ എസ്റ്റേറ്റ് മേഖലകളിൽ മാത്രം നിലനിന്നിരുന്ന ചെലവുകൂടിയ കാർഷികപ്രവർത്തനങ്ങൾ ചെറുകിട നാമമാത്ര കർഷകരുടെ കൃഷിയിടങ്ങളിലേക്കും നടപ്പാക്കാൻ കഴിഞ്ഞത് എടുത്തുപറയേണ്ട പ്രവർത്തനങ്ങളിൽപെടുന്നു. നാലുപതിറ്റാണ്ടിനോടടുത്ത സംഘത്തിന്റെ പ്രവർത്തനങ്ങളുടെ ഫലമായി ധാരാളം തോട്ടങ്ങൾ പുതുതായി ഉണ്ടാകുകയും നിലവിലുള്ള തോട്ടങ്ങൾ ശാസ്ത്രീയമായി സംരക്ഷിക്കപ്പെടുന്നതുമൂലം ഉത്പാദനവും ഉത്പാദനക്ഷമതയും നല്ല തോതിൽ വർദ്ധിക്കുകയും ചെയ്തു. സംഘാംഗങ്ങൾക്കും ടാപ്പിങ്തൊഴിലാളികൾക്കും കാലോചിതമായ ബോധവത്കരണക്ലാസ്സുകളും പരിശീലനങ്ങളും നൽകുന്നതിലും വിവിധങ്ങളായ പദ്ധതികളിൽ ഉൾപ്പെടുത്തി യോഗ്യരായ എല്ലാവർക്കും ധനസഹായങ്ങളും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിലും മുലോത്തുംകുന്ന് റബ്ബറുത്പാദകസംഘം എന്നും മുൻപന്തിയിൽ തന്നെ നിലകൊണ്ടിരുന്നു.

സംസ്ഥാനസർക്കാർ റബ്ബർബോർഡുമായി ചേർന്ന് നടപ്പാക്കിവരുന്ന റബ്ബറുത്പാദനപ്രോത്സാഹനപദ്ധതി വഴി 6,66,91676 രൂപ അർഹരായ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ ഇതിനോടകം എത്തിക്കാൻ സംഘത്തിന് സാധിച്ചിട്ടുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിന്റെ (എൻ.ഐ.ആർ.റ്റി.) നേതൃത്വത്തിൽ പ്രധാനമന്ത്രി കൗശൽ വികാസ് യോജന (പി.എം.കെ.വി.വൈ.) പദ്ധതി പ്രകാരം വിവിധങ്ങളായ പരിശീലനപരിപാടികളും സർട്ടിഫിക്കറ്റ് കോഴ്സുകളും ആവശ്യാനുസരണം നടപ്പാക്കുക വഴി സ്ത്രീകളുൾപ്പെടെയുള്ള ധാരാളം കർഷകർക്ക് പ്രയോജനം ലഭിച്ചുവരുന്നു. ആരോഗ്യവകുപ്പ്, സന്നദ്ധസംഘടനകൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് ആരോഗ്യപരിരക്ഷയ്ക്കുതകുന്ന ബോധവത്ക്കരണക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും വഴി കർഷകർക്കുപുറമേ വിദ്യാർത്ഥികളുൾപ്പെടെയുള്ള ധാരാളം പേർക്ക് പ്രയോജനം ലഭിച്ചു.

തേർത്തല്ലി പട്ടണത്തിന്റെ ഹൃദയഭാഗത്ത് മൂന്നു നിലയിൽ (ഒരു നില റോഡുനിരപ്പിന് താഴെ) തലയുർത്തി നിൽക്കുന്ന സ്വന്തം കെട്ടിടത്തിലാണ് സംഘത്തിന്റെ ഓഫീസ് പ്രവർത്തിക്കുന്നത്. ട്രെയിനിങ് ഹാൾ, ഗോഡൗൺ എന്നിവയും ഈ കെട്ടിടത്തിലാണ്. സംഘത്തിന്റ ഡയറക്ടർമാരുടെ സംഭാവനയായി ലഭിച്ച മൂന്ന് സെന്റ് സ്ഥലത്ത് റബ്ബർബോർഡിന്റെ ധനസഹായത്തോടെ രണ്ടു ഘട്ടമായായാണ് കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചത്. എല്ലാ ദിവസവും വൈകുന്നേരം അഞ്ച് മണി മുതൽ രാത്രി ഏകദേശം 8 മണി വരെ ഓഫീസ് തുറന്നു പ്രവർത്തിക്കുന്നതുകൊണ്ട് എല്ലാവിധ സേവനങ്ങളും യഥാസമയം നൽകാൻ കഴിയുന്നു. തൊഴിലാളിക്ഷേമപദ്ധതിയിലുൾപെടുന്ന വിവിധങ്ങളായ ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷാഫോറങ്ങളും മറ്റും സംഘത്തിൽ നിന്നും പ്രിന്റ് എടുത്തു നൽകുന്നത് വിദ്യാർത്ഥികളുൾപെടെ ധാരാളം പേർക്ക് പ്രയോജനപ്പെടുന്നു. കമ്പ്യൂട്ടർ - ഇന്റർനെറ്റ് സൗകര്യങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനാൽ ഓൺലൈനായി നൽകേണ്ട സേവനങ്ങളെല്ലാം തന്നെ ഏറ്റെടുത്ത് ചെയ്യാൻ സാധിക്കുന്നുണ്ട്. കമ്മറ്റിയംഗങ്ങൾ ഉൾപ്പെടെയുള്ള സംഘാംഗങ്ങൾക്ക് കോട്ടയത്തുള്ള ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രം, പടിയൂരിൽ പ്രവർത്തിക്കുന്ന പ്രാദേശിക റബ്ബർഗവേഷണകേന്ദ്രം, കാവണാർ ലാറ്റക്സ് കമ്പനി, നന്നായി പ്രവർത്തിക്കുന്ന മറ്റു റബ്ബറുത്പാദക സംഘങ്ങൾ എന്നിവിടങ്ങളിലേക്ക് പഠന-വിനോദ യാത്രകൾ സംഘടിപ്പിച്ചത് സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് ഊർജ്ജസ്വലത പകരാൻ സഹായിച്ചു. കാഞ്ഞങ്ങാട് റബ്ബേഴ്സ് ലിമിറ്റഡ് കമ്പനിയുമായി സഹകരിച്ച് കാർഷികവസ്തുക്കളുടെ വിതരണവും ഒട്ടുപാൽസംഭരണവും വളരെ മികച്ച രീതിയിൽ നടത്തിവരുന്നു. സംഘത്തിന്റെ ഓഫീസിലെ അലമാരയിൽ നിരത്തിവെച്ചിരിക്കുന്ന പുരസ്കാരങ്ങൾ സംഘത്തിന്റെ പ്രവർത്തനമികവ് സാക്ഷ്യപ്പെടുത്തുന്നു. ഇപ്പോഴത്തെ സംഘം പ്രസിഡന്റ് മാത്യു കരുവാച്ചിറ (റോയി) കാഞ്ഞങ്ങാട് റബ്ബേഴ്സ് ലിമിറ്റഡ് കമ്പനിയുടെ ഡയറക്ടർ കൂടിയാണ്.

*കൊറിനിസ്പോറ*, കൊളറ്റോട്രിക്കം എന്നീ രോഗങ്ങളുടെ സാന്നിധ്യം തോട്ടങ്ങളിൽ സ്ഥിരീകരിച്ചപ്പോൾ തന്നെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെയും, എൻ.ഐ.ആർ.റ്റി.-യുടെയും സഹകരണത്തോടെ ബോധവത്ക്കരണം നടത്തുന്നതിനും ഒപ്പം പ്രതിരോധ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും സംഘം നടത്തിയ പ്രവർത്തനങ്ങൾ മാതൃകാപരമാണ്.

ഈ കൂട്ടായ്മയ്ക്ക് ഇനിയുമേറെ ചെയ്യാനുണ്ട് എന്ന ശുഭാപ്തി വിശ്വാസത്തിലാണ് ഭരണസമിതി. മാത്യു കരുവാച്ചിറ (പ്രസിഡന്റ്), സോണി മേട്ടയിൽ (വൈസ് പ്രസിഡന്റ്), സേവ്യർ എടാട്ടേൽ, മാത്യു ആർപ്പൂക്കര, ഫിലിപ്പ് ചെറുകരക്കുന്നേൽ, ജോസ് ഊഴിക്കാട്ട്, ഷാജു അന്തീനാട്ട് എന്നിവരാണ് പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന ഇപ്പോഴത്തെ ഭരണസമിതിയംഗങ്ങൾ. റബ്ബർ ഒരു പ്രധാന കാർഷികവിളയായ ഈ ഗ്രാമത്തിലെ റബ്ബറുത്പാദനം, ഉത്പാദനക്ഷമത എന്നിവ മികച്ചതാണ്. അതിന് മൂലോത്തുംകുന്ന് റബ്ബറുത്പാദകസംഘം വഹിച്ച പങ്ക് വിലമതിക്കാനാവാത്തതാണ്. •

# റബ്ബർവ്യവസായമേഖലയുടെ സുസ്ഥിരതയ്ക്കുള്ള കണ്ടുപിടുത്തങ്ങളെക്കുറിച്ച് സെമിനാർ




റബ്ബർപാർക്ക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡും റബ്ബർപാർക്ക് മാനുഫാക്ച്ചറേഴ്സ് അസോസിയേഷനും (RUPMA) ചേർന്ന് റബ്ബർവ്യവസായമേഖലയുടെ സുസ്ഥിരതയ്ക്കുവേണ്ടിയുള്ള കണ്ടുപിടുത്തങ്ങളെക്കുറിച്ച് നടത്തിയ സെമിനാർ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ഉദ്ഘാടനം ചെയ്തു. എറണാകുളം ജില്ലയിൽ വളയൻചിറങ്ങരയുള്ള റബ്ബർപാർക്കിൽ വെച്ചാണ് സെമിനാർ സംഘടിപ്പിച്ചത്.

വ്യവസായമേഖലയിലുള്ളവരും അക്കാദമിക്ക് രംഗത്തുള്ളവരും തമ്മിൽ യോജിച്ച് പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണെന്നും കൂടുതൽ 'സ്റ്റാർട്ടപ്പു'കളുമായി പുതിയ സംരംഭകരെ റബ്ബർമേഖലയിലേക്ക് ആകർഷിക്കണമെന്നും ഉദ്ഘാടനപ്രസംഗത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ പറഞ്ഞു. യൂറോപ്പിലേക്കും മറ്റ് അന്തർദേശീയ വിപണികളിലേക്കും റബ്ബർ കയറ്റുമതി ചെയ്യുന്നതിനായി യൂറോപ്യൻ യൂണിയന്റെ മാനദണ്ഡങ്ങൾ പാലിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വ്യവസായ മേഖലയ്ക്ക് ഇതിനുള്ള മാർഗനിർദേശങ്ങൾ റബ്ബർഗവേഷണകേന്ദ്രം വഴി റബ്ബർബോർഡ് നൽകുമെന്നും അദ്ദേഹം പറഞ്ഞു. കാലാവസ്ഥാ വ്യതിയാനത്തിന്റെയും ആഗോളതാപനത്തിന്റെയും വെളിച്ചത്തിൽ സുസ്ഥിരതയ്ക്കായി റബ്ബറുത്പന്നനിർമാണത്തിൽ പരിസ്ഥിതിസൗഹൃദങ്ങളായ അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം എടുത്തുപറഞ്ഞു

കേരള റബ്ബർ ലിമിറ്റഡിന്റെ ചെയർപേഴ്സണും മാനേജിങ് ഡയറക്ടറുമായ ഷീല തോമസ് ഐ.എ.എസ്. (റിട്ട.) ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. റബ്ബർവ്യവസായമേഖലയിൽ കൂടുതൽ സംരംഭങ്ങൾ തുടങ്ങുന്നതിന് വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുക എന്നതാണ് കേരള റബ്ബർ ലിമിറ്റഡിന്റെ ലക്ഷ്യമെന്ന് അവർ പറഞ്ഞു.

അനീസ് ടി.എം. (അസിസ്റ്റന്റ് മാനേജർ, ഇലക്ട്രിക്കൽ, റബ്ബർപാർക്ക്) യോഗത്തിൽ സ്വാഗതം പറഞ്ഞു. റബ്ബർപാർക്കിന്റെ മാനേജിങ് ഡയറക്ടർ ജോർജ് വി. ജെയിംസ് അധ്യക്ഷപ്രസംഗം നടത്തി. എം.എസ്. പ്രതാപ് (പ്രസിഡന്റ്, RUPMA), അനീസ് എൻ.എ. (സെക്രട്ടറി, KSSIA, എറണാകുളം) എന്നിവരും യോഗത്തിൽ സംസാരിച്ചു. ഡോ. ദിലീപ് പി. (അസിസ്റ്റന്റ് ഡയറക്ടർ, റബ്ബർപാർക്ക്) നന്ദി പറഞ്ഞു. 'റബ്ബർ ഇൻസൈറ്റ്സ് 2024' എന്ന പേരിൽ നടത്തിയ സെമിനാറിൽ റബ്ബർവ്യവസായമേഖലയിലെ വിവിധ കമ്പനികളുടെ പ്രതിനിധികളും റബ്ബർബോർഡിലെ സാങ്കേതികവിദഗ്ദ്ധരും പങ്കെടുത്തു. •

# ഇന്ത്യൻ റബ്ബർ സ്റ്റാറ്റിസ്റ്റിക്സിന്റെ 45-ാം പതിപ്പ് വിൽപനയ്ക്ക്




ഇന്ത്യൻ റബ്ബർ സ്റ്റാറ്റിസ്റ്റിക്സിന്റെ 45-ാം പതിപ്പ് വിൽപനയ്ക്ക് ലഭ്യമാണ്. റബ്ബറുമായി ബന്ധപ്പെട്ട് ഇന്ത്യയിലെയും വിദേശത്തെയും 2013-14 മുതലുള്ള സ്ഥിതിവിവരക്കണക്കുകളുടെ വിപുലമായ ശേഖരം അടങ്ങുന്നതാണ് ഇന്ത്യൻ റബ്ബർ സ്റ്റാറ്റിസ്റ്റിക്സിന്റെ പുതിയ പതിപ്പ്. കോമ്പൗണ്ടഡ് റബ്ബറിന്റെ ഇറക്കുമതി, കയറ്റുമതി എന്നിവ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകളും പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയിരം രൂപയാണ് പുസ്തകത്തിന്റെ വില (തപാൽ ചെലവ് പുറമെ). പുസ്തകം ആവശ്യമുള്ളവർ ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റാറ്റിസ്റ്റിക്സ് & പ്ലാനിങ് ഡിവിഷൻ, റബ്ബർബോർഡ് എന്ന വിലാസത്തിൽ ബന്ധപ്പെടുക.

ഇ-മെയിൽ: jdnsp@rubberboard.org.in, dd-nsp@rubberboard.org.in





ബെന്നി കെ.കെ.
ഫാം ഓഫീസർ

# പനംപുന്ന എസ്റ്റേറ്റ് –
# വിളവെടുപ്പിന്റെ ഉദാത്തമാതൃക

റബ്ബർ കൃഷിചെയ്ത് കൃത്യമായ പരിപാലനം നടത്തി വളർത്തി വലുതാക്കുന്നതുപോലെ വളരെ പ്രധാനപ്പെട്ട ഒന്നാണ് അതിൽനിന്ന് പരമാവധി വിളവെടുക്കുക എന്നതും. ഒരു ദീർഘകാലവിളയായ റബ്ബറിൽ ശാസ്ത്രീയമായ വിളവെടുപ്പുരീതികൾ അവലംബിച്ച് മരത്തിന്റെ ആരോഗ്യത്തിന് കോട്ടം തട്ടാത്ത രീതിയിൽ പരമാവധി വിളവെടുക്കണം. അതോടൊപ്പം കൂടുതൽ കാലം വിളവെടുക്കുക എന്നതും പ്രധാനമാണ്. നമ്മുടെ നാട്ടിലെ കർഷകരിൽ പലരും തൈകൾ വളർത്തി വലുതാക്കാൻ കൊടുക്കുന്നത്ര ശ്രദ്ധ വിളവെടുപ്പിന്റെ കാര്യത്തിൽ കാണിക്കുന്നുണ്ടോ എന്ന് സംശയമാണ്. സ്വയം ടാപ്പുചെയ്യുന്ന കർഷകർക്ക് ഇക്കാര്യത്തിൽ കുറേക്കൂടി നന്നായി ചെയ്യാൻ കഴിയുന്നുണ്ട്. 25–30 വർഷം വിളവെടുക്കാവുന്ന മരങ്ങൾ പലപ്പോഴും 15–20 വർഷങ്ങൾ കഴിയുമ്പോൾ തന്നെ നാടൻ ഭാഷയിൽ പറഞ്ഞാൽ ‘കടുംവെട്ട്’ (സ്ലോട്ടർ ടാപ്പിങ്) നടത്തി ആവർത്തനക്കൃഷി ചെയ്യുന്ന ഒരു പ്രവണതയാണ് കാണുന്നത്. ആവർത്തനക്കൃഷികൾക്കിടയ്ക്കുള്ള ദൈർഘ്യം കുറയുന്നത് കൃഷിച്ചെലവ് കൂട്ടുകയേ ഉള്ളൂ.

നൈപുണ്യവും ആത്മാർത്ഥതയും ഉള്ള ടാപ്പർമാരുടെ കുറവ് ഈ മേഖലയ്ക്ക് ഒരു വെല്ലുവിളിയാണ്. ചെറുപ്പക്കാർ ടാപ്പിങ്തൊഴിലിലേക്ക് കടന്നുവരാൻ മടിക്കുന്നതും റബ്ബറിന്റെ വിളവെടുപ്പിനെ സാരമായി ബാധിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കർഷകർക്ക് ചെയ്യാൻ കഴിയുന്നത് ടാപ്പിങ്ങിന്റെ ഇടവേള കൂട്ടി ലഭ്യമായിട്ടുള്ള മിടുക്കരായ ടാപ്പർമാരെ പരമാവധി പ്രയോജനപ്പെടുത്തി കൂടുതൽ കാലം ശാസ്ത്രീയമായി വിളവെടുക്കുക എന്നതാണ്.

### പനംപുന്ന എസ്റ്റേറ്റ്

കോട്ടയം ജില്ലയിലെ വാഴൂർ ഈസ്റ്റിൽ സ്ഥിതി ചെയ്യുന്ന ഒരു വൻകിടത്തോട്ടമാണ് പനംപുന്ന എസ്റ്റേറ്റ്. ഈ തോട്ടത്തിന് 140 ഏക്കർ വിസ്തൃതിയുണ്ട്. ‘പനംപുന്ന എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡ്’ എന്ന കമ്പനിയുടെ മേൽനോട്ടത്തിലാണ് എസ്റ്റേറ്റ് പ്രവർത്തിക്കുന്നത്. മലബാറിലുള്ള കോട്ടമല എസ്റ്റേറ്റും ഈ കമ്പനിയുടെ കീഴിലാണ്. കോട്ടയത്തെ പനംപുന്ന കുടുംബത്തിലെ ജോർജ് വർഗീസ് ആണ് ഇപ്പോഴത്തെ ഇതിന്റെ മാനേജിങ് ഡയറക്ടർ. റബ്ബർകൃഷിയിൽ റബ്ബർബോർഡ് ശുപാർശ



*ഗൂജ് കത്തി ഉപയോഗിച്ച് നിയന്ത്രിത കമിഴ്ത്തിവെട്ട് നടത്തുന്നു*

ചെയ്തിരിക്കുന്ന പരിപാലനമുറകളും വിളവെടുപ്പു രീതികളും കൃത്യമായി പാലിക്കാൻ പനംപുന്ന എസ്റ്റേറ്റിന്റെ മാനേജ്മെന്റ് വളരെ ശ്രദ്ധ ചെലുത്തുന്നുണ്ട്.

പനംപുന്ന എസ്റ്റേറ്റിൽ 1991-92 കാലയളവിൽ നട്ട 7800 മരങ്ങളുണ്ട്. ആ മരങ്ങളിലെ 'എ', 'ബി', 'സി', 'ഡി', പാനലുകളിലെ ടാപ്പിങ് കഴിഞ്ഞപ്പോൾ സാധാരണ ചെയ്യുന്ന സ്ലോട്ടർ ടാപ്പിങ്ങിന് പകരം നിയന്ത്രിതകമിഴ്ത്തിവെട്ട് നടത്തി കൂടുതൽ കാലം വിളവെടുക്കാനാണ് മാനേജ്മെന്റ് തീരുമാനിച്ചത്. റബ്ബർഗവേഷണകേന്ദ്രത്തിലെ ലാറ്റക്സ് ഹാർവെസ്റ്റ് ടെക്നോളജി വിഭാഗത്തിലെ ശാസ്ത്രജ്ഞരുടെ നിർദ്ദേശാനുസരണം ഈ മരങ്ങളിൽ 'ഡി' പാനലിൽ ടാപ്പിങ് നടന്ന സമയത്ത് അവസാനത്തെ മൂന്നുവർഷം ആഴ്ചയിലൊരിക്കൽ ടാപ്പിങ്രീതിയിലേക്ക് മാറിയിരുന്നു. ഈ ടാപ്പിങ്രീതിയിൽ വിളവിൽ കുറവു വരാതെതന്നെ കുറച്ച് തൊഴിലാളികളെക്കൊണ്ട് മുഴുവൻ മരങ്ങളും കൃത്യമായി ടാപ്പുചെയ്യാൻ സാധിച്ചത് മാനേജ്മെന്റിന് താൽപര്യമായി. അതുകൊണ്ട് നിയന്ത്രിത കമിഴ്ത്തിവെട്ടും ആഴ്ചയിലൊരിക്കൽ ടാപ്പിങ്രീതിയിൽ തുടരാനാണ് അവർ തീരുമാനിച്ചത്.



*എസ്റ്റേറ്റ് മാനേജർ ബാബു വി. കുര്യൻ (ഇടത്ത്) ടാപ്പിങ്തൊഴിലാളിക്ക് നിർദേശങ്ങൾ നൽകുന്നു*

### മരത്തിന്റെ ആയുസ്സ്

റബ്ബറിൽ ആവർത്തനക്കൃഷികൾ തമ്മിലുള്ള ദൈർഘ്യം എത്രമാത്രം കൂടുന്നോ കൃഷി അത്രയ്ക്കും ആദായകരമായിരിക്കും. 20-23 വർഷത്തോളം സാധാരണ ടാപ്പിങ് (താഴോട്ടുള്ള ടാപ്പിങ്) നടത്തിയ ശേഷമാണ് കഴിഞ്ഞവർഷം പനംപുന്ന എസ്റ്റേറ്റിലെ മരങ്ങളിൽ നിയന്ത്രിതകമിഴ്ത്തിവെട്ട് തുടങ്ങിയത്. മരത്തിന്റെ ചുറ്റളവിന്റെ മൂന്നിലൊന്ന് പട്ടയിൽ ആഴ്ചയിലൊരിക്കലാണ് ടാപ്പുചെയ്യുന്നത്. കൃത്യമായി റെയിൻഗാർഡ് ചെയ്ത് ടാപ്പുചെയ്യുന്നതിനാൽ മഴക്കാലത്തും ടാപ്പിങ് ദിനങ്ങൾ ഒന്നും നഷ്ടപ്പെടുന്നില്ല. ഈ രീതിയിൽ കുറഞ്ഞത് ആറ് വർഷമെങ്കിലും നിയന്ത്രിതകമിഴ്ത്തിവെട്ട് നടത്തിയശേഷം സ്ലോട്ടർ ടാപ്പിങ് നടത്താനാണ് ഉദ്ദേശ്യമെന്നാണ് എസ്റ്റേറ്റ് മാനേജർ ബാബു വി. കുര്യൻ പറഞ്ഞത്.

### തൊഴിലാളികളുടെ വിനിയോഗം

300 മരങ്ങൾ വീതമുള്ള 26 ബ്ലോക്കുകളിലാണ് അവിടെ നിയന്ത്രിതകമിഴ്ത്തിവെട്ട് നടക്കുന്നത്. ആർ.ആർ.ഐ.ഐ. 105 ഇനത്തിൽപ്പെട്ട മരങ്ങളാണ് കൂടുതൽ. ആഴ്ചയിലൊരിക്കൽ ടാപ്പിങ്രീതി ആയതിനാൽ നാലോ അഞ്ചോ ടാപ്പിങ്തൊഴിലാളികളെ മാത്രം ഉപയോഗപ്പെടുത്തിയാണ് 7800 മരങ്ങൾ കൃത്യമായ ഇടവേളകളിൽ ടാപ്പുചെയ്തുകൊണ്ടിരിക്കുന്നത്. മിടുക്കരായ ടാപ്പർമാരെ പരമാവധി ഉപയോഗപ്പെടുത്താൻ കഴിയുന്നത് ഈ ടാപ്പിങ്രീതിയുടെ ഒരു പ്രധാന നേട്ടമാണ്.

### സ്ഥിരമായ തൊഴിൽ

നിലവിലുള്ള തൊഴിലാളികൾക്ക് സ്ഥിരമായി തൊഴിൽ നൽകാൻ കഴിയുന്നത് ഈ ടാപ്പിങ്രീതിയുടെ മറ്റൊരു മെച്ചമാണ്. മരങ്ങൾ റെയിൻഗാർഡ് ചെയ്ത് ടാപ്പുചെയ്യുന്നതിനാൽ മഴക്കാലത്തും തൊഴിലാളികൾക്ക് സ്ഥിരമായി തൊഴിൽ ലഭിക്കുന്നു. നിയന്ത്രിതകമിഴ്ത്തിവെട്ട് നടത്തുന്ന തൊഴിലാളികൾക്ക് സാധാരണ ടാപ്പിങ്ങിന് നൽകുന്നതിനേക്കാൾ കൂടുതൽ കൂലി നൽകുന്നതിനാൽ തൊഴിലാളികളും സന്തുഷ്ടരാണ് എന്നാണ് മാനേജർ പറഞ്ഞത്.

### ശാസ്ത്രീയമായ ടാപ്പിങ്

എല്ലാവർഷവും ടാപ്പിങ് ആരംഭിക്കുന്നതിന് മുമ്പ് 45 ഡിഗ്രി ചെരിവുള്ള ടെംപ്ലേറ്റ് ഉപയോഗിച്ച് മരങ്ങൾ കൃത്യമായി മാർക്ക് ചെയ്യും. പട്ടയുടെ ശരിയായ വിനിയോഗത്തിനും കൃത്യമായ ചെരിവ് നിലനിർത്തുന്നതിനും ഇത് വളരെ അത്യാവശ്യമാണ്. മാർക്കിങ് ശാസ്ത്രീയമായിരിക്കാൻ റബ്ബർബോർഡിൽ നിന്ന് സീനിയർ ടാപ്പിങ് ഡെമോൺസ്ട്രേറ്റർ ആയി വിരമിച്ച കെ. രാധാകൃഷ്ണൻ



*ആർ.എസ്.എസ്.1 എക്സ് ഗ്രേഡിലുള്ള ഷീറ്റുകൾ*



*ഷീറ്റുകൾ തരംതിരിക്കുന്നു*



*ഷീറ്റടിച്ചശേഷം വെള്ളം വാർന്നുപോകാൻ ഇട്ടിരിക്കുന്നു*

നായരുടെ മേൽനോട്ടത്തിലാണ് എല്ലാ വർഷവും മരങ്ങൾ മാർക്കുചെയ്യിക്കുന്നത്. റബ്ബർബോർഡ് ശുപാർശ ചെയ്തിരിക്കുന്ന അളവിലും ഇടവേളകളിലും ഉത്തേജ കൗഷധമായ എത്തഫോണും കൃത്യമായി പ്രയോഗിക്കു ന്നുണ്ട്.

### മികച്ച ആദായം

നിയന്ത്രിതകമിഴ്ത്തിവെട്ട് നടത്തുന്ന തോട്ടത്തിൽ ഒരു ബ്ലോക്കിൽ നിന്ന് ഒരു വർഷം 2000 കിലോഗ്രാമിൽ അധികം ഉണക്കറബ്ബർ ലഭിക്കുന്നുണ്ടെന്നാണ് മാനേജർ ബാബു വി. കുര്യൻ പറഞ്ഞത്. ആഴ്ചയിലൊരിക്കൽ ടാപ്പിങ് നടത്തുന്നതിനാൽ റബ്ബർപാലിൽ ഉണക്ക റബ്ബറിന്റെ അംശം 42 ശതമാനത്തിൽ കൂടുതൽ വരാറു ണ്ടെന്നും അദ്ദേഹം പറഞ്ഞു.

### മൂല്യവർദ്ധന

തോട്ടത്തിൽ നിന്ന് ലഭിക്കുന്ന മുഴുവൻ റബ്ബർപാലും ആർ.എസ്.എസ്. 1 എക്സ് ഷീറ്റ് ആക്കി മാറ്റുന്നതിനുള്ള സംവിധാനം എസ്റ്റേറ്റിലുണ്ട്. ഇതിനായി ഷീറ്റിങ് ബാറ്ററിയും ട്രോളി സ്റ്റാൻഡുകളും പുകപ്പുരയുമെല്ലാം ഉണ്ട്. ടയർ റീട്രേഡിങ്ങിന് ഉപയോഗിക്കുന്ന സോളും പശയും ഉണ്ടാക്കുന്ന ഒരു ഫാക്ടറിയും ഈ എസ്റ്റേറ്റി നോട് ചേർന്ന് തന്നെ പ്രവർത്തിക്കുന്നുണ്ട്. ഉയർന്ന ഗ്രേഡിലുള്ള ഷീറ്റെല്ലാം ടയർ റീട്രേഡിങ്ങിന് ഉപയോഗി ക്കുന്ന പശ ഉണ്ടാക്കുന്നതിനാണ് ഉപയോഗിക്കുന്നത്. മരത്തിൽനിന്ന് ലഭിക്കുന്ന റബ്ബർപാലിനെ മൂല്യവർധന നടത്തി ഉത്പന്നമാക്കി മാറ്റുന്നതിലൂടെ പരമാവധി ആദായം നേടാനും കമ്പനിക്ക് കഴിയുന്നുണ്ട്.



*'ഹോം സ്റ്റേ' ആയി ഉപയോഗിക്കുന്ന തോട്ടത്തിലെ ബംഗ്ലാവ്*

# നിയന്ത്രിതകമിഴ്ത്തിവെട്ട്

റബ്ബർമരങ്ങളിൽ സാധാരണമായി ടാപ്പിങ് തുടങ്ങുന്നത് 125 സെന്റീമീറ്റർ ഉയരത്തിൽ മരത്തിന്റെ പകുതി ചുറ്റളവിൽ മുകളിൽ നിന്നും താഴോട്ടാണ്. ഇരുവശങ്ങളിലുമുള്ള അസ്സൽപ്പട്ടകൾ ('എ', 'ബി' പാനലുകൾ) ടാപ്പുചെയ്തുകഴിയുമ്പോൾ അവിടെത്തന്നെ വളർന്നുവരുന്ന പുതുപ്പട്ടകളിൽ ('സി', 'ഡി' പാനലുകളിൽ) ടാപ്പിങ് തുടരും. ഇങ്ങനെ 'എ', 'ബി', 'സി', 'ഡി' പാനലുകൾ ടാപ്പുചെയ്തു തീർന്നാൽ പിന്നെ 125 സെന്റീമീറ്ററിന് മുകളിലുള്ള അസ്സൽപ്പട്ടയിൽ രണ്ടോ മൂന്നോ വർഷം സ്ലോട്ടർ ടാപ്പിങ്ങും നടത്തി മരം മുറിച്ചുമാറ്റുകയാണ് ഭൂരിപക്ഷം കർഷകരും ചെയ്യുന്നത്.

നിലവിലെ ഈ ടാപ്പിങ് രീതിയിൽ ചെറിയൊരു മാറ്റം വരുത്തിയാൽ മരത്തിന്റെ ഉത്പാദനകാലം കൂട്ടാനും താരതമ്യേന കൂടുതൽ വിളവ് നേടാനും കഴിയും. അതായത് 'എ', 'ബി' പാനലുകളിലെ അസ്സൽപട്ടകളിലെ ടാപ്പിങ്ങിനുശേഷം 'സി' പാനലിൽ ടാപ്പിങ് തുടങ്ങുന്ന സമയത്താണ് ഈ മാറ്റം വരുത്തേണ്ടത്. മഴക്കാലത്ത് സാധാരണപോലെ 'സി' പാനലിൽ 125 സെന്റീമീറ്റർ ഉയരത്തിന് താഴോട്ടുള്ള പുതുപ്പട്ടയിൽ ടാപ്പുചെയ്യുക. വേനൽകാലമാകുമ്പോൾ 125 സെന്റീമീറ്ററിന് മുകളിലുള്ള അസ്സൽപട്ടയിൽ നിയന്ത്രിതകമിഴ്ത്തിവെട്ട് (Controlled Upward Tapping - CUT) നടത്തുക എന്നതാണ് പുതിയ രീതി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇങ്ങനെ ചെയ്താൽ മരത്തിന്റെ ആയുസ്സും ആദായവും കൂട്ടാൻ കഴിയും.

നമ്മുടെ നാട്ടിലെ കാലാവസ്ഥയനുസരിച്ച് ജൂൺ മുതൽ മഴക്കാലം തീരുന്നതുവരെയുള്ള സമയത്ത് 125 സെന്റീമീറ്റർ ഉയരത്തിനു താഴോട്ടുള്ള പുതുപ്പട്ടയിൽ റെയിൻഗാർഡു ചെയ്ത് താഴോട്ട് ടാപ്പുചെയ്യാം. നവംബർ-ഡിസംബർ മുതൽ 125 സെന്റീമീറ്ററിന് മുകളിലെ അസ്സൽപട്ടയിൽ നിയന്ത്രിതകമിഴ്ത്തിവെട്ടും നടത്താം. രണ്ടു മീറ്റർ ഉയരം വരെ ഇത്തരത്തിൽ ടാപ്പിങ് നടത്താം. മുകൾപ്പട്ടയിൽ വേനൽകാലത്ത് മാത്രം മൂന്നു ദിവസത്തിലൊരിക്കൽ ടാപ്പുചെയ്യുകയാണെങ്കിൽ ഒരു പാനലിൽ നാലുവർഷത്തോളം ടാപ്പുചെയ്യാം. മാത്രമല്ല, ഇങ്ങനെ സി.യു.റ്റി. ചെയ്യുന്ന മരങ്ങളിൽ വേനൽകാലത്ത് സാധാരണ ടാപ്പിങ് രീതിയിലേതിനേക്കാൾ 25 മുതൽ 50 വരെ ശതമാനം കൂടുതൽ ഉത്പാദനവും കിട്ടും.



### മരങ്ങൾ അടയാളപ്പെടുത്തുന്ന വിധം

നിലവിൽ 'സി' പാനലിൽ ഒന്നാം വർഷമോ രണ്ടാം വർഷമോ ടാപ്പുചെയ്യുന്ന മരങ്ങളിൽ സി.യു.റ്റി. ചെയ്യുന്നതിനായി മാർക്കുചെയ്യുന്നത് എങ്ങിനെയെന്നു നോക്കാം. ഇതിനായി 'സി' പാനലിന്റെ മുൻകാനവര നേരെ മുകളിലേക്ക് (മുകളിലെ അസ്സൽപട്ടയിലേക്ക്) രണ്ടുമീറ്റർ വരെ നീട്ടിവരയ്ക്കുക. അതിനുശേഷം ആ ഭാഗത്തെ നാലു തുല്യപാനലുകളായി തിരിക്കുക. ഇതിൽ 'ബി' പാനലിന്റെ മുകളിൽ വരുന്ന രണ്ടു പാനലുകളിൽ, വലതു വശത്തെ (മരത്തിന് അഭിമുഖമായി നിൽക്കുമ്പോൾ) പാനലിൽ ആദ്യം ടാപ്പിങ് തുടങ്ങണം. തുടർന്ന് പട്ട തീരുന്ന മുറയ്ക്ക് ഈ പാനലിന്റെ വലതുഭാഗത്തു വരുന്ന അടുത്ത പാനലുകൾ ഓരോന്നായി ടാപ്പു ചെയ്യണം. ആഴ്ചയിലൊരിക്കൽ ടാപ്പിങ് രീതിയിലും സി.യു.റ്റി. ചെയ്യാം. അപ്പോൾ മരത്തിന്റെ ചുറ്റളവിന്റെ മൂന്നിലൊന്ന് എടുത്താണ് ടാപ്പുചെയ്യേണ്ടത്.

### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. സി.യു.റ്റി. ചെയ്യുന്നത് കമിഴ്ത്തുപട്ടയിലായതിനാൽ 45 ഡിഗ്രി ചെരിവിൽ വേണം മാർക്കു ചെയ്യാൻ .
2. ടാപ്പുചെയ്യാനായി നീണ്ട പിടിയുള്ള പരിഷ്കരിച്ച ഗൂജ് കത്തി ഉപയോഗിക്കണം. പാൽ പുറത്തേക്ക് ഒഴുകിപ്പോകാതെ ശരിയായ ആഴത്തിലും ചെരുവിലും ടാപ്പുചെയ്യാൻ ഈ കത്തിയാണ് ഉത്തമം.
3. സി.യു.റ്റി. ചെയ്യുമ്പോൾ വെട്ടുചാലിന്റെ നീളം കുറയ്ക്കുന്നതിനാൽ ശരിയായ ഉത്പാദനം കിട്ടാൻ ശുപാർശ ചെയ്യപ്പെട്ടിരിക്കുന്ന തോതിൽ എത്തഫോൺ എന്ന ഉത്തേജകമരുന്ന് ഉപയോഗിക്കണം.

കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഫോൺ – 0481–257 66 22.

### ഫാം ടൂറിസം

പനംപുന്ന കുടുംബത്തിന്റെ പാരമ്പര്യസ്വത്തായ ഈ എസ്റ്റേറ്റിൽ വളരെ പഴക്കമുള്ള ഒരു ബംഗ്ലാവ് സ്ഥിതി ചെയ്യുന്നുണ്ട്. ഈ ബംഗ്ലാവ് അതിന്റെ പഴമ ചോരാതെ നല്ല രീതിയിൽ പരിപാലിച്ച് 'വില്ല മറിയം' എന്ന പേരിൽ 'ഹോംസ്റ്റേ' ആക്കി മാറ്റിയിട്ടുണ്ട്. നഗരത്തിലെ തിരക്കിൽ നിന്നൊഴിഞ്ഞ് ശാന്തമായി സമയം ചെലവഴിക്കാൻ കുന്നിൻ മുകളിലുള്ള മനോഹരമായ ഈ ബംഗ്ലാവിലേക്ക് ആളുകൾ ധാരാളമായി എത്തുന്നതുകൊണ്ട് കമ്പനിക്ക് അതും ഒരു മികച്ച വരുമാനമാർഗമാണ്.

റബ്ബർവിലയിൽ ഏറ്റക്കുറച്ചിലുകൾ നിലനിൽക്കുമ്പോഴും ശാസ്ത്രീയമായ സമീപനങ്ങളിലൂടെയും മൂല്യവർദ്ധനയിലൂടെയും ലഭ്യമായ വിഭവശേഷിയുടെ ബുദ്ധിപരമായ ഉപയോഗത്തിലൂടെയും റബ്ബർകൃഷി ലാഭകരമായി മുന്നോട്ടു കൊണ്ടുപോകുന്ന പനംപുന്ന എസ്റ്റേറ്റിലെ രീതികൾ ഈ മേഖലയിലുള്ളവർക്ക് അനുകരിക്കാവുന്ന ഒരു മാതൃകയാണ്. •




# റബ്ബർകൃഷി ധനസഹായത്തിന് അപേക്ഷിക്കാം

റബ്ബർകൃഷിക്ക് ധനസഹായം നൽകുന്നതിന് റബ്ബർബോർഡ് അപേക്ഷ ക്ഷണിച്ചു. 2023, 2024 വർഷങ്ങളിൽ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയ റബ്ബർകർഷകർക്ക് ധനസഹായത്തിന് അപേക്ഷിക്കാം. പരമാവധി നാല് ഹെക്ടർ വരെ റബ്ബർകൃഷിയുള്ളവർക്ക് നിബന്ധനകൾക്ക് വിധേയമായി ഒരു ഹെക്ടറിന് ധനസഹായം ലഭിക്കാൻ അർഹതയുണ്ട്. കേന്ദ്രഗവൺമെന്റിന്റെ 'സർവ്വീസ് പ്ലസ്' എന്ന വെബ്പോർട്ടലിലൂടെ ഓൺലൈനായി 2024 നവംബർ 30-നകം അപേക്ഷകൾ സമർപ്പിക്കാം.

അപേക്ഷയോടൊപ്പം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, കൃഷിചെയ്ത സ്ഥലത്തിന്റെ അതിരുകൾ രേഖപ്പെടുത്തിയ സ്കെച്ച്, ആധാറുമായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ടിന്റെ (പാസ്ബുക്ക്) കോപ്പി, റബ്ബർതൈ വാങ്ങിയതിന്റെ ബില്ല്, കൂട്ടുടമസ്ഥതയുള്ളവർക്കും മൈനറായ അപേക്ഷകർക്കുമുള്ള നോമിനേഷൻ എന്നിവ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഹെക്ടർപ്രതി കൃഷിധനസഹായമായി 25,000 രൂപയും നടീൽവസ്തുവായി കപ്പുതൈയോ കൂടതൈയോ ഉപയോഗിച്ചവർക്ക് 15,000 രൂപയും ചേർത്ത് ആകെ 40,000 രൂപയാണ് ധനസഹായം. തോട്ടം പരിശോധിച്ചതിനുശേഷം അർഹമായ ധനസഹായം രണ്ടു ഗഡുക്കളായി (ഒന്നാം വർഷവും മൂന്നാം വർഷവും) കർഷകരുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്.

വിശദവിവരങ്ങൾ www.rubberboard.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും. കൂടുതൽ വിവരങ്ങൾ റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന കോൾ സെന്റർ (0481 2576622) എന്നിവിടങ്ങളിൽനിന്ന് ലഭിക്കുന്നതാണ്.

### ധനസഹായത്തിന് അപേക്ഷിക്കുമ്പോൾ നൽകേണ്ട രേഖകൾ

1. **തിരിച്ചറിയൽ രേഖ**
തിരിച്ചറിയൽ രേഖയായി ആധാർ കാർഡിന്റെ കോപ്പി ആവശ്യമാണ്.

2. **ബാങ്ക് പാസ്ബുക്ക്**
ആധാറുമായി ലിങ്ക് ചെയ്തിട്ടുള്ളതും പ്രവർത്തനനിരതമായതുമായ ബാങ്ക് അക്കൗണ്ടിന്റെ പാസ്ബുക്ക് കോപ്പിയാണ് വേണ്ടത്. പേര്, മേൽവിലാസം, അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.കോഡ് തുടങ്ങിയവ സംബന്ധിച്ച രേഖകൾ നൽകിയിരിക്കണം.

3. **ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ**
ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ നൽകുന്ന കൈവശാവകാശ സർട്ടിഫിക്കറ്റ് അഥവാ 'പൊസഷൻ സർട്ടിഫിക്കറ്റ്' അപ്‌ലോഡ് ചെയ്യണം. കൂടുതൽ പേജുകളുള്ളതുകൊണ്ട് ആധാരം അപ്‌ലോഡ് ചെയ്യാനുള്ള സൗകര്യം

'സർവീസ് പ്ലസ്' പോർട്ടലിൽ ലഭ്യമല്ലാത്തതിനാൽ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് നിർബന്ധമാണ്.

4. **സ്ഥലത്തിന്റെ സ്കെച്ച്**
തോട്ടത്തിന്റെ അതിരുകൾ വ്യക്തമായി രേഖപ്പെടുത്തിയതും സ്ഥലത്തിന്റെ കിടപ്പ് നന്നായി മനസ്സിലാകുന്ന രീതിയിലുള്ളതുമായ സ്കെച്ച് ആവശ്യമാണ്. സർവേയർ തയ്യാറാക്കിയിട്ടുള്ള സർവേപ്ലാൻ കൈവശം ഉണ്ടെങ്കിൽ അത് അപ്‌ലോഡ് ചെയ്യാവുന്നതാണ്.

5. **തൈകൾ വാങ്ങിയ ബില്ല്**
നടീൽവസ്തുവായി കപ്പുതൈയോ കൂടത്തൈയോ ഉപയോഗിച്ചവർക്കുള്ള ആനുകൂല്യം ലഭിക്കാൻ തൈകൾ വാങ്ങിയപ്പോൾ നഴ്സറികളിൽനിന്ന് ലഭിച്ച ബില്ല് അപ്‌ലോഡ് ചെയ്യണം.

6. **നോമിനി ഫോം**
കൂട്ടുടമസ്ഥതയിലുള്ള സ്ഥലമാണെങ്കിൽ ഉടമകളിൽ ഒരാളെ ധനസഹായം വാങ്ങാൻ ചുമതലപ്പെടുത്തുന്ന 'നോമിനി ഫോം' (അനെക്സർ-1) ശരിയായ രീതിയിൽ പൂരിപ്പിച്ച് അപ്‌ലോഡ് ചെയ്യണം.

7. **മുക്ത്യാർ**
മുക്ത്യാർ ഉള്ള സ്ഥലമാണെങ്കിൽ അനെക്സർ 2-ൽ കൊടുത്തിട്ടുള്ള 'ഡിക്ലറേഷൻ ഫോം' ശരിയായി പൂരിപ്പിച്ച് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**ധനസഹായത്തുക**

കൂടത്തൈകൾ/കപ്പുതൈകൾ ഉപയോഗിച്ച് റബ്ബർ കൃഷിചെയ്തിട്ടുള്ള കർഷകർക്ക് ആവശ്യമായ രേഖകൾ സമർപ്പിച്ചാൽ ഹെക്ടറിന് 40,000 രൂപ ധനസഹായം ലഭിക്കാൻ അർഹതയുണ്ട്.

**അർഹത**

നാല് ഹെക്ടർ വരെ റബ്ബർകൃഷിയുള്ള കർഷകർക്ക് പരമാവധി ഒരു ഹെക്ടർ സ്ഥലത്തിനാണ് ധനസഹായം നൽകുന്നത്. ആവർത്തനക്കൃഷി ചെയ്തവർക്കും പുതുക്കൃഷി ചെയ്തവർക്കും ധനസഹായം ലഭിക്കുന്നതാണ്.

ധനസഹായത്തിന് അപേക്ഷകൾ നൽകുന്നതിനുള്ള കുറഞ്ഞ വിസ്തൃതി 0.10 ഹെക്ടർ (25 സെന്റ്) ആണ്. രേഖകളിൽ നെൽവയൽ എന്ന് രേഖപ്പെടുത്തിയിട്ടുള്ള സ്ഥലത്തിന് ധനസഹായം നൽകുന്നതല്ല.

## 'സർവീസ് പ്ലസ്' പോർട്ടലിൽ അപേക്ഷ സമർപ്പിക്കുന്ന വിധം

**പൊതുവായ കാര്യങ്ങൾ**

- റബ്ബർബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രവേശിക്കുക (rubberboard.gov.in).
- പ്രധാന മെനുവിലെ ആറാമത്തെ ഓപ്ഷനായ 'E SERVICES'-ൽ നിന്നും 'SERVICE PLUS' തെരഞ്ഞെടുക്കുക.
- പദ്ധതിയെ സംബന്ധിച്ച് ഇംഗ്ലീഷിലുള്ള വിശദീകരണം നന്നായി വായിച്ചു മനസ്സിലാക്കുക.

**രജിസ്ട്രേഷൻ നടപടികൾ**

- 'Service Plus'-ൽ 'Click to apply' എന്ന ഭാഗത്ത് ക്ലിക്ക് ചെയ്യുക.
- രജിസ്ട്രേഷൻ പേജിൽ കൊടുത്തിരിക്കുന്ന കാര്യങ്ങൾ കൃത്യമായി രേഖപ്പെടുത്തുക.
- 'Submit' ബട്ടണിൽ ക്ലിക്ക് ചെയ്യുക.
- ലഭ്യമാകുന്ന 'Validate' പേജിൽ കയറി 'Validate' എന്ന് എഴുതിയിരിക്കുന്ന ഭാഗത്ത് ക്ലിക്ക് ചെയ്യുക.
- ഇ-മെയിലിൽ ലഭ്യമാകുന്ന 'OTP' രേഖപ്പെടുത്തി 'submit' ബട്ടൺ ക്ലിക്ക് ചെയ്യുക.
രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി.
രജിസ്ട്രേഷൻ ഐഡിയും (ഇ-മെയിൽ ഐഡി) പാസ്‌വേഡും എഴുതിയെടുത്ത് സൂക്ഷിക്കേണ്ടതാണ്.

**ലോഗിൻ നടപടികൾ**

- ലോഗിൻ ബട്ടൺ ക്ലിക്ക് ചെയ്യുക
- ലഭ്യമാകുന്ന ലോഗിൻ ഫോമിൽ ഇ-മെയിൽ ഐഡി, പാസ്‌വേഡ്, കാപ്ച്ച തുടങ്ങിയവ രേഖപ്പെടുത്തിയ ശേഷം ലോഗിൻ ബട്ടൺ ക്ലിക്ക് ചെയ്യുക
ലോഗിൻ നടപടികൾ പൂർത്തിയായി.

**അപേക്ഷാസമർപ്പണം**

- ഇടത്തുഭാഗത്ത് കാണുന്ന മെനുവിൽ 'Apply for services' എന്ന ഭാഗത്ത് ക്ലിക്ക് ചെയ്യുക.
- തുടർന്ന് 'view all available services' എന്ന ഭാഗത്ത് ക്ലിക്ക് ചെയ്യുമ്പോൾ പലവിധ സേവനങ്ങളെ സംബന്ധിച്ചുള്ള ലിസ്റ്റ് കാണാവുന്നതാണ്.
- വലതുഭാഗത്തുള്ള 'search' ബട്ടണിൽ 'RUBBER'എന്ന് ടൈപ്പ് ചെയ്യുക. അപ്പോൾ Rubber Plantation Development - Traditional region and SC growers for NT region എന്നു കാണാം. അവിടെ ക്ലിക്ക് ചെയ്യുക.
- അപ്പോൾ ലഭിക്കുന്ന ആപ്ലിക്കേഷൻ ഫോമിൽ അപേക്ഷകന്റെ പേര്, ആധാർ നമ്പർ എന്നിവ രേഖപ്പെടുത്തുക. ഒരു സമ്മതപത്രം ഉടൻതന്നെ കാണാവുന്നതാണ്.
- സമ്മതപത്രത്തിനു താഴെയുള്ള 'Agree' ബട്ടണിൽ ക്ലിക്ക് ചെയ്യുക.
- ബാക്കി ഭാഗങ്ങൾ ശ്രദ്ധയോടെ പൂരിപ്പിക്കുക.
- അപേക്ഷയുടെ അവസാനം സത്യപ്രസ്താവനയുടെ താഴെ 'I Agree' എന്നഭാഗത്ത് 'tick' ഇട്ട് 'submit' ബട്ടണിൽ ക്ലിക്ക് ചെയ്യണം.
- ആധാറുമായി രജിസ്ട്രേഷൻ നടത്തിയിട്ടുള്ള മൊബൈൽ നമ്പരിലേക്ക് 'OTP' വരുന്നതാണ്. ആ 'OTP' നിശ്ചിത സ്ഥലത്ത് രേഖപ്പെടുത്തണം.
- തുടർന്ന് 'Validate' എന്ന ഭാഗത്ത് ക്ലിക്ക് ചെയ്യണം.
- ആധാർ 'verify' ചെയ്തു എന്ന മെസേജ് ലഭിക്കുന്നു. തുടർന്ന് 'OK' ബട്ടൺ ക്ലിക്ക് ചെയ്യണം.

**രേഖകൾ സമർപ്പിക്കൽ**

- സമർപ്പിച്ച അപേക്ഷയുടെ അവസാനഭാഗത്ത് 'Attach Annexure' എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.
- രേഖകൾ സമർപ്പിക്കാനുള്ള ഭാഗം അപ്പോൾ കാണാവുന്നതാണ്.
- കംപ്യൂട്ടർ 'desktop'-ൽ സ്കാൻ ചെയ്ത് സൂക്ഷിച്ചിട്ടുള്ള രേഖകൾ ഒന്നൊന്നായി അപ്‌ലോഡ് ചെയ്യുക.
- അവസാനം താഴെ ഭാഗത്തുള്ള 'Save Enclosure' എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക. അപേക്ഷ, അനുബന്ധ രേഖകൾ എന്നിവയെല്ലാം സംബന്ധിച്ച വിവരങ്ങൾ അപ്പോൾ ലഭ്യമാകും.
- അതിനുശേഷം താഴെയുള്ള 'submit' ബട്ടൺ ക്ലിക്ക് ചെയ്യുക. അപ്പോൾ 'Application acknowledgement'

# ടാപ്പുചെയ്യുന്ന മരങ്ങളിൽ ശ്രദ്ധ വേണം

നീണ്ട മഴക്കാലവും ഇടകലർന്ന വെയിലും മൂലം റബ്ബർതോട്ടങ്ങളിൽ മഴക്കാലരോഗങ്ങൾ ധാരാളമായി കാണുന്നുണ്ട്. ടാപ്പുചെയ്യുന്ന മരങ്ങളുടെ വെട്ടുപട്ടയിൽ മഴക്കാലത്ത് ഉണ്ടാകുന്ന പ്രധാനരോഗമാണ് പട്ടചീയൽ. ഈ വർഷം പല തോട്ടങ്ങളിലും നല്ല പാലുത്പാദനം ഉണ്ടായിരുന്ന മരങ്ങളിൽ പെട്ടന്ന് പാൽകുഴലുകൾ വറ്റുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള തോട്ടങ്ങളിലെ മരങ്ങൾ നിരീക്ഷിച്ചാൽ വെട്ടുപട്ടയിൽ കറുത്ത നിറവും പുതുപ്പട്ടയിലെ തടിയിൽ കുറുകെ കറുത്ത വരകളും കാണാം. *ഫൈറ്റോഫ്‌ത്തോറ* എന്ന കുമിളിന്റെ ആക്രമണം മൂലമാണ് ഈ രോഗം വെട്ടുപട്ടയിൽ ഉണ്ടാകുന്നതും പാൽകുഴലുകൾ കറുത്ത നിറമാകുന്നതും.

ഇത് നിയന്ത്രിക്കാൻ രോഗം വന്ന് പാലുത്പാദനം കുറഞ്ഞ മരങ്ങളിൽ വള്ളിപ്പാൽ നീക്കിയതിനുശേഷം വെട്ടുപട്ടയിൽ 0.375 ശതമാനം വീര്യമുള്ള മാങ്കോസെബ് (ഒരു ലിറ്റർ വെള്ളത്തിൽ അഞ്ച് ഗ്രാം എന്ന കണക്കിൽ) എന്ന കുമിൾനാശിനി ഉപയോഗിച്ച് ആഴ്ചയിലൊരിക്കൽ വെട്ടുപട്ട കഴുകണം. റെയിൻഗാർഡിന് ചോർച്ച ഇല്ല എന്ന് ഉറപ്പുവരുത്തുകയും വേണം. കുമിൾനാശിനി ഉപയോഗിച്ച് രോഗം നിയന്ത്രിച്ചാൽ ഈ മരങ്ങൾ വീണ്ടും സാധാരണ പാലുത്പാദനത്തിലേക്ക് തിരിച്ചെത്തും.

ഇത് സംബന്ധിച്ച സംശയ നിവാരണങ്ങൾക്കായി 9496333117, 0481-2576622, 9446386838, 9447568030 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. •



എന്ന ഭാഗം കാണാവുന്നതാണ്. അവിടെ അപേക്ഷാ സൂചനാനമ്പർ കാണാം. 'Acknowledgement'-ന്റെ ഒരു പ്രിന്റ് എടുത്ത് സൂക്ഷിക്കുക.

- ഇത്രയും ചെയ്തു കഴിയുമ്പോൾ അപേക്ഷ സമർപ്പണം പൂത്തിയാകുന്നതാണ്.
- സമർപിച്ച അപേക്ഷയിൽ എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അപേക്ഷകന് അത് തിരിച്ചയയ്ക്കുന്നതായിരിക്കും. അപ്പോൾ രജിസ്ട്രേഷൻ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്തശേഷം കുറവുകൾ പരിഹരിച്ച് വീണ്ടും അപേക്ഷ സമർപിക്കേണ്ടതാണ്.

**ശ്രദ്ധിക്കേണ്ട മറ്റുകാര്യങ്ങൾ**

- സമർപിക്കേണ്ട രേഖകൾ ആദ്യം സംഘടിപ്പിക്കുക. അപ്‌ലോഡിങ് നടത്താനുപയോഗിക്കുന്ന കംപ്യൂട്ടറിൽ രേഖകളുടെ സ്കാൻചെയ്ത കോപ്പികൾ 'സേവ്' ചെയ്ത് റെഡിയാക്കുക.
- മൊബൈൽ ഫോൺ, ആധാർ കാർഡ് തുടങ്ങിയവ കൈയ്യിൽ കരുതുക.
- മൊബൈൽ നമ്പർ ആധാറുമായി ലിങ്കുചെയ്തിരിക്കണം.
- സ്വന്തമായി ഇ-മെയിൽ ഐഡി ഉണ്ടായിരിക്കണം.
- പല ഇനങ്ങൾ (multiclone) കൃഷിചെയ്തിട്ടുള്ള കർഷകർ 'others'ൽ ക്ലിക്ക് ചെയ്തശേഷം 'remarks'-ൽ ക്ലോണുകളുടെ വിവരങ്ങൾ ചേർക്കുക.
- ഒരേ വർഷം പല വില്ലേജുകളിൽ കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഓരോ വില്ലേജിലെ തോട്ടത്തിനും പ്രത്യേകം അപേക്ഷ നൽകണം. ഓരോ അപേക്ഷയിലും മറ്റേ വില്ലേജിലെ കൃഷിയെ സംബന്ധിച്ച വിവരങ്ങൾ ചേർക്കുകയും വേണം. •

# GOLDEN TOUCH®

## FORMIC ACID



**GOLDEN TOUCH®**
RUBBER SHEET FUNGICIDE (PNP)

**GOLDEN TOUCH®**
FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH®** - **ALUMINIUM DISH**

**GOLDEN TOUCH®** - **FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**

N.B.: Available at : Rubber Board Companies & Rubber Marketing Societies

*Manufactured & Marketed by*

Since 1991

*Geo Thomas & Co.*

IInd Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com

# വാർത്തകൾ

## കാംപെയ്ൻ 2024

കാംപെയ്ൻ 2024-ന്റെ ഭാഗമായി റബ്ബർബോർഡ് വിവിധ സ്ഥലങ്ങളിൽ തീവ്രബോധവത്കരണപരിപാടികൾ നടത്തി. പരമ്പരാഗത റബ്ബർമേഖലകളിൽ 'ആവർത്തന കൃഷിയിലൂടെ നേട്ടം കൊയ്യാം' (Replant and Reap Rewards) എന്ന സന്ദേശത്തിനും പാരമ്പര്യേതര റബ്ബർകൃഷിമേഖല കളിലും വടക്കുകിഴക്കൻ മേഖലകളിലും 'സുസ്ഥിര വികസനത്തിന് പ്രകൃതിദത്ത റബ്ബർകൃഷി' (Natural Rubber Cultivation for Sustainable Development) എന്ന സന്ദേശത്തിനും മുൻതൂക്കം നൽകിക്കൊണ്ടാണ് തീവ്രപ്രചാരണപരിപാടികൾ സംഘടിപ്പിക്കുന്നത്.

### പത്തനംതിട്ട

പത്തനംതിട്ട റീജിയണിലെ വടശ്ശേരിക്കര ഫീൽഡ് സ്റ്റേഷന്റെ പരിധിയിലുള്ള കുമാരംപേരൂർ റബ്ബറുത്പാദക സംഘം കാംപെയ്ൻ 2024-ന്റെ ഭാഗമായി യോഗം സംഘ ടിപ്പിച്ചു. സംഘം പ്രസിഡന്റ് റോയി പി. മാത്യു അധ്യ ക്ഷത വഹിച്ചു. ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷ



ണർ ഷൈനി കെ. പൊന്നൻ ഉദ്ഘാടനം ചെയ്ത യോഗ ത്തിൽ ഫീൽഡ് ഓഫീസർ അജിത കെ. ക്ലാസ്സെടുത്തു.

### തിരുവനന്തപുരം

കാംപെയ്ൻ 2024-ന്റെ ഭാഗമായി തിരുവനന്തപുരം റീജിയണിലെ കിളിമാനൂർ ഫീൽഡ് സ്റ്റേഷൻ പരിധി യിലെ വി.ആർ.എ. റബ്ബറുത്പാദകസംഘത്തിന്റെ ആഭി മുഖ്യത്തിൽ നടത്തിയ യോഗത്തിൽ സംഘം പ്രസിഡന്റ്






മോഹൻ വാലെൻചേരി അദ്ധ്യക്ഷത വഹിച്ചു. ഡെവല പ്മെന്റ് ഓഫീസർ നിർമൽ കുമാർ യോഗം ഉദ്ഘാടനം ചെയ്ത് മുഖ്യവിഷയാവതരണം നടത്തി. ഫീൽഡ് ഓഫീസർ ദീപ സുകുമാർ ക്ലാസ്സെടുത്തു.

### തളിപ്പറമ്പ്

തളിപ്പറമ്പ് റീജിയണൽ ഓഫീസിന്റെ പരിധിയിൽ വരുന്ന മയ്യിൽ റബ്ബറുത്പാദകസംഘം കാംപെയ്ൻ



2024-ന്റെ ഭാഗമായി യോഗം സംഘടിപ്പിച്ചു. ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ രാധാമണി എം. യോഗം ഉദ്ഘാടനം ചെയ്തു. ഉത്പാദകസംഘം പ്രസിഡന്റ് സി. ലക്ഷ്മണൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അസി സ്റ്റന്റ് ഡെവല്പമെന്റ് ഓഫീസർമായ ജയകുമാർ കെ.വി., റോഷ്നി പി. എന്നിവർ ക്ലാസ്സുകളെടുത്തു.

### നിലമ്പൂർ

നിലമ്പൂർ റീജിയണൽ ഓഫീസിന്റെ കീഴിൽ കാളികാവ് ഫീൽഡ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന





പൂങ്ങോട് റബ്ബറുത്പാദകസംഘം നടത്തിയ യോഗത്തിൽ സംഘം പ്രസിഡന്റ് സവാദ് അദ്ധ്യക്ഷത വഹിച്ചു. ഡെവ ലപ്മെന്റ് ഓഫീസർ ഷാജു വർഗ്ഗീസ് യോഗം ഉദ്ഘാടനം ചെയ്തു. തുഞ്ചത്തെഴുത്തച്ഛൻ റബ്ബേഴ്സ് മാനേജിങ് ഡയറക്ടർ ജോബി തോമസും റബ്ബർബോർഡ് ഫീൽഡ് ഓഫീസർ മെജോഷ് ജോസും ക്ലാസ്സുകളെടുത്തു.

### മംഗലാപുരം

പാരമ്പര്യേതര മേഖലയായ മംഗലാപുരം റീജിയ ണിലെ കാംപെയ്ൻ 2024-ന്റെ ഉദ്ഘാടനം സിദ്ധക്കട്ടെ റബ്ബറുത്പാദകസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തി. സംഘം പ്രസിഡന്റ് മൈക്കിൾ ഡി. കോസ്റ്റ അദ്ധ്യക്ഷത വഹിച്ച യോഗം ഡെവലപ്മെന്റ് ഓഫീസർ റ്റി.വി. മാത്യു ഉദ്ഘാടനം ചെയ്ത് മുഖ്യവിഷയം അവതരിപ്പിച്ചു. അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ നീനാ ജോഷ്വാ




ക്ലാസ്സെടുത്തു. യോഗത്തിൽ സംഘം വൈസ് പ്രസിഡന്റ് വസന്തകുമാർ ജയിൻ, ഫൽഗുനി റബ്ബർ ടാപ്പർ ഗ്രൂപ്പ് പ്രസിഡന്റ് ജനാർദ്ദന എന്നിവർ സംസാരിച്ചു. •




റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ 'ചെലവ് കുറയ്ക്കാനും ആദായം കൂട്ടാനും ഇടവേള കൂടിയ ടാപ്പിങ്' എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ റെജു എം.ജെ., 'റബ്ബർകൃഷിവികസനത്തിന് ധനസഹായപദ്ധതികൾ' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ കെ. ചന്ദ്രലേഖ എന്നിവർ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

### ചെലവ് കുറയ്ക്കാനും ആദായം കൂട്ടാനും ഇടവേള കൂടിയ ടാപ്പിങ്

1. ***അത്യുത്പാദനശേഷിയുള്ള റബ്ബർമരങ്ങളിൽ അനുവർത്തിക്കുന്ന ടാപ്പിങ്രീതികൾ ഏതെല്ലാമാണ് ?***

   അത്യുത്പാദനശേഷിയുള്ള ഇനങ്ങളിൽ ഇടവേള കൂടിയ ടാപ്പിങ്രീതികൾ അവലംബിക്കുന്നതാണ് നല്ലത്. റബ്ബർമരത്തിന്റെ പകുതി ചുറ്റളവിൽ മൂന്ന് ദിവസത്തിലൊരിക്കൽ, നാല് ദിവസത്തിലൊരിക്കൽ, ആഴ്ചയിൽ ഒരിക്കൽ എന്നീ ടാപ്പിങ്രീതികളിൽ ഏതെങ്കിലും ഒരു രീതി അനുവർത്തിക്കാവുന്നതാണ്.

2. ***ഇടവേള കൂട്ടി ടാപ്പിങ് നടത്തുമ്പോൾ ഉത്തേജകൗഷധം പ്രയോഗിക്കേണ്ടത് എങ്ങനെയെന്ന് വിശദീകരിക്കാമോ?***

   മൂന്നു ദിവസത്തിലൊരിക്കൽ ടാപ്പിങ് നടത്തുന്ന മരങ്ങളിൽ വർഷത്തിൽ മൂന്നു പ്രാവശ്യവും (ഏപ്രിൽ/മെയ്, സെപ്റ്റംബർ, നവംബർ) നാല് ദിവസത്തിലൊരിക്കൽ ടാപ്പിങ് നടത്തുന്നവയിൽ വർഷത്തിൽ ആറ് പ്രാവശ്യവും (ഏപ്രിൽ/മെയ്, ജൂൺ, ആഗസ്റ്റ്, സെപ്റ്റംബർ, നവംബർ, ഡിസംബർ) ആഴ്ചയിലൊരിക്കൽ ടാപ്പിങ് നടത്തുന്ന മരങ്ങളിൽ എല്ലാ മാസവും ഉത്തേജകൗഷധപ്രയോഗം (രണ്ടര ശതമാനം വീര്യമുള്ള എത്തഫോൺ) നടത്താം.

3. ***ആഴ്ചയിലൊരിക്കൽ ടാപ്പിങ്രീതി നടപ്പാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

   മരങ്ങൾ റെയിൻഗാർഡ് ചെയ്ത് കൃത്യമായ ഇടവേള നൽകി ടാപ്പിങ്ദിനങ്ങൾ നഷ്ടപ്പെടാതെ ടാപ്പു ചെയ്യണം. ഓരോ നാല് ടാപ്പിങ്ങിന് ശേഷവും അഞ്ചാമത്തെ ടാപ്പിങ്ങിന് 72 മണിക്കൂർ മുൻപായി രണ്ടര ശതമാനം വീര്യമുള്ള എത്തഫോൺ വെട്ടുപട്ടയിൽ പുരട്ടണം. മഴക്കാലത്ത് കുമിൾനാശിനി ഉപയോഗിച്ച് വെട്ടുപട്ട കഴുകുക, ശരിയായ ആഴത്തിൽ ടാപ്പു ചെയ്യുക, രണ്ടര മില്ലീമീറ്റർ പട്ടക്കനമെടുത്ത് ടാപ്പു ചെയ്യുക എന്നിവയെല്ലാമാണ് ആഴ്ചയിലൊരിക്കൽ




*റെജു എം.ജെ. ചോദ്യങ്ങൾക്ക് മറുപടി പറയുന്നു*

ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ പ്രധാനമായും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

4. ***പുതുതായി മാർക്കുചെയ്യുന്ന മരങ്ങളിൽ ആഴ്ചയിലൊരിക്കൽ എന്ന രീതിയിൽ ടാപ്പിങ് നടത്താൻ കഴിയുമോ?***

പുതുതായി മാർക്കുചെയ്ത് ടാപ്പിങ് തുടങ്ങുമ്പോൾ തന്നെ ആഴ്ചയിലൊരിക്കൽ രീതി അവലംബിക്കാവുന്നതാണ്. ഈ രീതിയിൽ ടാപ്പുചെയ്യുമ്പോൾ ഒരു വർഷം ലഭിക്കുന്ന ടാപ്പിങ്ദിനങ്ങൾ 52 ദിവസം മാത്രമായതിനാൽ ഒരു ടാപ്പിങ്ദിനം പോലും വിളവെടുപ്പ് മുടങ്ങാതിരിക്കാൻ ശ്രദ്ധിക്കണം. അതിനാൽ നിർബന്ധമായും മരങ്ങൾ റെയിൻഗാർഡ് ചെയ്യുകയും ശുപാർശപ്രകാരമുള്ള ഉത്തേജകൗഷധം പ്രയോഗിക്കുകയും ചെയ്യണം. മഴക്കാലത്ത് പട്ടചീയൽ പോലുള്ള കുമിൾരോഗങ്ങൾ വരാതിരിക്കാൻ വെട്ടുപട്ട കുമിൾനാശിനി ഉപയോഗിച്ച് കഴുകണം. ഓരോ ടാപ്പിങ്ങിലും അരിയുന്ന പട്ടയുടെ കനം രണ്ടര മില്ലീമീറ്റർ ആയി നിലനിർത്തുകയും വേണം.

5. ***ഏതെല്ലാം ഇനങ്ങൾക്കാണ് ആഴ്ചയിലൊരിക്കൽ ടാപ്പിങ് രീതി ശുപാർശ ചെയ്തിരിക്കുന്നത്?***

ആർആർഐഐ 105 ഇനത്തിൽപെട്ട മരങ്ങൾക്ക് മാസത്തിൽ ഒരുതവണ രണ്ടര ശതമാനം വീര്യമുള്ള എത്തഫോൺ പ്രയോഗത്തോടെ ആഴ്ചയിൽ ഒരു ടാപ്പിങ് നേരത്തെതന്നെ ശുപാർശ ചെയ്തിട്ടുണ്ട്. ആർആർഐഐ 430 ഇനത്തിൽപെട്ട മരങ്ങൾക്കും മാസത്തിൽ ഒരുതവണ രണ്ടര ശതമാനം വീര്യമുള്ള എത്തഫോൺ പ്രയോഗിച്ച് ആഴ്ചയിലൊരിക്കൽ ടാപ്പിങ് നടത്താവുന്നതാണെന്ന് പരീക്ഷണങ്ങളിൽ തെളിഞ്ഞിട്ടുണ്ട്. ടാപ്പിങ്ങിന്റെ ഇടവേള കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കണം.

6. ***ഉത്തേജകൗഷധം പ്രയോഗിച്ച് ടാപ്പുചെയ്യുന്നത് മരത്തിന്റെ ആരോഗ്യത്തെ ബാധിക്കുമോ?***

റബ്ബർബോർഡ് ശുപാർശ ചെയ്തിരിക്കുന്ന വീര്യത്തിലും ഇടവേളകളിലും ഉത്തേജകൗഷധം ഉപയോഗിച്ച് ടാപ്പുചെയ്യുന്നത് മരത്തിന്റെ ആരോഗ്യത്തെ ബാധിക്കുകയില്ല. എത്തഫോൺ ജലത്തിന്റെ സാന്നിധ്യത്തിൽ വിഘടിക്കപ്പെടുമ്പോൾ എത്തിലിൻ എന്ന വാതകവും മറ്റുചില നിരുപദ്രവകരമായ വസ്തുക്കളും മാത്രമാണ് ഉണ്ടാകുന്നത്. അതിനാൽ തന്നെ എത്തഫോൺ പ്രയോഗം ദോഷകരമാകുന്നതല്ല.

## റബ്ബർകൃഷിവികസനത്തിന് ധനസഹായപദ്ധതികൾ

1. ***റബ്ബർകൃഷി ചെയ്യുന്നതിനുള്ള ധനസഹായത്തിന് അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയാണ് ?***

ഓൺലൈൻ ആയിട്ടാണ് അപേക്ഷ സമർപ്പിക്കേണ്ടത്. റബ്ബർബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.rubberboard.gov.in) പ്രവേശിച്ച് പ്രധാന മെനുവിലെ ആറാമത്തെ ഓപ്ഷൻ ആയ 'E-SERVICES'-ൽ നിന്നും 'SERVICEPLUS' എന്ന ഓപ്ഷൻ തെരഞ്ഞെടുക്കുക. ഇതിൽ പദ്ധതിയെ സംബന്ധിച്ച് ഇംഗ്ലീഷിലുള്ള വിശദീകരണമുണ്ട്. അവ നന്നായി വായിച്ചു മനസ്സിലാക്കുക. അപേക്ഷ സമർപ്പിക്കാനുള്ള വിശദമായ വിവരങ്ങൾ അനെക്സറിൽ കൊടുത്തിരിക്കുന്നത് മനസ്സിലാക്കി അപേക്ഷ ഓൺലൈനായി സമർപ്പിക്കാം. സേവനങ്ങൾ തെരഞ്ഞെടുക്കുമ്പോൾ 'Rubber plantation development-traditional region and SC growers for NT region' എന്നത് തിരഞ്ഞെടുക്കണം. 2024 നവംബർ 30-ന് മുമ്പായി അപേക്ഷ സമർപ്പിക്കണം.



കെ. ചന്ദ്രലേഖ ചോദ്യങ്ങൾക്ക് മറുപടി പറയുന്നു

2. ***ധനസഹായത്തിന് അപേക്ഷിക്കുമ്പോൾ നൽകേണ്ട രേഖകൾ എന്തെല്ലാമാണ്?***

ആധാർ കാർഡ്, ആധാറുമായി ലിങ്ക് ചെയ്തിട്ടുള്ള പ്രവർത്തനനിരതമായ ബാങ്ക് അക്കൗണ്ടിന്റെ പാസ്ബുക്ക്, ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ നൽകുന്ന കൈവശാവകാശ സർട്ടിഫിക്കറ്റ്, തോട്ടത്തിന്റെ അതിരുകൾ വ്യക്തമായി രേഖപ്പെടുത്തിയതും സ്ഥലത്തിന്റെ കിടപ്പ് നന്നായി മനസ്സിലാകുന്ന രീതിയിലുള്ളതുമായ സ്കെച്ച്, തൈകൾ വാങ്ങിയപ്പോൾ ലഭിച്ച ബില്ല് എന്നീ രേഖകളാണ് അപ്‌ലോഡ് ചെയ്യേണ്ടത്. കൂടാതെ കൂട്ടുടമസ്ഥതയിലുള്ള സ്ഥലമാണെങ്കിൽ ഉടമകളിൽ ഒരാളെ ധനസഹായം വാങ്ങാൻ ചുമതലപ്പെടുത്തുന്ന 'നോമിനി ഫോം' (അനെക്സർ 1) ശരിയായ രീതിയിൽ പൂരിപ്പിച്ചത്, മുക്ത്യാർ ഉള്ള സ്ഥലമാണെങ്കിൽ അനെക്സർ 2-ൽ കൊടുത്തിട്ടുള്ള 'ഡിക്ലറേഷൻ ഫോം' ശരിയായി പൂരിപ്പിച്ചത് എന്നിവ അപ്‌ലോഡ് ചെയ്യണം. മൊബൈൽ നമ്പർ ആധാറുമായി ബന്ധിപ്പിച്ചിരിക്കണം.

3. ***പ്രായപൂർത്തിയാകാത്ത എന്റെ മകന്റെ പേരിലുള്ള സ്ഥലത്തെ റബ്ബർകൃഷിയ്ക്ക് ധനസഹായം ലഭിക്കാനായി എന്തുചെയ്യണം?***

രക്ഷാകർത്താവിന്റെ പേരിൽ അപേക്ഷയും ആവശ്യമായ രേഖകളും സമർപ്പിക്കുന്നതോടൊപ്പം മൈനറായ അപേക്ഷകർക്കായി അനെക്സർ 1-ൽ കൊടുത്തിട്ടുള്ള 'നോമിനി ഫോം' ശരിയായി പൂരിപ്പിച്ചതും അപ്‌ലോഡ് ചെയ്യണം.

തയ്യാറാക്കിയത്
**സ്ലീബ വി. പോൾ**
ഫാം ഓഫീസർ

# ഡിസംബർ മാസത്തെ കൃഷിപ്പണികൾ

**കൃഷിയിടത്തിൽ നട്ടിരിക്കുന്ന റബ്ബർതൈകൾക്ക് വേനൽകാലസംരക്ഷണം നൽകണം. കൂടത്തൈകളും കപ്പുതൈകളും നട്ടിരിക്കുന്ന തോട്ടങ്ങളിലെ തൈകളെ വേനലിൽനിന്ന് രക്ഷിക്കുന്നതിന് മെടഞ്ഞ തെങ്ങോലകളോ ഈന്തിന്റെ ഇലകളോ ചാക്കുകളോ ഉപയോഗിച്ച് മറ നൽകാവുന്നതാണ്.**



### ശാഖകൾ മുറിക്കൽ

ബഡ്ഡുമരങ്ങളിൽ ടാപ്പിങ് ആരംഭിക്കുന്നത് 125 സെ.മീ. ഉയരത്തിൽ ആയതിനായിൽ അത്രയും ഉയരം വരെ ശിഖരങ്ങൾ നിലനിർത്തുന്നത് ടാപ്പിങ്ങിന് ബുദ്ധിമുട്ടുണ്ടാക്കും. അതിനാൽ ബഡ്ഡുതൈകളിൽ നിലനിരപ്പിൽ നിന്ന് 2.4 മീറ്ററിനു താഴെ വളരുന്ന എല്ലാ ശിഖരങ്ങളും മുറിച്ചുകളയണം. എന്നാൽ ആവശ്യമായ ഇലച്ചിൽ ഇല്ലാതാകരുത്. നല്ല മൂർച്ചയുള്ള കത്തിയുപയോഗിച്ച് തായ്ത്തണ്ടിനോടു ചേർത്തുവേണം ശാഖകൾ മുറിക്കാൻ. സാധാരണഗതിയിൽ ആദ്യഘട്ടത്തിൽ ശാഖകൾ മുറിച്ചുകളയുമ്പോൾ മുറിവുണങ്ങാൻ മരുന്നു പുരട്ടേണ്ടതില്ല.

### നഴ്സറി

നഴ്സറിത്തടത്തിലെ കളകൾ നീക്കി വൃത്തിയാക്കണം. നഴ്സറിത്തടങ്ങളിൽ പുതയിട്ടു സംരക്ഷിക്കുന്നത് വേനൽ തുടങ്ങുന്നതിനുമുമ്പായി ചെയ്യേണ്ട പ്രധാന കൃഷിപ്പണികളിലൊന്നാണ്. മരച്ചില്ലകൾ, കരിയില, അടിക്കാടുവെട്ടിയ ചവർ, പുല്ല്, മുറിച്ചെടുത്ത ആവരണവിളകൾ ഉണക്കിയത് എന്നിവയാണ് പുതയിടാനായി സാധാരണമായി ഉപയോഗിക്കുന്നത്. മണ്ണിലെ ഈർപ്പം നിലനിർത്തുന്നതിന് പുതയിടൽ സഹായിക്കുന്നു. രണ്ടുമൂന്നു ദിവസത്തിലൊന്ന് എന്ന തോതിൽ നഴ്സറികൾ നനയ്ക്കണം. വിസ്തൃതമായ നഴ്സറികളിൽ സ്പ്രിങ്ക്ളർ ഉപയോഗിച്ചുള്ള തുള്ളിനനയാണ് നല്ലത്. കാലാവസ്ഥ, ചെടികളുടെ പ്രായം എന്നിവയ്ക്കനുസരിച്ച് നനയ്ക്കാൻ ആവശ്യമായ വെള്ളത്തിന്റെ അളവ് വ്യത്യാസപ്പെട്ടിരിക്കുന്നു.

### കൂടത്തൈനഴ്സറി

റബ്ബർത്തൈകൾ കൂടകളിൽ വളർത്തിയെടുക്കുന്നതിന് യോജിച്ച സമയം ഇതാണ്. ആറു മുതൽ ഏഴുവരെ മാസം കൂടുകളിൽ വളർത്തിയ റബ്ബർ തൈകൾ തോട്ടത്തിലേക്ക് മാറ്റിനട്ടാൽ മറ്റുതൈകളേക്കാൾ ഒരു വർഷം മുമ്പ് ടാപ്പുചെയ്യുന്നതിനുള്ള വണ്ണമെത്തും. ഒരേ വളർച്ചയെത്തിയ തൈകൾ മാത്രം തോട്ടത്തിലേക്ക് നടാനായി തെരഞ്ഞെടുക്കാനും കുഴിക്കേട് പരമാവധി ഒഴിവാക്കാനും ഈ രീതി ഉത്തമമാണ്. റബ്ബറിന്റെ അപക്വകാലം കുറച്ചുകൊണ്ടുവരുന്നത് ഈ സമയത്തെ കൃഷിച്ചെലവ് ആനുപാതികമായി കുറയ്ക്കാൻ സഹായിക്കും. തൈകളുടെ മികച്ച വളർച്ചയും വേരുകളുടെ വികാസവും ഉറപ്പുവരുത്താൻ സാധിക്കുന്നത് കറുത്ത നിറമുള്ള കൂടകൾ ഉപയോഗിക്കുമ്പോഴാണ്. നനയ്ക്കുമ്പോൾ അധികജലം ഒഴുകിപ്പോകുന്നതിനായി കൂടകളുടെ പകുതിക്കു താഴെയായി ഏതാനും ദ്വാരങ്ങളിടണം. കൂടകളിൽ ഒട്ടുതൈക്കുറ്റികൾ നടുന്നതിനു മുമ്പായി മുകൾഭാഗത്തെ 20 സെന്റിമീറ്റർ മണ്ണിൽ അമ്പത് ഗ്രാം റോക്ക് ഫോസ്ഫേറ്റ് കൂടി ചേർത്തിളക്കിക്കൊടുക്കണം. തുറന്ന സ്ഥലത്താണ് കൂടകൾ വെച്ചിരിക്കുന്നതെങ്കിൽ കിളിർത്തുവരുന്ന നാമ്പുകൾക്ക് സൂര്യപ്രകാശത്തിൽ നിന്ന് സംരക്ഷണം കിട്ടുന്നതിന് ആവശ്യമായ ഉയരത്തിൽ പന്തൽ നിർമിക്കണം. തൈകൾ ഇടയ്ക്കിടെ നനച്ചുകൊടുക്കണം. വൈകുന്നേരമാണ് അതിനു പറ്റിയ സമയം. തൈകൾക്ക് *കൊറിനിസ്പോറ*, പൊടിക്കു





മിൾ തുടങ്ങിയ രോഗങ്ങൾ കണ്ടുവരാറുണ്ട്. ബോർഡോ മിശ്രം (ഒരു ശതമാനം), മാങ്കോസെബ് (0.2 ശതമാനം), കാർബെൻഡാസിം (0.05 ശതമാനം) എന്നിവയിൽ ഏതെങ്കിലുമൊന്ന് ആവർത്തിച്ച് തളിച്ച് കൊറിനിസ്പോറ രോഗത്തെ നിയന്ത്രിക്കാം.

ഇലകൾ കൊഴിഞ്ഞശേഷം തളിർത്തുവരുന്ന കൂമ്പിലകളുടെയും പൂങ്കുലകളുടെയും സ്വാഭാവിക വളർച്ചയ്ക്കും മിക്കപ്പോഴും നാശത്തിനുതന്നെയും കാരണമാകുന്ന ഒരു കുമിൾരോഗമാണ് പൊടിക്കുമിൾ. ഈ രോഗംമൂലം പല ഇനങ്ങളുടെയും ടാപ്പുചെയ്യുന്ന മരങ്ങളിൽ ഏകദേശം 14 മുതൽ 32 വരെ ശതമാനം വിളവ് കുറയുന്നതായി കണ്ടിട്ടുണ്ട്. ഈ രോഗം ബാധിച്ച് ഇലകൾ കൊഴിയുന്നത് മരങ്ങളുടെ വളർച്ചയെയും റബ്ബറുത്പാദനത്തെയും ബാധിക്കുന്നതിനിടയാക്കും.

അതുപോലെ റബ്ബറിന്റെ വിത്തുത്പാദനം, തേനുത്പാദനം എന്നിവയ്ക്കും ദോഷകരമാണ്. പൊടിക്കുമിൾ രോഗം ബാധിച്ച തൈകളുടെ ഇലകൾ സാവകാശം ഉണങ്ങി ചുരുളുകയും കൊഴിയുകയും ചെയ്യുന്നു. കുമിളിന്റെ രേണുക്കൾ ഇലപ്പരപ്പിൽ വെളുത്ത പൊടിപോലെ പാടുകളായി പറ്റിപ്പിടിച്ചിരിക്കുന്നതാണ് പ്രധാന രോഗലക്ഷണം. രോഗം ബാധിച്ച ഇലകൾ കരിഞ്ഞ് ചുരുളുകയും പിന്നീട് കൊഴിഞ്ഞുപോകുകയും ചെയ്യും. ഇലത്തണ്ടുകൾ മഞ്ഞനിറത്തോടെ കൊഴിയാതെ കുറ്റിച്ചൂലുപോലെ കുറെദിവസം മരങ്ങളിൽ നിൽക്കുന്നതായി കാണാം. മൂപ്പെത്തിയ ഇലകൾ കൊഴിയാറില്ല. എങ്കിലും, ഇലപ്പരപ്പിൽ പല ആകൃതിയിലും വലുപ്പത്തിലുമുള്ള വെളുത്ത പാടുകൾ ഉണ്ടാകുകയും പിന്നീട് ഈ പാടുകൾ തവിട്ടുനിറമാകുകയും ചെയ്യുന്നു. വെള്ളത്തിൽ കലർത്താവുന്ന ഗന്ധകപ്പൊടി രണ്ടര ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തിയത് ഏഴോ എട്ടോ ദിവസത്തിലൊരിക്കൽ തളിച്ച് ഈ രോഗത്തെ നിയന്ത്രിക്കാം. കാർബെൻഡാസിം (0.05 ശതമാനം) ഉപയോഗിച്ചും രോഗം നിയന്ത്രിക്കാം. ഗന്ധകപ്പൊടിയും കാർബെൻഡാസിമും മാറിമാറി പ്രയോഗിക്കുന്നതാണ് കൂടുതൽ ഫലപ്രദം. പൊടിക്കുമിൾ രോഗബാധയ്ക്ക് സാധ്യതയുള്ള സ്ഥലങ്ങളിൽ ശീതകാലം തുടങ്ങുന്നതിനു മുമ്പേ തന്നെ സൾഫറും തൂളൽ ഉപകരണങ്ങളും ശേഖരിക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

### വേനൽകാലസംരക്ഷണം

വേനൽചൂടിൽ റബ്ബർതൈകൾ ഉണങ്ങിപ്പോകാനുള്ള സാധ്യത കൂടുതലാണ്. നഴ്സറിയിലെ തൈകളെയും തോട്ടത്തിൽ നട്ടിരിക്കുന്ന ചെറുതൈകളെയും വളരെ വേഗം ഉണക്ക് ബാധിക്കും. തൈകൾ വളർന്ന് ഇലപ്പടർപ്പുകൾ തമ്മിൽ കൂട്ടിമുട്ടി തോട്ടത്തിലാകെ തണൽ ലഭിച്ചു തുടങ്ങുന്നതുവരെയാണ് ഉണക്ക് കൂടുതലായി ബാധിക്കുന്നത്. ടാപ്പുചെയ്തുകൊണ്ടിരിക്കുന്ന മരങ്ങൾക്ക് വേനൽ കാലത്ത് വിളവു കുറയും. കൃഷിയിടത്തിൽ നട്ടിരിക്കുന്ന റബ്ബർതൈകൾക്കും വേനൽകാലസംരക്ഷണം നൽകണം. ഈ വർഷം നട്ട തൈകൾ ഈറയോ മെടഞ്ഞ ഓലയോകൊണ്ട് മറയ്ക്കാം. കൂടത്തൈകളും കപ്പുതൈകളും നട്ടിരിക്കുന്ന തോട്ടങ്ങളിലെ തൈകളെ വേനലിൽ നിന്ന് രക്ഷിക്കുന്നതിന് മെടഞ്ഞ തെങ്ങോലകളോ ഈന്തിന്റെ ഇലകളോ ചാക്കുകളോ ഉപയോഗിച്ച് മറ നൽകാവുന്നതാണ്. ഒട്ടുതൈക്കുറ്റികളാണു നടുന്നതെങ്കിൽ അപ്പോൾ തന്നെ മുളയോ ഈറയോകൊണ്ടുള്ള കൂടകൾ ഉപയോഗിച്ച് തണൽ നൽകണം. ശക്തമായ വെയിൽ ഏൽക്കുന്ന സ്ഥലങ്ങളിൽ രണ്ടു മുതൽ നാലു വരെ വർഷം പ്രായമായ തൈകൾക്ക് ഒട്ടുബന്ധം മുതൽ കവരഭാഗം വരെ വെള്ള പൂശുന്നത് ഫലപ്രദമാണ്. ഇതിനുള്ള ചുണ്ണാമ്പുലായനിയിൽ തുരിശ് ചേർക്കേണ്ടതില്ല. തൈകളുടെ തവിട്ടുനിറമുള്ള കരിന്തൊലിക്കു പുറത്താണ് ചുണ്ണാമ്പ് പൂശേണ്ടത്.

തൈകളുടെ ചുവടുഭാഗത്ത് പുല്ലോ ചവറോ കരിയിലയോ ആവരണവിളയോ കൊണ്ട് പുതയിടുന്നതും നല്ലതാണ്. ചെടിയുടെ ചുവട്ടിൽ നിന്ന് അകലെ മാറ്റി വേണം പുതയിടാൻ. വേനലിലെ കടുത്ത ചൂടിൽ ചെടിയുടെ ചുവടുഭാഗം വീണ്ടുകീറുന്നതു തടയാൻ പുതയിടൽ സഹായിക്കും. പുതവെയ്ക്കുന്നത് ജൈവാംശം വർദ്ധിപ്പിക്കുകയും മണ്ണിന്റെ വളക്കൂറ് കൂട്ടുകയും ഘടന മെച്ചപ്പെടുത്തുകയും ചെയ്യും. കളകളുടെ വളർച്ച തടയാനും ഇതിലൂടെ കഴിയും. തോട്ടപ്പയർ നട്ടുവളർത്തിയും വേനലിനെ ചെറുക്കാം.

### ഫയർബെൽറ്റ്

വേനൽകാലത്ത് റബ്ബർതോട്ടങ്ങളിൽ തീ പടർന്നു പിടിക്കാതിരിക്കാൻ വേണ്ട മുൻകരുതലുകൾ സ്വീകരിക്കണം. തോട്ടത്തിനു ചുറ്റും വേണ്ട ഫയർബെൽറ്റ് നിർമിക്കുകയാണ് ഇതിനുള്ള വഴി. തോട്ടത്തിനു ചുറ്റിലും മൂന്നു മുതൽ അഞ്ച് വരെ മീറ്റർ വീതിയിൽ കുറ്റിച്ചെടികളും ചപ്പുചവറുകളും നീക്കി വൃത്തിയാക്കിയിടണം. •

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് പരിശീലനപരിപാടികൾ

## 2024 ഡിസംബർ മാസത്തെ പരിശീലനപരിപാടികൾ

1. **തേനീച്ചവളർത്തൽ**
റബ്ബർകൃഷിയോടൊപ്പം അനുബന്ധവരുമാന മാർഗമായി റബ്ബർതോട്ടങ്ങളിൽ തേനീച്ച വളർത്തുന്നതിൽ ഏകദിനപരിശീലനം (ഓൺലൈൻ) ഡിസംബർ 02-ന് നടക്കും. റബ്ബർകർഷകർ, റബ്ബറുത്പാദക സംഘങ്ങളിലെയും സ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

2. **സ്പ്രേയറുകൾ**
സ്പ്രേയറുകളുടെ ഉപയോഗം, പരിപാലനം എന്നിവയെക്കുറിച്ച് അറിവ് നൽകുന്നതിനുള്ള ഏകദിന പരിശീലനം ഡിസംബർ 10-ന് നടക്കും. റബ്ബർ കർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെയും സ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

3. **ഷീറ്റുറബ്ബർ സംസ്കരണം, തരംതിരിക്കൽ**
ഷീറ്റുറബ്ബർ സംസ്കരണം, തരംതിരിക്കൽ എന്നിവയിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർ പാൽ സംഭരണം, ഷീറ്റുറബ്ബർ നിർമാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച ഗ്രീൻ ബുക്ക് നിബന്ധനകൾ എന്നിവയുൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ഡിസംബർ 12,13 തീയതികളിൽ നടക്കും. കർഷകർ, വ്യാപാരികൾ, റബ്ബർപാൽ സംസ്കരണത്തിലേർപ്പെട്ടിരിക്കുന്നവർ, ഷീറ്റുനിർമാതാക്കൾ, ഉത്പന്ന



നിർമാതാക്കൾ തുടങ്ങിയവർക്ക് പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 1000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

4. **ഉണക്കറബ്ബർ നിർണയം**
റബ്ബർപാലിലെ ഉണക്കറബ്ബർ തിട്ടപ്പെടുത്തുന്നത് സംബന്ധിച്ചുള്ള പരിശീലനം ഡിസംബർ 18 മുതൽ 20 വരെയുള്ള തീയതികളിൽ നടക്കും. പരിശീലന മാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 3000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

5. **ഇടവിളക്കൃഷി**
റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുന്നതിൽ ഏകദിനപരിശീലനം (ഓൺലൈൻ) ഡിസംബർ 23-ന് നടക്കും. റബ്ബറിനോടൊപ്പം കൃഷിചെയ്യാവുന്ന ഇടവിളകൾ, അവയുടെ നടീൽരീതികൾ, പരിപാലനം എന്നിവ ഉൾപെടുത്തിക്കൊണ്ടുള്ളതാണ് പരിശീലനം. കർഷകർ, തോട്ടം മാനേജർമാർ, നഴ്സറി യുടമകൾ, തോട്ടം മേഖലയിൽ നിന്നുള്ളവർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

പട്ടികജാതി-പട്ടികവർഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 100 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ തെരഞ്ഞെടുക്കപ്പെട്ട പരിശീലനങ്ങൾക്ക് ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ 9446976726 (വ്യവസായം), 9495928077 (കൃഷി), 7306464582 (വിജ്ഞാനവ്യാപനം) ബന്ധപ്പെടുക.





മുരളീധരൻ തഴക്കര

# നമ്മുടെ കുട്ടികൾ പ്രിയപ്പെട്ടവർക്ക് ഒരു കത്തെഴുതട്ടെ...

ജീവിതവേഗം കൂടിയ ഈ പുതിയകാലത്ത് എല്ലാ പ്രതികരണങ്ങളും 'ഇമോജി'യിൽ ഒതുക്കുന്ന കാലമാണിത്. ലോകത്തെവിടേക്കും സന്ദേശങ്ങളും വിശേഷങ്ങളും ക്ഷണത്തിൽ അയയ്ക്കാൻ പാകത്തിൽ യാന്ത്രികതയുടെ കാലം! ഇന്നിതാ പോസ്റ്റ് ഓഫീസും തപാൽ പെട്ടിയും പോസ്റ്റ്മാനും സ്റ്റാമ്പും ഇൻലന്റും കവറും കാർഡുമെല്ലാം നമ്മുടെ പോക്കറ്റിൽ കിടക്കുന്ന മൊബൈൽ ഫോണായി മാറിയിരിക്കുന്നു! ഒക്ടോബർ ഒൻപത് ലോക തപാൽദിനമായിരുന്നു, ഒക്ടോബർ പത്ത് ദേശീയ തപാൽദിനവും – ഇപ്പോൾ കഴിഞ്ഞ ഈ തപാൽ ദിനങ്ങളാണ് ഇങ്ങനെയൊരു ഗ്രാമകേരളക്കുറിപ്പെഴുതാൻ പ്രേരണയായത്.

ഒരു കാലത്ത് കത്തുമായി വീട്ടുപടിക്കലെത്തി പോസ്റ്റ് എന്ന് ഉച്ചത്തിൽ വിളിച്ചറിയിക്കുന്ന പോസ്റ്റുമാൻ നമ്മുടെ ജീവിതവുമായി ഏറെ ഇഴയടുപ്പമുള്ള ആളായിരുന്നു. ചിലയിടങ്ങളിൽ പോസ്റ്റ്മാൻ ഒരു മണിയടിയൊച്ചയാണ്! സൈക്കിളിൽ വീടിന്റെ പടിക്കലെത്തി ബെല്ലടിക്കുമ്പോൾ നമുക്കറിയാം പോസ്റ്റുമാൻ കത്തുമായി എത്തിയെന്ന്. ഈ കാക്കിക്കുപ്പായക്കാരൻ കത്തും മണിയോർഡറും എത്തിച്ചു തരുന്ന ഒരു പോസ്റ്റൽ ജീവനക്കാരൻ എന്നതിലുപരി എല്ലാ വീടുകളിലെയും വീട്ടുവിശേഷങ്ങളറിയുന്ന ഒരു ആത്മബന്ധുവായിരുന്നു.

ഒരു സർക്കാർ ജോലിക്കായുള്ള നിയമന ഉത്തരവിന്റെ അറിയിപ്പുള്ള രജിസ്റ്റേർഡ് കത്തുമായി വന്ന പോസ്റ്റുമാനെ ആർക്കാണ് മറക്കാൻ കഴിയുക? യുദ്ധസമയങ്ങളിലും മറ്റും പട്ടാളക്കാരനായ ഭർത്താവിന്റെ എഴുത്തിനായി വഴിക്കണ്ണുമായി കാത്തിരിക്കുന്ന ഭാര്യമാർക്ക് പോസ്റ്റുമാൻ ദൈവദൂതനാണ്! ഇങ്ങനെ എത്രയെത്ര പോയകാല അനുഭവങ്ങളാണ് നമുക്ക് പറയാനുള്ളത്.

എന്നാൽ, ഇന്നത്തെ സ്ഥിതിയോ സ്കൂളിലോ കോളജിലോ പഠിക്കുന്ന കുട്ടികളോട് ഒരു കത്തെഴുതാൻ പറഞ്ഞാൽ തെല്ല് അത്ഭുതത്തോടെയും അതിലേറെ സഹതാപത്തോടെയും അവർ നമ്മളെ നോക്കിയെന്നിരിക്കും. കാലം വല്ലാതെ മാറിയതറിഞ്ഞില്ലേ എന്നാണ് ആ നോട്ടത്തിലൂടെ മൂകമായി ചോദിക്കുന്നത്. അവരെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല കർണന്റെ കവചകുണ്ഡലം കണക്കേ ഇതെല്ലാം ഞൊടിയിടകൊണ്ട് ചെയ്യാവുന്ന സർവസജ്ജമായ യന്ത്രം ശരീരത്തിന്റെ ഭാഗമായുള്ളപ്പോൾ എന്തിന് കത്തെഴുതി സമയം കളയണം. പക്ഷേ ഒന്നുണ്ട് സ്വന്തം കൈപ്പടയിൽ വിശേഷങ്ങളോ വിവരങ്ങളോ ഇൻലന്റിലോ കാർഡിലോ പേപ്പറിലോ എഴുതുമ്പോൾ അതിനൊരു ആത്മസ്പർശമുണ്ട്. സന്തോഷത്തിന്റെയും സങ്കടത്തിന്റെയും കണ്ണീരിന്റെയും മഷി കൊണ്ടെഴുതുന്ന അക്ഷരങ്ങൾക്ക് ജീവന്റെ തുടിപ്പുണ്ട്! ഒരു സംബോധനയിലൂടെ കൈയ്യക്ഷരത്തിലൂടെ വാക്കുകളിലൂടെ വരികളിലൂടെ കൈവരുന്ന ഹൃദയബന്ധമാണത്. മൃതപ്രായമായ യാന്ത്രികസന്ദേശങ്ങൾ പോലെ അത് ക്ഷണത്തിൽ മായിക്കാനും കഴിയില്ല. എന്തിനേറെ ഒരു പ്രേമലേഖനം പോലും സ്വന്തം കൈപ്പടയിൽ എഴുതാത്ത ഒരു തലമുറയുടെ കാലമാണിത്!

കൈയ്യെഴുത്ത് മത്സരവും സ്റ്റാമ്പ് ശേഖരണവും സ്റ്റാമ്പ് പ്രദർശനവുമൊക്കെ കത്തെഴുത്തുമായി ബന്ധപ്പെട്ട അനുബന്ധ നന്മകളായിരുന്നു. പുതുവത്സരവും ക്രിസ്തുമസ്സും എത്തുമ്പോൾ ആശംസാകാർഡുകൾ കൊണ്ട് പോസ്റ്റ് ഓഫീസ്സും പോസ്റ്റുമാന്റെ കാക്കി സഞ്ചിയും നിറഞ്ഞുകവിയുമായിരുന്നു. ആശംസാകാർഡ് വിൽപനക്കാർക്കും അതൊരു ചാകരക്കാലമായിരുന്നു.

ഒരച്ഛൻ മകൾക്കയച്ച കത്തുകളേക്കുറിച്ചു കൂടി ഇവിടെ സാന്ദർഭികമായി പരാമർശിക്കേണ്ടതുണ്ട്. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ശിക്ഷയുടെ ഭാഗമായി ജവഹർലാൽ നെഹ്റുവിനെ 1938-ൽ ലാഹോറിലെ ജയിലിലടച്ചു. ഈ ജയിൽവാസത്തിനിടയിൽ നെഹ്റു മസൂറിയിലായിരുന്ന പത്തുവയസ്സുകാരിയായ മകൾ ഇന്ദിരാ പ്രിയദർശിനിക്കയച്ച കത്തുകൾ ഇന്ദിരാഗാന്ധിയിൽ ചെലുത്തിയ സ്വാധീനം ചെറുതല്ല! ഇന്ദിരാഗാന്ധിയെന്ന നേതാവിനെയും ഭരണതന്ത്രജ്ഞയെയും രൂപപ്പെടുത്തുന്നതിൽ സമാനതകളില്ലാത്ത പങ്കാണ് മുപ്പതിലധികം വരുന്ന ഈ കത്തുകൾ വഹിച്ചത്!

ഒരച്ഛൻ മകൾക്കയച്ച കത്തുകളാണ് ലോകചരിത്രസംഗ്രഹം! പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ വിശ്വവിഖ്യാതമായ പുസ്തകം. ഭൂമിയുടെ ഉത്ഭവം, ഭാഷയും ചരിത്രവും, പ്രകൃതിയുടെ വൈവിധ്യം, ഇന്ത്യയുടെ പൈതൃകം തുടങ്ങി സമസ്തതലസ്പർശിയായ വിജ്ഞാനമാണ് ജയിലിൽ നിന്നെഴുതിയ ഓരോ വിലപ്പെട്ട കത്തു

കളിലൂടെയും പിതാവ് മകൾക്ക് പകർന്നു നൽകിയത്. അതായത് ജ്യോഗ്രഫിയും സയൻസും പൊതുവിജ്ഞാനവും പൊളിറ്റിക്സും പരിസ്ഥിതിയും തുടങ്ങി എല്ലാ വിഷയങ്ങളും പഠിക്കാനും അപഗ്രഥിക്കാനും ഒരു പാഠപുസ്തകം കണക്കേ ഓരോ കത്തുകളും വിദ്യാർത്ഥിനിയും അന്വേഷണകുതുകിയുമായ ഇന്ദിരാപ്രിയദർശിനിക്ക് ഗുണകരമായി മാറി! മക്കൾക്ക് ഒരു കത്തെഴുതാൻ ഇന്ന് ഏതെങ്കിലും ഒരച്ഛന് സമയമുണ്ടോ? അഥവാ അച്ഛനയക്കുന്ന കത്ത് വായിക്കാൻ ഇന്ന് നമ്മുടെ മക്കൾക്ക് നേരമുണ്ടോ?

ഈ കുറിപ്പെഴുതുന്ന എന്നെ സംബന്ധിച്ച് പോസ്റ്റ് ഓഫീസിൽ പോയി ഇൻലന്റും സ്റ്റാമ്പും വാങ്ങാനും കത്തെഴുതാനും പഠിച്ചതും പഠിപ്പിച്ചതും ആകാശവാണിയുടെ ബാലലോകം പരിപാടിയാണ്. അന്ന് നാട്ടിലുടനീളം ബാലലോകം റേഡിയോ ക്ലബ്ബുകളുണ്ടായിരുന്നു. ഞായറാഴ്ചകളിൽ രാവിലെ ആകാശവാണി പ്രക്ഷേപണം ചെയ്യുന്ന ബാലലോകത്തിലേക്ക് റേഡിയോ അമ്മാവന് മുടങ്ങാതെ കത്തെഴുതുക എന്നത് കൃത്യനിഷ്ഠയോടെ ചെയ്യുന്ന കാര്യമായിരുന്നു. പ്രിയപ്പെട്ട റേഡിയോ അമ്മാവൻ കൂട്ടുകാർ അയക്കുന്ന കത്തുകൾ ശ്രദ്ധാപൂർവം വായിക്കും. അന്ന് റേഡിയോ അമ്മാവനായിരുന്ന ശ്രദ്ധേയനായ പ്രക്ഷേപകൻ പി. ഗംഗാധരൻ നായർ കത്തുകൾ വായിക്കുക മാത്രമല്ല കത്തിലെ അക്ഷരത്തെറ്റുകൾ പോലും പറഞ്ഞുതരുമായിരുന്നു. ഞങ്ങൾ കുട്ടികൾക്ക് ആകാശത്തെ വിദ്യാലയമായിരുന്നു ആകാശവാണിയുടെ ബാലലോകം! എന്റെ ഗ്രാമത്തിലെ തഴക്കര മാതൃഭൂമി സ്റ്റഡീസർക്കിൾ ആന്റ് റേഡിയോക്ലബ്ബ് ആണ് എനിക്കും എന്നെപ്പോലെ ഒട്ടേറെപ്പേർക്കും കത്തെഴുതാനുള്ള പരിശീലനക്കളരിയായത്! ഈ ശീലവൽക്കരണത്തിന് വഴിയൊരുക്കിയത് ആകാശവാണിയും റേഡിയോ അമ്മാവനുമാണെന്ന് മനസ്സുനിറഞ്ഞ കൃതാർത്ഥതയോടെ ഇവിടെ കുറിക്കട്ടെ! അതേ ആകാശവാണിയിൽ മൂന്നു പതിറ്റാണ്ടു കാലം പ്രക്ഷേപകനായി സേവനമനുഷ്ഠിക്കാൻ അവസരം കിട്ടിയെന്നത് ഒരു ജീവിതപുണ്യം!

ഒരു കാര്യം കൂടി കൂട്ടിച്ചേർത്ത് ഈ കുറിപ്പ് അവസാനിപ്പിക്കയാണ്. മുമ്പ് എസ്സ്.എസ്സ്.എൽ.സി. പരീക്ഷയിലടക്കം ഒരു കത്തെഴുതുകയെന്നത് അഞ്ച് മാർക്കിന്റെ ചോദ്യമായിരുന്നു. എങ്ങനെയാണ് കത്തെഴുതേണ്ടതെന്ന് ക്ലാസ്സ്മുറികളിൽ പഠിപ്പിച്ചിരുന്നു. സ്ഥലവും തീയതിയും




സംബോധനയും എങ്ങനെ എഴുതണം, എപ്രകാരമാണ് കത്തെഴുതി അവസാനിപ്പിക്കേണ്ടത് തുടങ്ങിയ കാര്യങ്ങളൊക്കെ അദ്ധ്യാപകർ പഠിപ്പിച്ചിരുന്നു. ഇന്ന് കുട്ടികളെ കത്തെഴുതാൻ പഠിപ്പിക്കുന്നുണ്ടോ ആവോ? എന്തായാലും നമ്മുടെ കുട്ടികൾ അവരുടെ പ്രിയപ്പെട്ട കൂട്ടുകാർക്ക് ഒരു കത്തെഴുതട്ടെ, അതിനവരെ പ്രേരിപ്പിച്ചാലും. മാത്രമല്ല ലോകതപാൽദിനത്തിൽ എല്ലാ കുട്ടികളും ഒരു കത്തെഴുതി പോസ്റ്റ് ഓഫീസിൽ നേരിട്ടു പോയി തപാൽപെട്ടിയിലിടാൻ വിദ്യാഭ്യാസവകുപ്പ് തന്നെ നിഷ്ക്കർഷിച്ചിരുന്നെങ്കിൽ എന്നാഗ്രഹിക്കുകയാണ്. •

## റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ - ഇൻ പരിപാടി



### ഒട്ടുപാൽ സംഭരണവും വിപണനവും

ഒട്ടുപാൽ സംഭരണവും വിപണനവും സംബന്ധിച്ച ചോദ്യങ്ങൾക്ക് 2024 നവംബർ 13 ബുധനാഴ്ച രാവിലെ പത്തുമുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡ് കമ്പനിയായ കവണാർ ലാറ്റക്സ് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടർ സി. മാത്യു ജോസഫ് മറുപടി പറയും

### ധനസഹായപദ്ധതികളുടെ ആനുകൂല്യം നേടാൻ ഓൺലൈൻ അപേക്ഷകൾ

റബ്ബർകൃഷിവികസനത്തിനും പരിപാലനത്തിനുമായി റബ്ബർബോർഡ് നടപ്പാക്കുന്ന വിവിധ ധനസഹായപദ്ധതികളുടെ ആനുകൂല്യം നേടാൻ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ച ചോദ്യങ്ങൾക്ക് 2024 നവംബർ 27 ബുധനാഴ്ച രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ സിസ്റ്റംസ് ഓഫീസർ എ. ഗോപാലകൃഷ്ണൻ മറുപടി പറയും.

***കോൾസെന്റർ ഫോൺ നമ്പർ 0481 2576622***

# റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2024 ഒക്ടോബർ 1 | 22400 | 22100 | 14265 | 22400 | 22100 | 25457 | 25379 |
| 2024 ഒക്ടോബർ 2 | അവധി | അവധി | അവധി | അവധി | അവധി | 25444 | 25367 |
| 2024 ഒക്ടോബർ 3 | 22100 | 21800 | 14265 | 22100 | 21800 | 25326 | 25249 |
| 2024 ഒക്ടോബർ 4 | 21700 | 21400 | 14160 | 21700 | 21400 | 24782 | 24706 |
| 2024 ഒക്ടോബർ 5 | 21500 | 21200 | അവധി | 21500 | 21200 | അവധി | അവധി |
| 2024 ഒക്ടോബർ 6 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 ഒക്ടോബർ 7 | 21300 | 21000 | 14055 | 21300 | 21000 | 23784 | 23708 |
| 2024 ഒക്ടോബർ 8 | 21000 | 20700 | 13950 | 21000 | 20700 | 23516 | 23441 |
| 2024 ഒക്ടോബർ 9 | 20900 | 20500 | 13845 | 20900 | 20500 | 23206 | 23131 |
| 2024 ഒക്ടോബർ 10 | 20600 | 20200 | 13735 | 20600 | 20200 | 23077 | 23002 |
| 2024 ഒക്ടോബർ 11 | 20300 | 19900 | 13630 | 20300 | 19900 | 22593 | 22518 |
| 2024 ഒക്ടോബർ 12 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 ഒക്ടോബർ 13 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 ഒക്ടോബർ 14 | 20100 | 19700 | 13420 | 20100 | 19700 | അവധി | അവധി |
| 2024 ഒക്ടോബർ 15 | 20000 | 19600 | 13210 | 20000 | 19600 | 22913 | 22838 |
| 2024 ഒക്ടോബർ 16 | 19800 | 19400 | 13105 | 19800 | 19400 | 22653 | 22577 |
| 2024 ഒക്ടോബർ 17 | 19600 | 19200 | 13105 | 19600 | 19200 | 22398 | 22322 |
| 2024 ഒക്ടോബർ 18 | 19400 | 19000 | 12995 | 19400 | 19000 | 22328 | 22252 |
| 2024 ഒക്ടോബർ 19 | 19100 | 18700 | അവധി | 19100 | 18700 | അവധി | അവധി |
| 2024 ഒക്ടോബർ 20 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 ഒക്ടോബർ 21 | 18700 | 18300 | 12680 | 18700 | 18300 | 22009 | 21933 |
| 2024 ഒക്ടോബർ 22 | 18400 | 18000 | 12365 | 18400 | 18000 | 21605 | 21529 |
| 2024 ഒക്ടോബർ 23 | 18400 | 18000 | 12260 | 18400 | 18000 | അവധി | അവധി |
| 2024 ഒക്ടോബർ 24 | 18400 | 18000 | 12260 | 18400 | 18000 | 21135 | 21060 |
| 2024 ഒക്ടോബർ 25 | 18400 | 18000 | 12365 | 18400 | 18000 | 20589 | 20515 |
| 2024 ഒക്ടോബർ 26 | 18400 | 18000 | അവധി | 18400 | 18000 | അവധി | അവധി |
| 2024 ഒക്ടോബർ 27 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 ഒക്ടോബർ 28 | 18400 | 18000 | 12470 | 18400 | 18000 | 20163 | 20088 |
| 2024 ഒക്ടോബർ 29 | 18300 | 17900 | 12520 | 18300 | 17900 | 19692 | 19617 |
| 2024 ഒക്ടോബർ 30 | 18200 | 17800 | 12520 | 18200 | 17800 | 19254 | 19179 |
| 2024 ഒക്ടോബർ 31 | അവധി | അവധി | അവധി | അവധി | അവധി | 19226 | 19151 |
| **ശരാശരി** | **19696** | **19317** | **13146** | **19696** | **19317** | **22285** | **22209** |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, റബ്ബർബോർഡ്*

## പ്രകൃതിദത്തറബ്ബർമേഖല – പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | ജൂലൈ 2024 | ജൂലൈ 2023 | ഏപ്രിൽ 2024 മുതൽ ജൂലൈ 2024 വരെ | ഏപ്രിൽ 2023 മുതൽ ജൂലൈ 2023 വരെ | ഏപ്രിൽ 2023 മുതൽ മാർച്ച് 2024 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം (+)/-) ശതമാനത്തിൽ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| **ഉത്പാദനം (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 41700 | 42000 | 115300 | 120650 | 542175 | |
| ബ്ലോക്കുറബ്ബർ | 13625 | 14950 | 54735 | 51200 | 190920 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 8050 | 7250 | 30750 | 27600 | 101895 | |
| മറ്റുള്ളവ | 1625 | 1800 | 5215 | 5550 | 22010 | |
| ആകെ | 65000 | 66000 | 206000 | 205000 | 857000 | 0.5 |
| **ഉപഭോഗം* (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 49250 | 49525 | 201700 | 189615 | 589345 | |
| ബ്ലോക്കുറബ്ബർ | 63000 | 61500 | 234350 | 245000 | 684010 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 8100 | 8800 | 32600 | 34560 | 108405 | |
| മറ്റുള്ളവ | 2650 | 3175 | 10350 | 10825 | 34240 | |
| ആകെ | 123000 | 123000 | 479000 | 480000 | 1416000 | -0.2 |
| **ടയർനിർമ്മാണത്തിനുപയോഗിച്ചത്** | **86928** | **82748** | **332769** | **324717** | **952495** | **2.5** |
| **ഇറക്കുമതി/കയറ്റുമതി (ടൺ)** | | | | | | |
| **ഇറക്കുമതി (p)** | 52718 | 51119 | 173879 | 169907 | 492682 | |
| **കയറ്റുമതി (p)** | 51 | 237 | 1299 | 1300 | 4199 | |
| **2024 ജൂലൈ അവസാനത്തെ സ്റ്റോക്ക് (ടൺ)** | | | | | | |
| കർഷകർ | | 87000 | ഷീറ്റുറബ്ബർ | | | 163970 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | | 76000 | ബ്ലോക്കുറബ്ബർ | | | 58900 |
| ടയർനിർമ്മാതാക്കൾ (c) | | 70000 | റബ്ബർപാൽ (ഡി. ആർ. സി.) | | | 20850 |
| മറ്റു വ്യവസായികൾ | | 36000 | മറ്റുള്ളവ | | | 25280 |
| ആകെ | | 269000 | ആകെ | | | 269000 |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്
c- ട്രാൻസിറ്റ് ഉൾപ്പെടെ.
*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിവിഷൻ, റബ്ബർബോർഡ്*

ANNA INDUSTRIES
(An ISO 9001:2008 Certified Company)
Manufactures & Dealers of:-
Rain Guarding Compound & Rubber Coat
Formic Acid & Formic Acid With PNP etc
കർഷകരുടെ ഉത്തമ സുഹൃത്ത്.

Anna Industries
കർഷകർക്ക് വർഷങ്ങളുടെ വിശ്വസ്തത
Kolenchery, Cochin, Kerala, Pin: 682 311
Ph: 9388601632, 9495003366
0484-2764590, 2760216
www.annabusiness.com, Email: sales@annabusiness.com, annaindustries@ymail.com, annaindustriesklcy@gmail.com

# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്



# എം-റൂബ് : റബ്ബർബോർഡിന്റെ ഓൺലൈൻ ട്രേഡിങ് പ്ലാറ്റ്ഫോം

**mRube**

*An e market for natural rubber*

## എം-റൂബിൽ ഇതുവരെ

**405 കോടി രൂപയുടെ റബ്ബർവ്യാപാരം**

**1656 കരാറുകളിലായി 28460 ടൺ റബ്ബർ വ്യാപാരം**

**2150-ലധികം രജിസ്റ്റേർഡ് അംഗങ്ങൾ**

**ഷീറ്റുറബ്ബർ ബ്ലോക്കുറബ്ബർ ലാറ്റക്സ് എന്നിവയുടെ വ്യാപാരം**

**ലൈസൻസുള്ള വ്യാപാരികൾ,ടയർനിർമ്മാതാക്കൾ, റബ്ബറുത്പന്നനിർമ്മാതാക്കൾ, ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള റബ്ബറുത്പാദകസംഘങ്ങൾ എന്നിവർക്ക് https://www.mrube.in/en-US/login എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യാം.**

Reach us! 8301952290 rubberboardmrube@gmail.com

RUBBER MONTHLY (MALAYALAM)
Published on 11 November 2024
RNI. 7842

Registered KL / KTM / 44 / 2024-26
Licence No. KL / CR / KTM / WPP - 09 / 2024-26
Licensed to post without pre-payment


# റബ്ബർകർഷകർക്ക് ഒരു സമ്പൂർണ പ്രസിദ്ധീകരണം




റബ്ബർ
മാസിക

റബ്ബർബോർഡ് പ്രസിദ്ധീകരണം

വാർഷിക വരിസംഖ്യ 100 രൂപ
10 വർഷത്തേക്ക് 750 രൂപ

കൂടുതൽ വിവരങ്ങൾക്ക്
റബ്ബർബോർഡ് കോൾസെന്റർ
ഫോൺ: 0481 2576622


Printed and Published by P. Prasad, Deputy Director (I/C), Publicity and Public Relations, Rubber Board, Kottayam – 686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam – 686 002. Editor: P. Prasad